www.malankaralibrary.com

ക്ലീമിസ് പിതാവ് | ഇടവകയും ഗൊവേന്തയും | Top 10 Stylized Jesus Films

Vol.7 No.05 May 2010

# കാരുണികൻ

Rs. 25/-
www.karunikan.com
സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക



www.malankaralibrary.com



വൈദികവർഷം സമാപിക്കാൻ ഒരുങ്ങുകയാണ്. രണ്ടുതരം വൈദികശുശ്രൂഷകളാണ് കത്തോലിക്കാ സഭയിലുള്ളത് - ഇടവക വൈദികരും, സന്യാസവൈദികരും. കേരളസഭയുടെ പശ്ചാത്തലത്തിൽ ഈ ശുശ്രൂഷകളെ വിശകലനം ചെയ്യുകയാണ് ഈ ലക്കത്തിൽ.


ഇടവക വൈദികർ ആരംഭിച്ചതാണ് കേരളത്തിലെ എല്ലാ വൈദിക സന്യാസസമൂഹങ്ങളും. സ്ഥാപകപിതാക്കന്മാരായ ഇടവക വൈദികർ തങ്ങളുടെ സന്യാസസമൂഹങ്ങൾക്ക് നിദർശനം ചെയ്ത വൈദിക ശുശ്രൂഷകൾ ഏതൊക്കെയായിരുന്നു? ഇടവകവൈദിക ശുശ്രൂഷയുടെയും സന്യസ്തവൈദിക ശുശ്രൂഷയുടെയും പരസ്പര പൂരകത്വം എങ്ങനെ വളർത്തിയെടുക്കാം? ഇതാണ് ഇത്തവണ കാരുണികൻ അന്വേഷിക്കുന്നത്. ഈ രംഗത്തെ ഏറ്റവും നല്ല മാതൃകയെന്നു കരുതാവുന്ന മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ച് ബിഷപ്പ് ക്ലീമിസ് പിതാവ് ഇതിന് വഴി കാട്ടിയായി മുന്നോട്ടു വയ്ക്കുന്ന നിർദ്ദേശങ്ങൾ അഭിമുഖത്തിൽ.


കാരുണികൻ
സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക

**വിലാസം:**
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.
എറണാകുളം - 682 015
ഫോൺ : 0484 - 2665233
ഫാക്സ് : 0484 - 2665433
e-mail : karunikan@rediffmail.com
website: www.karunikan.com

www.malankaralibrary.com

# ഇപ്പോൾ വില്പനയിൽ




**നസ്രായന്റെ കൂടെ**
ജെ. നാലുപറയിൽ

**പുരോഹിതൻ**
ഡോ. ജോർജ്ജ് തേറുകാട്ടിൽ

## കോപ്പികൾക്ക് ബന്ധപ്പെടുക:

## Mobile: 09446944838 / 09745215467

വിലാസം: കാരുണികൻ
പെരുമാനൂർ പി. ഒ. എറണാകുളം - 682 015 |ഫോൺ: 0484-2665233 ഫാക്സ്: 0484-2665433
e-mail : karunikan@rediffmail.com website: www.karunikan.com

www.malankaralibrary.com



കാരുണികൻ

പുസ്തകം പത്ത് ലക്കം അഞ്ച്
2010 മെയ്

**രക്ഷാധികാരി**
ഡോ. ഫ്രാൻസിസ് കൊടിയൻ
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. എമ്മാവൂസ് പ്രവിശ്യ

**സഹ രക്ഷാധികാരി**
ഡോ. തോമസ് പ്ലാത്തോട്ടത്തിൽ

**പത്രാധിപർ**
ജെ. നാലുപറയിൽ

**സഹപത്രാധിപർ**
ജി. കടൂപ്പാറയിൽ

**എക്സിക്യൂട്ടീവ് എഡിറ്റർ**
വിൻസന്റ് ശ്രാമ്പിക്കൽ

**സബ്ബ് എഡിറ്റർ**
സി. ലീല പെരുമ്പള്ളിൽ

**പത്രാധിപസമിതി**
പോൾ തേലക്കാട്ട്
ബോബി ജോസ് കട്ടികാട്
സാധു ഇട്ടിയവിരാ
ജേക്കബ് ആക്കനത്ത്
തോമസ് കൂട്ടുങ്കൽ

**സർക്കുലേഷൻ മാനേജർ**
തോമസ് വാണിയപ്പുരയ്ക്കൽ

**രൂപകല്പന**
അബ്ദു നെല്ലിമറ്റത്തിൽ

**ചിത്രീകരണങ്ങൾ**
സതീഷ്. കെ.

**കവർ ഫോട്ടോ**
നിയാസ് മരിക്കാർ

ഒരു എമ്മാവൂസ് പ്രസിദ്ധീകരണം

## ദൈവജനശുശ്രൂഷ എന്ന പൊതു ലക്ഷ്യം

കണ്ണൂർ രൂപതയിലെ സുക്കോളച്ചൻ. ഇറ്റലിക്കാരൻ. വയസ്സ് 94. പതിറ്റാണ്ടുകളായി കേരളത്തെ സ്വന്തം നാടാക്കിയിരിക്കുന്ന മിഷനറി. ഇവിടെത്തന്നെ മരിച്ച്, ഈ നാട്ടിൽതന്നെ അന്ത്യവിശ്രമം കൊള്ളണമെന്നാണ് ഈ മിഷനറിയുടെ ആഗ്രഹം.

പാലസ്തീനായിലെ ഒരു ഫ്രാൻസിസ്കൻ വൈദികൻ. പതിറ്റാണ്ടുകൾക്കു മുമ്പ് യൂറോപ്പ് വിട്ട് പലസ്തീനായിൽ എത്തിയതാണ്. അറബിയും ഹീബ്രുവും നന്നായി സംസാരിക്കും. പാലസ്തീനക്കാരുടെ ഇടയിൽ ചെന്നാൽ അദ്ദേഹം നല്ലൊരു പാലസ്തീനക്കാരൻ, യൂദരുടെ ഇടയിൽ അദ്ദേഹം നല്ലൊരു യഹൂദസുഹൃത്ത്. അഞ്ച് വർഷത്തിലൊരിക്കൽ മാതൃരാജ്യത്തിലേയ്ക്ക് അവധിക്ക് പോകുമായിരുന്നു. അതും സഹസന്യാസികൾ നിർബന്ധിച്ചിട്ട്. മാതൃപ്രവിശ്യയിലെ സഹോദരങ്ങളെ കാണാനായിരുന്നു അവധിക്കാലത്തെ കൂടുതൽസമയവും ചിലവഴിച്ചിരുന്നത്. കഴിഞ്ഞപ്രാവശ്യം ടെൽ-അവീവ് എയർപോർട്ടിലെ സെക്യൂരിറ്റി ചെക്ക് നടത്തുന്ന പെൺകുട്ടി, വല്യച്ചന്റെ നേർക്ക് ഒരു കുസൃതിചോദ്യമിട്ടു. “ഇന്നലെ രാത്രി ആരുടെ കൂടെയാണ് കിടന്നത്?”

കർശനസന്യാസനിഷ്ഠ പുലർത്തിയിരുന്ന വല്യച്ചനെ ആ ചോദ്യം തകർത്തുകളഞ്ഞു. അതോടെ മാതൃരാജ്യത്തിലേയ്ക്കുള്ള അവധിക്ക് പോക്ക് അദ്ദേഹം പൂർണ്ണമായും നിർത്തി.

നാടും വീടും വിട്ട് മറ്റുരാജ്യങ്ങളിൽ മിഷൻ വേലയ്ക്കായി പോകുന്ന കത്തോലിക്കാ മിഷനറിമാർ അനേകായിരങ്ങളാണ്. പ്രവർത്തിക്കുന്ന നാടിനെയും നാട്ടുകാരേയും സ്വന്തമായി കരുതി അവർക്കുവേണ്ടി ജീവിച്ച് അവിടെത്തന്നെ എരിഞ്ഞടങ്ങുന്ന ജീവിതങ്ങളായിരുന്നു

www.malankaralibrary.com

മിഷനറിമാരുടേത്. അങ്ങനെയാണ് പല വിദേശികളുടെയും കബറിടങ്ങൾ നമ്മുടെ നാട്ടിലായിത്തീർന്നത്.

മലയാളി സംസ്ക്കാരത്തിന് അന്യമായൊരു സ്വഭാവരീതിയാണിത്. പഴയൊരു സിനിമാപാട്ടില്ലേ? "നാളികേരത്തിന്റെ നാട്ടിലെനിക്കൊരു നാഴിയിടങ്ങഴി മണ്ണുണ്ട്..." ലോകത്തിന്റെ ഏതു ഭാഗത്തുപോയാലും ഹൃദയത്തിൽ ഗൃഹാതുരത്വത്തോടെ അമ്മ നാടിനെ കൊണ്ടുനടക്കുന്നവനാണ് മലയാളി. കിട്ടുന്ന ആദ്യഅവസരത്തിൽത്തന്നെ ജന്മനാട്ടിലേയ്ക്ക് തിരിച്ചുവരാൻ അവൻ കൊതിക്കുകയും ചെയ്യും.

തൃശ്ശൂർക്കാരനൊരു മിഷനറി പതിറ്റാണ്ടുകളായി ഇന്ത്യയിലെ വടക്കുകിഴക്കൻ സംസ്ഥാനത്താണ്. രണ്ടുവർഷം കൂടുമ്പോൾ നാട്ടിൽവരും. വന്നാലും എല്ലാ ദിവസവും മിഷനിലേയ്ക്ക് വിളിക്കും. ഗ്രാമത്തിലെ കാര്യങ്ങൾ അന്വേഷിക്കും; ബോർഡിങ്ങിലെ കുട്ടികളുടെ വിവരം തിരക്കും. ശരീരം ഇങ്ങാണെങ്കിലും മനസ്സ് അങ്ങാണ്.

മലയാളി ക്രൈസ്തവരുടെ സ്വഭാവരീതിയിൽ വിപ്ലവാത്മകമായ മാറ്റം വന്നത് വിദേശ മിഷനറിമാരുടെ വരവോടെയാണ്. 16-ാം നൂറ്റാണ്ടിനുശേഷമുള്ള ചരിത്രം നോക്കിയാൽ മിഷൻ പ്രവർത്തനത്തിനായി മലയാളി കേരളത്തിനു പുറത്തേക്കു പോകാൻ തുടങ്ങിയതിൽ ഈ വിദേശസ്പർശത്തിന്റെ സ്വാധീനം കാണാം.

"നിങ്ങൾ ലോകമെങ്ങും പോയി സകലസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16:15). ഇതായിരുന്നു യേശു ശിഷ്യഗണത്തെ ഭരമേല്പിച്ച ദൗത്യം. ഈ ദൗത്യം ഏറ്റെടുത്ത് അന്യനാടുകളിലേയ്ക്കും ജനതകളിലേയ്ക്കും യാത്ര തിരിച്ചവരിൽ മുഖ്യർ സന്യസ്തവൈദികരായിരുന്നു. ഈശോസഭക്കാരും, ഫ്രാൻസിസ്ക്കൻ സന്യാസികളും, കർമ്മലീത്താക്കാരും, സലേഷ്യൻസന്യസ്തരുമൊക്കെ ആ ഗണത്തിൽപ്പെടും. ഈ സ്വാധീനത്തിൽത്തന്നെയാണ് കേരളക്കരയിൽ സി.എം.ഐ. മുതലുള്ള തദ്ദേശീയ സന്യസസമൂഹങ്ങൾ ഉണ്ടായതും മിഷൻവേലയ്ക്കായി അവർ കേരളം വിട്ട് യാത്രയാകാൻ തയ്യാറായതും.



www.malankaralibrary.com

മലബാറിലെ ഒരു കുടിയേറ്റ ഗ്രാമം. പുതിയവികാരിയച്ചൻ സ്ഥലം മാറി വന്നതേയുള്ളൂ. ഒരു മണിക്കൂർ നടന്നാണ് കുട്ടികൾ പള്ളിക്കൂടത്തിൽ പോകുന്നത്. വഴിക്ക് ഒരു തോടു കടക്കണം. കാര്യം തോടാണെങ്കിലും മഴക്കാലത്ത് അവളുടെ ഭാവം മാറും. അലറിപ്പാഞ്ഞ് കുത്തിയൊലിച്ച് സകലരേയും തൂത്തുവാരികൊണ്ടുപോകുമെന്നുള്ള പ്രതീതിയാണ്. ആ വർഷത്തെ മഴ വളരെ രൂക്ഷമായിരുന്നു. പാലം കടക്കുന്നതിനിടയിൽ രണ്ടുകുട്ടികൾ മഴവെള്ള പാച്ചിലിൽ ഒലിച്ചുപോയി. പിറ്റേദിവസമാണ് മൃതദേഹങ്ങൾ കിട്ടിയത്.

വികാരിയച്ചനെ നടുക്കിയ സംഭവമായിരുന്നു അത്. പിറ്റേദിവസം തന്നെ അദ്ദേഹം പാലം നിർമ്മാണ കമ്മിറ്റിയുണ്ടാക്കി, പ്രവർത്തനം ആരംഭിച്ചു. അടുത്ത മഴയ്ക്ക്മുമ്പ് തോടിനുകുറുകെ ഒരു കോൺക്രീറ്റ് പാലം ഉയർന്നു, വികാരിയച്ചന്റെ നേതൃത്വത്തിൽ. അടുത്ത സ്ഥലംമാറ്റത്തിന് മുമ്പ് റോഡും, കറണ്ടും, ഫോണും ആ ഗ്രാമത്തിലെത്തിക്കാൻ അദ്ദേഹത്തിനായി.

വൈദികശുശ്രൂഷയുടെ രണ്ട് കൈവഴികളാണ് ഇടവക വൈദികരും, സന്യസ്ത വൈദികരും. അത്ഭുതകരമായ നന്മകളാണ് രണ്ട്കൂട്ടരിലൂടെയും സമൂഹത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. ലക്ഷ്യത്തെ അനുസ്മരിക്കുകയും അടിവരയിടുകയും ചെയ്യേണ്ടത് വൈദികവർഷത്തിലെ ഏറ്റവും ആവശ്യമാണ്. അതായത് മനുഷ്യനന്മയാണ് വൈദികശുശ്രൂഷയുടെ-ഇടവക വൈദികശുശ്രൂഷയും, സന്യാസവൈദിക ശുശ്രൂഷയും-ലക്ഷ്യം. ഈ ലക്ഷ്യത്തെ നമ്മൾ പല പദങ്ങൾക്കൊണ്ട് വിശേഷിപ്പിക്കുന്നു-ദൈവജനസേവനം, സഭാശുശ്രൂഷ, ദൈവരാജ്യനിർമ്മിതി എന്നിങ്ങനെയൊക്കെ. മനുഷ്യനന്മയ്ക്കായുള്ള ഈ രണ്ടു വൈദികശുശ്രൂഷകളെയും വിലമതിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ മാത്രമേ ഇവ കൂടുതൽ ഫലപ്രദമാകുകയുള്ളൂ.

കേരളസഭയുടെ പശ്ചാത്തലത്തിൽ ഈ രണ്ടു വൈദികശുശ്രൂഷകളെ നോക്കിക്കാണാനാണ് ഇത്തവണത്തെ കാരുണികന്റെ ശ്രമം. കേരളത്തിൽ ജന്മംകൊണ്ട എല്ലാ തദ്ദേശീയ സന്യസ്തവൈദിക സമൂഹങ്ങളുടെയും സ്ഥാപകർ ഇടവകവൈദികരായിരുന്നു! നമ്മുടെയൊക്കെ കണ്ണുതുറപ്പിക്കേണ്ട ഒരു ചരിത്രവസ്തുതയാണിത്. ഈ രണ്ടു വൈദികശുശ്രൂഷകളുടെ പരസ്പരപൂരകത്വത്തിലേയ്ക്കാണ് (Complementarity) അത് വിരൽചൂണ്ടുന്നത്. ഒന്ന് മറ്റതിന്റെ വാൽക്കഷ്ണമല്ലെന്നും രണ്ടു ശുശ്രൂഷകളും പരസ്പരപൂരകങ്ങളാണെന്നുമുള്ള തിരിച്ചറിവാണ് സഭക്കുള്ളിൽ ഉണ്ടാകേണ്ടത്. ആ വഴിക്കൊരു ചർച്ചയ്ക്കും പ്രായോഗികകർമ്മ പരിപാടികൾക്കും വഴിതുറക്കാനാവുമെങ്കിൽ വൈദികവർഷാചരണത്തെ തന്നെ ഇത് അർത്ഥപൂർണ്ണമാക്കും. വായനക്കാരുടെ അഭിപ്രായങ്ങളും പ്രതികരണങ്ങളും ക്ഷണിക്കുന്നു. നിങ്ങളുടെ പ്രതികരണങ്ങൾ ജൂൺ ലക്കത്തിൽ പ്രസിദ്ധീകരിക്കാമെന്ന് വാഗ്ദാനം ചെയ്യുന്നു.

പത്രാധിപർ

www.malankaralibrary.com

# ഉള്ളടക്കം


14

**പള്ളികളെയും ദയറകളെയും കാത്തുകൊള്ളേണമേ...**

ഇടവക വൈദികരുടെയും സന്യസ്തവൈദികരുടെയും ശുശ്രൂഷകൾ പരസ്പരപൂരകങ്ങളാണ്. ദൈവജനമാകുന്ന സഭാഗാത്രത്തിന്റെ നിർമ്മിതിയും പരിപോഷണവുമാണ് രണ്ടിന്റെയും ലക്ഷ്യം. മലങ്കര കത്തോലിക്കാ സഭയുടെ കാതോലിക്കാ ബാവ ബസേലിയോസ് മാർ ക്ലീമിസ് പിതാവിന്റെ തുറന്ന സംസാരം.

16

**ഇടവകയും ഗൊവേന്തയും**

ഇടവക വൈദികരും സന്യസ്ത വൈദികരും സഭാശുശ്രൂഷയിലെ രണ്ടു കൈവഴികളാണ്. ഇവരുടെ ദൗത്യങ്ങളേയും ശുശ്രൂഷകളേയും സഭാനന്മയ്ക്കായി സമന്വയിപ്പിക്കേണ്ടതെങ്ങിനെ എന്ന് വിചിന്തനം ചെയ്യുന്ന ലേഖനം.

20

**ചാവറ കുര്യാക്കോസച്ചൻ**

ഇന്ത്യയിലെ ആദ്യത്തെ തദ്ദേശീയ സന്യാസസമൂഹത്തിന് (CMI) തുടക്കംകുറിച്ച ഭാഗ്യപ്പെട്ട ചാവറ കുര്യാക്കോസച്ചൻ വിഭാവന ചെയ്ത സന്യസ്ത ശുശ്രൂഷകളെ ഫാ. തോമസ് പന്തപ്ലാക്കൽ CMI പരിചയപ്പെടുത്തുന്നു.

24

**കാട്ടറാത്ത് വർക്കിയച്ചൻ**

വിൻസെൻഷ്യൻ സഭയ്ക്ക് ജന്മം നല്കിയ കാട്ടറാത്ത് വർക്കിയച്ചൻ 30 വർഷം ഒരു ഇടവക വൈദികനായിരുന്നു. ഈ സന്യാസസഭയിലൂടെ അദ്ദേഹം എന്താണ് ലക്ഷ്യമിട്ടത്? വിശകലനം ചെയ്യുന്നത് ഡോ. ജോസഫ് എറമ്പിൽ വി. സി.

26

**മാർ ഇവാനിയോസ് പിതാവ്**

മാർ ഇവാനിയോസ് പിതാവ് സ്ഥാപിച്ച സന്യാസ സമൂഹമാണ് ബഥനി സമൂഹം (OIC). സന്യാസ ശുശ്രൂഷയുടെ മേഖലകളായി അദ്ദേഹം ലക്ഷ്യമിട്ടത് ഏതൊക്കെയായിരുന്നു? ഫാ. മരിയാദാസ് ഒ.ഐ.സി. വിശദീകരിക്കുന്നു.







17


28

**ബസീലിയൂസച്ചൻ**

മൂന്നു പതിറ്റാണ്ടുകാലത്തെ ഇടവക സേവനത്തിന്റെ അനുഭവങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടാണ് പാണാട്ട് തോമസച്ചൻ (ബസീലിയൂസ്) സി. എസ്. ടി. സന്യാസ സമൂഹത്തിന് രൂപം നല്കിയത്. സ്ഥാപക പിതാവിന്റെ ലക്ഷ്യങ്ങളെക്കുറിച്ച് ഫാ. ജോൺസൺ പുതുശ്ശേരി സി. എസ്. ടി എഴുതുന്നു.

www.malankaralibrary.com










3 എഡിറ്റോറിയൽ

8 പ്രതികരണങ്ങൾ

40 പ്രതികരിക്കുന്ന വിശ്വാസം

44 കാനോനിക്കൽ കൗൺസെൽ

49 നേർമൊഴി

50 അന്ത്യവിധി


## പത്ത് ക്രിസ്തു സിനികമകൾ

### (Stylized Jesus films)

10 ആധുനിക ക്രിസ്തു സിനിമകളിൽ അവസാനത്തെ 5 എണ്ണം ഈ ലക്കത്തിൽ. പ്രാധാന്യക്രമം നിശ്ചയിച്ചത് ഡോ. ജേക്കബ് സ്രാമ്പിക്കൽ എസ്. ജെ.


34 **ദ് മിറക്കിൾ മേക്കർ (2000)**
യേശുവിന്റെ ജീവിതത്തിന്റെയും ആത്മത്യാഗത്തിന്റെയും അർത്ഥം വെളിവാക്കുന്ന ചിത്രം, യഹൂദ റോമാ ചരിത്ര പശ്ചാത്തലത്തിൽ.

35 **ജീസസ് ക്രൈസ്റ്റ് സൂപ്പർ സ്റ്റാർ (1973)**
കുരിശുമരണത്തിനു മുമ്പുള്ള ഒരാഴ്ച ഇതിവൃത്തമാക്കിയിരിക്കുന്ന ഈ സംഗീതസിനിമ, യേശുവിന്റെ ജീവിത സംഘർഷങ്ങളെ എടുത്തുകാണിക്കുന്നു.

36 **ലൈഫ് ഓഫ് ബ്രിയൻ (1979)**
ബ്രയൺ എന്ന ചെറുപ്പക്കാരൻ യേശുബിംബമായി അവതരിക്കപ്പെടുന്ന പാലസ്തീനിയൻ പശ്ചാത്തലത്തിലുള്ള ഒരു കോമഡി സിനിമ

37 **ദ് മെസിയാ (2008)**
യേശുവിനെ ദൈവപുത്രനായല്ല, മറിച്ച് വെറുമൊരു പ്രവാചകനായി അവതരിപ്പിക്കുന്ന ഒരു ഇസ്ലാമിക ചിത്രമാണിത്.

38 **അൾട്രാ ക്രൈസ്റ്റ് (2003)**
യേശുവിന്റെ രണ്ടാമത്തെ വരവ് പ്രമേയമാക്കിയിരിക്കുന്ന ചിത്രം. പക്ഷെ ഇതിലെ അൾട്രാ ക്രൈസ്റ്റ് നസ്രത്തിലെ യേശുവിന്റെ ശൈലികൾ അല്ല സ്വീകരിക്കുന്നത്.


30

## ആലക്കളത്തിലച്ചനും പറേടത്തിലച്ചനും

ചങ്ങനാശ്ശേരി രൂപതയിലെ ഇടവക വൈദികരായിരുന്ന ആലക്കളത്തിൽ മത്തായിച്ചനും, പാറേടത്തിൽ ജോസഫച്ചനും. ആരംഭിച്ചതാണ് ദിവ്യകാരുണ്യ മിഷനറി സഭ. അവർ നിദർശനം ചെയ്ത ശുശ്രൂഷാമേഖലകളെക്കുറിച്ച് ഡോ. ജോർജ് തേറുകാട്ടിൽ എം. സി. ബി. എസ് എഴുതുന്നു.

32

## വയലിൽ പിതാവ്

വയലിൽ പിതാവ് സ്ഥാപിച്ച സൊസൈറ്റിയാണ് എം.എസ്.റ്റി. ഈ സമൂഹത്തിന്റെ ശുശ്രൂഷാ മേഖലകളെക്കുറിച്ച് എഴുതുന്നത് ഡോ. ആന്റണി പെരുമാനൂർ.

www.malankaralibrary.com

# പ്രതികരണങ്ങൾ

കാരുണികനിലെ വിഭവങ്ങളോട് പ്രതികരിക്കുന്നവർ സമൂഹത്തിന്റെ ഉന്നത ശ്രേണിയിലുള്ളവർ മുതൽ സാധാരണക്കാർ വരെയുണ്ട്. ക്രിയാത്മകമായ ഒരു ചർച്ചയാണ് പ്രതികരണങ്ങളിലൂടെ പുറത്തുവരുന്നത്. വായനക്കാരുടെ ഏതു പ്രതികരണവും ബഹുമാനപൂർവ്വം സ്വീകരിക്കാനും മാന്യമായി അവതരിപ്പിക്കാനുമുള്ള പ്രതിബദ്ധത ഞങ്ങൾ വീണ്ടും ഏറ്റുപറയുന്നു. തുറന്ന ആശയ പ്രകടനത്തിലൂടെയും പ്രതിപക്ഷ ബഹുമാനത്തോടെയുമുള്ള സംവാദത്തിലൂടെയും സമൂഹത്തിലെ മൂല്യശ്രേണിക്ക് ക്രിസ്തീയമായ ദിശാബോധം നൽകുന്ന പ്രക്രിയയിൽ നാം പങ്കുചേരുകയാണ്.




## മലയാളിയുടെ കാപട്യം

കാരുണികൻ ഏപ്രിൽ ലക്കം വായിച്ചു. വെള്ളത്തിനുള്ള അവകാശത്തെപ്പറ്റി എഴുതിയിരുന്നതും വായിച്ചു. സാഹചര്യങ്ങളോട് മലയാളി പ്രതികരിക്കുന്ന രീതി വളരെ വസ്തു നിഷ്ഠമായി അവതരിപ്പിച്ചിരിക്കുന്നു.

ദൈവകാരുണ്യത്താൽ ഇൻഡ്യയിലെ പല



സംസ്ഥാനങ്ങളും, ലോകത്തിലെ പല രാജ്യങ്ങളും സന്ദർശിക്കുവാൻ എനിക്ക് അവസരം കിട്ടിയിട്ടുണ്ട്. അവരുടെ ജീവിതരീതികളും പരസ്പര ബന്ധങ്ങളും പഠിക്കുവാനും എനിക്ക് സാധിച്ചിട്ടുണ്ട്. അവരും മലയാളികളും തമ്മിൽ ഒരു താരതമ്യ പഠനം ഞാൻ നടത്തിയതിൽ എനിക്ക് മനസ്സിലായ കാര്യങ്ങൾ കുറിക്കുകയാണ്. ഇത് ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ രൂപം പ്രാപിച്ചതാണ്.

മലയാളിയെപ്പോലെ ഇത്രമാത്രം മുഖംമൂടിയുള്ള ജനത്തെ ഭൂമിയിൽ കാണുവാൻ സാധിക്കുകയില്ല. വഞ്ചന, ചതി, നന്ദികേട് എന്നീ വാക്കുകൾക്ക് അർത്ഥമുണ്ടെങ്കിൽ അത് മലയാളിയിൽ ചെന്ന വസാനിക്കും. ആരേയും അംഗീകരിക്കുകയില്ല. സ്വന്തം അപ്പനേയും അമ്മയേയും വരെ ഇത്രമാത്രം പുച്ഛത്തോടെ വിമർശനാത്മകമായി കാണുന്ന വേറെ ജനം ഉണ്ട് എന്ന് എനിക്ക് തോന്നുന്നില്ല. എന്നാൽ മിഥ്യാഭിമാനം, പൊങ്ങച്ചം, പച്ചനുണ ഇവ പറയുന്നതിൽ യാതൊരു ഉളുപ്പുമില്ല. വ്യഭിചരിച്ചിട്ട് ഇറങ്ങിവരുന്നവൻ വ്യഭിചാരത്തിനെതിരായി മണിക്കൂറുകൾ പ്രസംഗിക്കും. അല്ലെങ്കിൽ അവനുമായി ബന്ധപ്പെട്ട സ്ത്രീയെ എത്ര പരിധിവരെയും അപമാനിക്കാൻ ശ്രമിക്കും. ഇതു മലയാളിയെക്കൊണ്ടു മാത്രമേ സാധിക്കൂ. മനസ്സാക്ഷി എന്ന വാക്ക് മലയാളിക്ക് ഒരിക്കലും ചേർത്തുവയ്ക്കാൻ കൊള്ളുകയില്ല. എന്നാൽ ഏതെങ്കിലും വിധത്തിൽ കുറെപണം കൈയ്യിൽ വന്നാൽ വന്നവഴികൾ മുഴുവൻ അവൻ മറക്കും.

എന്നാൽ മറ്റുള്ളവരുടെ കുറ്റം കാണുന്നതിലും കുറവുകൾ എന്തെങ്കിലുമുണ്ടെങ്കിൽ അതുകണ്ടുപിടിക്കുന്നതിലും ഇത്രയും മിടുക്കന്മാർ ഭൂമിയിൽ വേറെ കാണുകയില്ല. രാഷ്ട്രീയക്കാരൻ കൊള്ളക്കാരനും അധർമ്മത്തിന്റെ പര്യായവുമാണ്. ഇതൊന്നും ആരും തുറന്നുപറയുവാൻ ധൈര്യപ്പെടാറില്ല. തൊടുപുഴയിൽ ഒന്നുരണ്ടു വേദിയിൽ ഞാൻ ഇക്കാര്യം പറയുകതന്നെ ചെയ്തു. ആമുഖമായി ഞാൻ പറഞ്ഞു; എനിക്ക് സത്യം മറച്ചുപിടിച്ച് നിങ്ങളുടെ ഒരു അനുകൂല്യവും വേണ്ട. അല്ലെങ്കിൽ ആഗ്രഹിക്കുന്നില്ല, കുറെപേരെങ്കിലും ചിന്തിച്ചുകാണും; ഒരു യഥാർത്ഥ കോന്തൻ.

പണി ചെയ്യാതെ എങ്ങിനെ സുഖമായിട്ടോ അല്ലാതെയോ ജീവിക്കാം എന്ന് മലയാളിയോട്

www.malankaralibrary.com

## കാരുണികൻ എങ്ങോട്ട്

ഞാൻ നാല് വർഷങ്ങളായി കാരുണികൻ വായിക്കുന്ന ഒരു വ്യക്തിയാണ്. ഒരു സമ്പൂർണ്ണ ദൈവശാസ്ത്രമാസികയായിട്ടാണ് ഞാൻ ഇതിനെ കണ്ടുകൊണ്ടിരിക്കുന്നത്. എന്നാൽ ഏപ്രിൽ ലക്കം കാരുണികൻ ഒരു ദൈവശാസ്ത്രമാസികയാണോ, അതോ ഒരു ജീവശാസ്ത്രമാസികയാണോ എന്നൊരു സംശയം. ഏതായാലും വിവിധ തരത്തിലുള്ള കുടിവെള്ള പദ്ധതികൾ വിവരിച്ച് എഴുതിയ ലേഖകർക്ക് അനുമോദനങ്ങൾ.

**ഫാ. ജെ. ഓവേലിൽ എസ്.ജെ.**

ബറോഡ (ഇ മെയിൽ കത്ത്)

മറുപടി

ബഹു. ഓവേലിയച്ചന്റെ ഈ മെയിൽ കത്തിന് നന്ദി പറയുന്നു. കാരുണികൻ മാസിക തുടർച്ചയായി വായിക്കുകയും വിലയിരുത്തുകയും ചെയ്യുന്നതിന് അഭിനന്ദനങ്ങളും.

അച്ചന്റെ കാഴ്ചപ്പാടിനെയും നിലപാടിനെയും അംഗീകരിച്ചുകൊണ്ടുതന്നെ കാരുണികന്റെ ദൈവശാസ്ത്രത്തെക്കുറിച്ചുള്ള കാഴ്ചപ്പാടു വിശദീകരിക്കട്ടെ. മനുഷ്യജീവിതത്തിന്റെ എല്ലാ അംശങ്ങളെയും നസ്രസിലെ യേശുവിന്റെ കണ്ണുകളിലൂടെ നോക്കിക്കാണാനാണ് കാരുണികൻ ഉദ്യമിക്കുന്നത്. വിഷയങ്ങൾ തിരഞ്ഞെടുക്കുന്നതിലും കാരുണികന് മാതൃക യേശുക്രിസ്തു തന്നെയാണ്. വിശക്കുന്ന ജനത്തിന്റെ മുമ്പിൽ യേശു ശിഷ്യരോട് കല്പിക്കുന്നത്, 'നിങ്ങൾ തന്നെ അവർക്കു ഭക്ഷിക്കാൻ കൊടുക്കുവിൻ" എന്നാണ് (മർക്കോ 6:37). താൻ കണ്ടുമുട്ടിയ ജനങ്ങളുടെ പ്രശ്നങ്ങളോടെല്ലാം പ്രതികരിച്ചവനായിരുന്നു യേശുക്രിസ്തു. അതിൽ മനുഷ്യന്റെ രോഗവും, വിശപ്പും, ഹൃദയാസ്വസ്ഥതയും ഒക്കെയുണ്ടായിരുന്നു. അങ്ങനെ വരുമ്പോൾ ദൈവശാസ്ത്ര വിഷയങ്ങളെക്കുറിച്ചുള്ള സാമ്പ്ര ദായിക കാഴ്ചപ്പാടുകളിൽ നിന്ന് നമുക്ക് മാറി ചിന്തിക്കേണ്ടിവരും. ഇത്തരമൊരു മാറ്റത്തിനല്ലേ നസ്രായൻ പരിശ്രമിച്ചത്?.

തന്റെ ചുറ്റും താൻ കണ്ടുമുട്ടിയ മനുഷ്യരോടും അവരുടെ പ്രശ്നങ്ങളോടും സ്വന്തം ദൈവാനുഭവത്തിന്റെ (ആബാനുഭവത്തിന്റെ) വെളിച്ചത്തിൽ പ്രതികരിക്കുകയായിരുന്നു യേശു ചെയ്തത്. വാക്കിലൂടെയും പ്രവൃത്തിയിലൂടെയും അവൻ പ്രതികരിച്ചു. ഇവയുടെയൊക്കെ ആകെത്തുകയല്ലാതെ മറ്റെന്താണ് യേശുക്രിസ്തുവിന്റെ ദൈവശാസ്ത്രം? ഇത്തരമൊരു കാഴ്ചപ്പാടിൽ നിന്ന് നോക്കിയപ്പോഴാണ് കുടിവെള്ളം ദൈവ ശാസ്ത്രവിഷയമാക്കാമെന്ന് തീരുമാനിച്ചത്. വ്യത്യസ്തമായ കാഴ്ചപ്പാട് നിലനിർത്താനുള്ള ബഹു. ഓവേലിയച്ചന്റെ സ്വാതന്ത്ര്യത്തെ അംഗീകരിച്ചുകൊണ്ട് കാരുണികന്റെ കാഴ്ച പ്പാട് വിശദീകരിച്ചെന്നു മാത്രം.

**പത്രാധിപർ**

പഠിക്കണം. 364 ദിവസവും ഏറ്റവും നല്ല ഭക്ഷണം നല്കിയിട്ട് 365–ാമത്തെ ദിവസം കറിക്ക് സ്വല്പം ഉപ്പ് എങ്ങാനും കൂടിപ്പോയാൽ കഴിഞ്ഞതെല്ലാം മറന്നിട്ട് ഇത് ഏത് പട്ടിക്ക് കഴിക്കുവാനുണ്ടാക്കിയതാണ് എന്ന് ചോദിക്കുവാൻ മലയാളിയെക്കൊണ്ടേ സാധിക്കൂ.

ഇസ്രായേലിൽ സൗരോർജ്ജം വീട്ടിൽ ഉപയോഗിക്കുന്നതിനെപ്പറ്റി എഴുതിയിരുന്നുവല്ലോ. രാമക്കൽ മേട്ടിൽ കാറ്റിൽ നിന്നും വൈദ്യുതി ഉണ്ടാക്കാൻ തുടങ്ങിയിട്ട് എത്ര വർഷങ്ങൾ കഴിഞ്ഞു. ഒന്നും ചെയ്യുവാൻ സാധിച്ചില്ല. എന്നാൽ തമിഴ്നാട്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ എത്രമാത്രം പുരോഗതി ഉണ്ടായിരിക്കുന്നു.

ഒരിക്കലും മനുഷ്യന്റെ രീതിയിൽ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും മലയാളിക്ക് കഴിയും എന്ന് കരുതുന്നില്ല, അവൻ മൃഗമായി, പുഴുവായി രൂപാന്തരപ്പെടും.

**ഒ. ഡി. ജോസഫ്**

ഡപ്യൂട്ടി കളക്ടർ (Retd)

കരിമണ്ണൂർ

www.malankaralibrary.com

## മീനച്ചിലാറ്

മീനച്ചിലാറിന്റെ വക്കത്തുതന്നെ താമസമാക്കിയ ഒരു കുടുംബമാണ് എന്റേത്. 72 വർഷങ്ങളായി പാർക്കുന്ന കുടുംബവീട്. ഇക്കാലത്തിനിടയിൽ വീടിനു രൂപഭാവഭേദങ്ങൾ വന്നു; വീട്ടുകാർക്കും. വീട് കൂടുതൽ മോടിയാക്കി. കുടുംബാംഗങ്ങൾ പ്രത്യേകിച്ച് പുതിയ തലമുറ 'അടിപൊളി' ആയി കഴിഞ്ഞു. ആരോഗ്യം വൃത്തി എന്നിവയെക്കുറിച്ചെല്ലാം നല്ല 'വിവരം' ഉള്ള തലമുറ. ഞങ്ങളുടെ ജീവനാഡി പോലെ ഒഴുകുന്ന മീനച്ചിലാറിനും മാറ്റങ്ങളുണ്ടായി. പക്ഷെ ആ മാറ്റം കണ്ട് മനസ്സ് വേദനിക്കുന്നു. ജലസമൃദ്ധി കുറഞ്ഞു. തെളിഞ്ഞു വരുന്ന മണൽ നിരപ്പിന്റെ ചാഞ്ഞ പ്രദേശത്തുകൂടി മരണശ്വാസം വലിച്ചുകൊണ്ട് പുഴ ഒഴുകാൻ ശ്രമിക്കുന്നു. ഇടക്ക് കൊച്ചുകയങ്ങളിൽ ഇറങ്ങി കയറും. എന്തുചെയ്യാം... പ്ലാസ്റ്റിക്കും ചപ്പും വൃത്തികേടുകളുംകൊണ്ട് പുഴ മരിച്ചുകൊണ്ടിരിക്കുന്നു. പുഴയ്ക്കറിയുമോ പ്രതിഷേധിക്കാൻ, കൊടി പിടിക്കാൻ; ഇതു നമ്മുടെ പുഴയല്ലേ? വൃത്തിയാക്കി വക്കണ്ടേ? എന്നു ചോദിച്ചാൽ, ഒരു പരിഹാസച്ചിരിയാണ് മറുപടി. 'അന്ത്യവിധി' വായിച്ചപ്പോൾ ഞാനെന്റെ പുഴയെ ഓർത്തു. നാടുഭരിക്കുന്നവർക്ക് പുഴയെ മലീമസമാക്കുന്നവരെ ബോധവത്ക്കരിക്കാനും വേണമെങ്കിൽ ശിക്ഷിക്കാനും കഴിഞ്ഞിരുന്നെങ്കിൽ...

**സോണിയ കുര്യൻ**
പാലാ

## ദൈവത്തിന്റെ സ്വന്തം

ദൈവം ഇത്ര സുന്ദരമായി സൃഷ്ടിച്ച ഒരുനാട് വേറെ ഉണ്ടോ എന്നുസംശയമാണ്. അത്യാവശ്യം ലോകം കണ്ടിട്ടുള്ള ഒരു വ്യക്തിയാണ്. സ്വാഭാവികമായ പ്രകൃതിസൗന്ദര്യം തുളുമ്പുന്ന ഒരു നാടാണ് നമ്മുടേത്. ജൈവവൈവിധ്യംകൊണ്ട് സമ്പന്നവും. പക്ഷെ, ഈ നാടിന്റെ മുഖം ദൈനംദിനം വികൃതമായിക്കൊണ്ടിരിക്കുന്നു. ഇതിന് നാടുഭരിക്കുന്നവരുടെ അലംഭാവമുണ്ട്, സാംസ്ക്കാരിക നേതാക്കന്മാരുടെ അല്പത്വമുണ്ട്, നാട്ടുകാരുടെ സ്വാർത്ഥതയുണ്ട്. സ്വന്തം മൂക്കിനടിയിൽ മാത്രം വൃത്തി പാലിക്കുന്ന മലയാളിക്ക് സ്വന്തം വിഴുപ്പ് മറ്റുള്ളവരുടെ



സ്ഥലത്തോ, പൊതുസ്ഥലത്തോ തള്ളുന്നതിൽ യാതൊരു മടിയുമില്ല. കഴിഞ്ഞ ദിവസം കൊച്ചുമക്കളെയും കൂട്ടി കൊച്ചിസന്ദർശിക്കാനിടയായി. എത്ര പ്രകൃതിരമണീയമായ സ്ഥലം. കായലും കടലും, ദ്വീപും എല്ലാമുണ്ട്. പക്ഷെ, മറൈൻഡ്രൈവിലെ പുതുതായി സൗന്ദര്യവത്ക്കരിച്ച നടപ്പാതയിലൂടെ നടക്കാനോ ബഞ്ചുകളിൽ ഇരിക്കാനോ തുനിഞ്ഞാൽ മൂക്കുപൊത്തേണ്ടിവരുന്നു. വെള്ളത്തിൽ പൊങ്ങിവരുന്ന പ്ലാസ്റ്റിക് കുപ്പികളും തലേ രാത്രിയിൽ ഹോട്ടലിൽ നിന്നും തട്ടുകടകളിൽ നിന്നും തള്ളിയ അവശിഷ്ടങ്ങളും എല്ലാംചേർന്ന് കറുത്തുപോയ ജലം.

ഒരിക്കലും അനുഭവപ്പെടാത്തതുപോലുള്ള ചൂടും. മനം തകർന്ന, സഹികെട്ട പ്രകൃതിയുടെ മുന്നറിയിപ്പുകൾ ശ്രദ്ധിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. എവിടെ തുടങ്ങണം? ആരു തുടങ്ങും? ഞാൻ തന്നെ തുടങ്ങാം. കൊച്ചുമക്കളോട് ഞാനെന്റെ വിഷമം പങ്കുവച്ചു. ഓരോരുത്തരും ഈ

www.malankaralibrary.com

ദൗത്യം മനസ്സാവഹിച്ചിരുന്നെങ്കിൽ. 'അന്ത്യവിധി' എന്നെ കാടുകയറ്റി. പ്രകൃതിയെ സ്നേഹിക്കുന്ന, പരിപാലിക്കുന്ന, ഒരു പുതിയ തലമുറയെ സൃഷ്ടി ച്ചെടുക്കാൻ നമുക്കു കഴിയില്ലെ?

**അലക്സ് പെരിങ്ങാപുരം**
ബാന്ദ്ര, മുംബൈ

## ആൾക്കൂട്ടം

കാരുണികൻ മാസിക കൈയ്യിൽ കിട്ടിയാൽ എഡിറ്റോറിയലിൽ നിന്നു ചാടുക 'പ്രതികരിക്കുന്ന വിശ്വാസ'ത്തിലേക്കാണ്. വളരെ സാധാരണം എന്നു തോന്നുന്ന കാര്യങ്ങളെ, കാഴ്ചകളെ വിശ്വാസജീവിതത്തിലെ പ്രധാനപ്പെട്ട കരുക്കളായി അവതരിപ്പിക്കുന്ന ഇല്ലത്തുപറമ്പിലച്ചന് അഭിനന്ദ നങ്ങൾ. പതിവായി വായിക്കാറുണ്ടെങ്കിലും ആവർ ത്തന വിരസത തീരെയില്ല. ആൾക്കൂട്ടം നമുക്കു വളരെ പരിചിതമായ ഒരു കാഴ്ച ആണല്ലോ. എന്തു സംഭവിച്ചാലും ഓടിയെത്തുന്ന ആളുകൾ. അവരു ടെ ഇടയിൽ കിടന്ന് പിടഞ്ഞു മരിക്കുന്ന പാവം മനുഷ്യജീവിതങ്ങൾ എത്രയെത്ര!ഈ ആൾക്കൂട്ട ങ്ങളെ ഭയന്നാണല്ലോ കേരളജനത ബന്ദും, ബദലാ യ ഹർത്താലുമൊക്കെ വിജയിപ്പിക്കുന്നത്! വിദ്യാ ഭ്യാസവും, ചങ്കൂറ്റവും, സംസ്ക്കാരവും ഒക്കെ ഉണ്ടെന്ന് മേനിപറയുന്ന മലയാളിക്ക് അസ്ഥിത്വം നഷ്ടപ്പെട്ടുപോകുന്ന എത്രയെത്ര അനുഭവങ്ങൾ. അവ കൂടുകയല്ലാതെ കുറയുന്നില്ല.

സത്യം പറയാൻ എല്ലാവർക്കും ബുദ്ധിമുട്ടായ തുകൊണ്ട് നുണ പറയാം എന്നു സമ്മതിച്ചുകൊടു ക്കുന്നതുപോലെ വിദ്യാഭ്യാസം എല്ലാവർക്കും പ്രാ പിക്കാവുന്ന ലെവലിലേയ്ക്ക് താഴ്ത്തിക്കൊടുക്കു ന്ന വകുപ്പു മന്ത്രി! എൻട്രൻസ് പരീക്ഷ തുടങ്ങു മ്പോഴേ, (തുടങ്ങുമ്പോൾ മാത്രവും) സ്വാശ്രയ പ്രശ്നം പൊക്കിക്കൊണ്ടുവന്ന് കേരളത്തിനു പുറ ത്തുള്ള തങ്ങളുടെ സ്ഥാപനങ്ങൾ നിറക്കുന്ന രാഷ്ട്രീയക്കാർ, തെറ്റു ചെയ്തവരെ നിയമത്തിന്റെ പിടിയിൽ നിന്ന് ഇറക്കി കൊണ്ടുപോകുന്നവർ. ഇവർക്കെല്ലാം അകമ്പടി ആൾക്കൂട്ടം തന്നെ. മറ്റുള്ള വരെ ദ്രോഹിച്ചും സ്വകാര്യത പരസ്യംചെയ്തും സ്വന്തം തീരുമാനങ്ങൾ അടിച്ചേല്പിച്ചും കേരളത്തി ലും ആൾക്കൂട്ടം ശക്തി പ്രാപിച്ചുകൊണ്ടിരിക്കുന്നു. ഇത് ഒരു വലിയ അപകടം എന്ന തിരിച്ചറിവു പോലും നമുക്കുനഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. മാത്യു അച്ചന്റെകൂടെ പ്രാർത്ഥിക്കുകയല്ലാതെ എന്തു പോംവഴി, "ആൾക്കൂട്ടത്തിന്റെ ആക്രമണങ്ങളിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ" ആമേൻ.

**ഷാജൻ ജോർജ്**
ആതിരപ്പള്ളി

## വെള്ളം മനുഷ്യന് ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു വസ്തു

വെള്ളം മനുഷ്യന് ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു വസ്തു. ദൈവം തന്ന ദാനങ്ങളിൽ ഏറ്റവും വിശിഷ്ടം ജലമാണെന്ന് ഞാൻ വിശ്വസിക്കു ന്നു. കേരളത്തിന്റെ ജലസമ്പത്ത് എത്ര വലു താണെന്ന അവബോധം തരുവാൻ എഡിറ്റോ റിയൽ ഏറെ സഹായിച്ചു. 'മനോഭാവമാണ് പ്രശ്നം'. നമുക്കുള്ള വിഭവങ്ങൾ പൊതു നന്മയ്ക്കായി വേണ്ടവിധം ഉപയോഗിക്കുവാൻ നമുക്കു കഴിയുന്നില്ല. സാമൂഹിക പ്രതിബദ്ധ ത ഉള്ള ഒരു തലമുറ വളർന്നു വരുന്നുണ്ടോ എന്നും സംശയം. കുത്തഴിഞ്ഞു കിടക്കുന്ന നമ്മുടെ വിദ്യാഭ്യാസമേഖല പുതിയ ഗവേഷ ണങ്ങൾക്കോ ജനക്ഷേമ പ്രൊജക്ടുകൾക്കോ ഒരു പ്രാധാന്യവും കൊടുക്കുന്നില്ല. പ്രകൃതി വിഭവങ്ങൾക്കെന്നപോലെ ബുദ്ധിശക്തിയിലും കേരളം മുന്നിലാണ്. പക്ഷെ ബൗദ്ധിക സമ്പത്ത് ലക്ഷ്യബോധത്തോടെ ഉപയോഗിക്കു വാൻ ഉതകുന്ന വിദ്യാഭ്യാസം നമ്മുടെ കുഞ്ഞു ങ്ങൾക്കു ലഭിക്കുന്നില്ല. വെള്ളത്തിന്റെ കാര്യ ത്തിൽ സഭ മുന്നോട്ടിറങ്ങിയതുപോലെ വിദ്യാ ഭ്യാസം ലക്ഷ്യബോധമുള്ളതും മൂല്യബോ ധമുള്ളതും ആക്കുന്നതിലും സഭയ്ക്ക് ഏറെ ചെയ്യാനുണ്ട്. പക്ഷെ, വിദ്യാഭ്യാസം കച്ചവടമാ ക്കാനുള്ള പ്രലോഭനം അതിജീവിച്ചാലെ ഇതുനടക്കൂ.

**പ്രൊഫസർ നൈനാൻ കോശി,**
മാവേലിക്കര

www.malankaralibrary.com

## എനിക്കു പേടിയാകുന്നു

ആൾക്കൂട്ടം എന്ന ആപത്തിനെക്കുറിച്ച് ഉദാഹരണസഹിതം ബോധവത്ക്കരിച്ച 'എനിക്ക് പേടിയാകുന്നു' എന്ന ലേഖനം വളരെ ഇഷ്ടപ്പെട്ടു. ആർ. കെ. നാരായണൻ മാൽഗുഡി എന്നഗ്രാമം പശ്ചാത്തലമാക്കി എഴുതിയ നോവലിൽ ഇന്ത്യൻ സംസ്ക്കാരത്തിന്റെ ചില പ്രത്യേകതകൾ എടുത്തു കാട്ടുന്നു ണ്ട്. ഗ്രൂപ്പ്ഫോട്ടോ എടുക്കുന്ന ഒരു വേദി. ആ വഴിയിലൂടെ കടന്നുപോകുന്നവരെല്ലാം വഴിയോരത്ത് കാഴ്ചക്കാരായി നില്ക്കുന്നു. വളരെ വേഗം ആൾക്കൂട്ടം രൂപപ്പെട്ടുകഴിഞ്ഞു. ആവശ്യമുള്ളിടത്തും ഇല്ലാത്തിടത്തും എല്ലാം ഇടപെടുക നമ്മുടെ ഒരു രീതിയാണ് എന്നു സമർത്ഥിക്കുകയാണ് അദ്ദേഹം. ഇന്ന് ആൾക്കൂട്ടത്തിന് മതമുണ്ട്, ജാതിയുണ്ട്, തത്വശാസ്ത്രമുണ്ട്, പ്രത്യയ ശാസ്ത്രമുണ്ട്, ഗ്രൂപ്പ് ഉണ്ട്, പിന്തുണ ഉണ്ട്. ഇവിടെ ഇല്ലാത്തത് മനുഷ്യർമാത്രം. കേരളീയ പ്രബുദ്ധത ഇതൊക്കെ കാണുന്നുണ്ടോ? 'ആടിനെ പട്ടിയാക്കുന്ന' ആൾക്കൂട്ടത്തിൽ നിന്ന് ആര് നമ്മുടെ നാടിനെ മോചിപ്പിക്കും.

**ഡയാന മാത്യു,** ബാംഗ്ലൂർ

## വെള്ളം

വളരെ കാലിക പ്രാധാന്യമുള്ള ഒരു വിഷയമാണ് ഇക്കുറി കാരുണികൻ ചർച്ച ചെയ്തത് എന്നതിൽ ചാരിതാർത്ഥ്യം ഉണ്ട് എന്നറിയിക്കുവാനാണ് ഈ കത്ത്. ഭക്ഷണവും ജലവും പാർപ്പിടവും മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിൽ പെട്ടവയാണ്. അതുപോലും വേണ്ടവിധം ജനങ്ങൾക്കു നല്കാൻ കഴിയാത്ത ഒരു ഭരണ കൂടമാണ് നമുക്കുള്ളത്. "വെള്ളമില്ലെങ്കിൽ പാലു കുടിച്ചോളൂ" എന്ന് ഒരുളുപ്പും കൂടാതെ പറയാൻ കഴിവുള്ള മന്ത്രിമാരുടെ നാട്! ശുദ്ധജലലഭ്യതയ്ക്കായി ഗവൺമെന്റ് 2000 കോടി ഇക്കൊല്ലം ഉപയോഗിക്കും എന്ന പത്രവാർത്തയും ശ്രദ്ധിച്ചു. ഈ കോടികളെല്ലാം എങ്ങോട്ടൊഴുകുന്നു എന്നത്ഭുതപ്പെട്ടുപോകുകയാണ്. ഈ സംരംഭത്തിൽ ഗവൺമെന്റിന് നന്നായി ചെയ്തുകൊണ്ടിരിക്കുന്ന സഭാസ്ഥാപനങ്ങളെയും NGOs നെയും ഒരുമിപ്പിച്ച് സബ്സിഡി ചെയ്ത് കുറച്ചുകൂടി ഫലപ്രദമായി ഫണ്ട് ഉപയോഗിച്ചുകൂടെ? അനുവദിച്ച ഫണ്ട് ഉപയോഗിക്കാതെ ലാപ്സ് ആക്കി കളയുന്നതിൽ മികവുകാട്ടുന്ന നമ്മുടെ ഗവൺമെന്റിന് സന്മനസ്സുള്ളവരെ എന്തുകൊണ്ട് പങ്കാളികളാക്കിക്കൂടാ. ഇതൊന്നുമല്ല പ്രശ്നം. നേതാവിനും വേണ്ടപ്പെട്ടവർക്കും വേണ്ട സൗകര്യങ്ങളൊക്കെ ആയാൽ ബാക്കിയുള്ളവരെ എന്തിനോർക്കണം?. പക്ഷെ ഈ പോക്ക് ഇരിക്കുന്ന കൊമ്പുമുറിക്കുന്നതിന് തുല്യമാണെന്ന് പറയാതെ വയ്യ. ഇവിടെയും ഏറ്റവും വിഷമിക്കുന്നത് സ്ത്രീകൾതന്നെ.

**സി. ലിസ**, കാസർഗോഡ്

## സഭാ സംരഭങ്ങൾ

സഭയുടെ സാമൂഹ്യ പ്രവർത്തനങ്ങളിലേയ്ക്ക് വെളിച്ചം വീശിയ കാരുണികന് അഭിനന്ദനങ്ങൾ. സഭയുടെ വീഴ്ചകളെയും പോരായ്മകളെയും എടുത്തുകാട്ടി സമൂഹത്തിന്റെ മുമ്പിൽ താറടിച്ചുകാട്ടുവാനുള്ള പ്രവണത മാധ്യമങ്ങൾക്കിടയിൽ വിരളമല്ല. എന്നാൽ മനുഷ്യരുടെ, അതും സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർക്കുവേണ്ടി സഭ ചെയ്യുന്ന പ്രവർത്തനങ്ങൾ പൊതുസമൂഹം വേണ്ടവിധം മനസ്സിലാക്കുന്നുണ്ടോ എന്നു സംശയമുണ്ട്. സഹോദരനെ സ്നേഹിക്കുന്നതും ദൈവത്തെ സ്നേഹിക്കുന്നതും തുല്യപ്രാധാന്യമുള്ളതെന്നു പഠിപ്പിച്ച യേശുനാഥൻ തന്റെ സഭയിലൂടെ ഇന്നും പ്രവർത്തിക്കുന്നു എന്നതിന്റെ തെളിവാണ് ഇത്തരം സംരംഭങ്ങൾ. ഏതാനും ചിലരുടെ സംരംഭങ്ങൾ എടുത്തുകാട്ടി. പക്ഷേ ഇനിയും പലതും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല എന്നും ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. നല്ലതുകണ്ടു പ്രോത്സാഹിപ്പിക്കുവാൻ കാരുണികൻ കാണിക്കുന്ന ആർജ്ജവം ശ്ലാഘനീയമാണ്.

**ഫാ. തോമസ് ടി.**, വയനാട്

## ദാഹജലം

എന്റെ ഒരു സുഹൃത്തിന്റെ പക്കൽ നിന്നും ഏപ്രിൽ ലക്കം കാരുണികൻ വായിക്കാനിടയായി. കുടിവെള്ളം സാധാരണക്കാർക്ക് എത്തിച്ചുകൊടുക്കുവാൻ സഭ നടത്തുന്ന സംരംഭങ്ങളെക്കുറിച്ച് അറിയാൻ കഴിഞ്ഞു. വളരെ സന്തോഷംതോന്നി.

www.malankaralibrary.com

ഈ അച്ചന്മാരൊക്കെ എന്താണ് ചെയ്യുന്നതെന്ന് പലപ്പോഴും ഓർക്കാറുണ്ടായിരുന്നു.അവർക്ക് ജനങ്ങളുടെ പ്രശ്നങ്ങളെപറ്റി എന്തറിയാമെന്നും. ഈ ധാരണകൾ മാറ്റുവാൻ കാരുണികൻ സഹായിച്ചു. ദാഹിക്കുന്നവർക്ക് കുടിക്കാൻ കൊടുക്കുന്നതിലും വലുതെന്താണുള്ളത്. തീർച്ചയായും ഇത്തരം പ്രവർത്തനങ്ങൾ മതത്തിനപ്പുറം എല്ലാ സംഘടനകളും അനുകരിക്കേണ്ടതാണ്. മാത്രമല്ല, നാട്ടിലെ എല്ലാ സംഘടനകളും ഒരുമിച്ചു സമ്മർദ്ദം ചെലുത്തിയാൽ ഗവൺമെന്റും സ്വന്തം കടമകൾ കുറച്ചുകൂടി കാര്യക്ഷമമായി നടത്തും എന്നു തോന്നുന്നു.

**ധനുഷ് പി. കെ**,
കൊച്ചി

## സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ

സഭാപാരമ്പര്യമനുസരിച്ച് ഔദ്യോഗിക സഭാനേതൃത്വത്തിന്റെ കൈകളിലാണ് സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ എന്ന മുൻചിന്താഗതിയിൽ നിന്നും വളരെ വ്യത്യസ്തമായ ഒരു ആശയമാണ് എ. ഡി. പോളിന്റെ "സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ" എനിക്ക് സമ്മാനിച്ചത്. ദ് കീസ് ഓഫ് ദ കിങ്ഡം (The Keys of the Kingdom) എന്ന എ. ജെ. ക്രോണിന്റെ നോവലിൽ അവതരിപ്പിച്ച മുഖ്യകഥാപാത്രമായ ഫാ. ചിസോമിന്റെ ജീവിതാനുഭവങ്ങൾ ഒത്തിരി ചോദ്യങ്ങൾ മനസ്സിൽ ഉയർത്തി. എളിമയും, സമർപ്പണബുദ്ധിയും, നിസ്വാർത്ഥതയും നിറഞ്ഞ അദ്ദേഹത്തെപോലുള്ള വൈദികരെയാണ് ഇന്നത്തെ സമൂഹത്തിന് ആവശ്യം. കടുത്ത പ്രതിസന്ധികളിൽ അടിയുറച്ച വിശ്വാസമായിരുന്നു ചിസോമിനെ മുന്നോട്ട് പോകുവാൻ പ്രേരിപ്പിച്ചത്. ഫാ. ചിസോമിനെപ്പോലെയുള്ള തീക്ഷ്ണമതികളായ അജപാലകരുടെ കരങ്ങളിലാണ് "സ്വർഗ്ഗരാജ്യത്തിന്റെ യഥാർത്ഥ താക്കോലുകൾ" എന്നതിനോട് നൂറുശതമാനം ഞാൻ യോജിക്കുന്നു. ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന ഇത്തരം ലേഖനങ്ങൾ കാരുണികനിൽ നിന്നും ഇനിയും പ്രതീക്ഷിക്കുന്നു.

**മേരി ഹണി ഒ. ജെ.** വല്ലാർപാടം

## അനിൽ അക്കര

അടാട്ട് പഞ്ചായത്തിന്റെ വിജയഗാഥ രചിക്കുന്നതിന് മുൻകൈ എടുത്ത ആന്റോ അക്കരയ്ക്ക് അഭിനന്ദനങ്ങൾ. കത്തോലിക്കന്റെ സാമൂഹ്യപ്രതിബദ്ധതയ്ക്ക് ഒരു നല്ല ഉദാഹരണമാണ് അദ്ദേഹം. മാത്രമല്ല, ഒരു ജനനേതാവിന് സന്മനസ്സുണ്ടെങ്കിൽ നമ്മുടെ നാടിനെ മാറ്റിയെടുക്കാൻ കഴിയും എന്നത് എല്ലാവർക്കും പ്രചോദനമാകേണ്ടതാണ്. രാഷ്ട്രീയ കവാത്തുകൾക്കും കസർത്തുകൾക്കുമപ്പുറം ജനങ്ങളുടെ ജീവിതപ്രശ്നങ്ങൾ പഠിക്കുവാനും പരിഹാരം കണ്ടെത്തുവാനും കഴിയാത്ത നേതാക്കൾ കേരളത്തിനു ശാപവും ഭാരവുമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ശ്രീ ആന്റോയുടെ ഉദ്യമങ്ങൾ ഒരു പുതിയ നേതൃത്വസംസ്ക്കാരത്തിന് വഴിതുറക്കട്ടെ എന്ന് ആശംസിക്കുന്നു.

**നിർമ്മല ജോബ്**, അങ്കമാലി

## ഇ.ജെ. ജയിംസ്

കേരളത്തിന്റെ കുടിവെള്ള പ്രശ്നത്തിന്റെ വിവിധ വശങ്ങളെ ശാസ്ത്രീയമായും ആധികാരികമായും അവലോകനം ചെയ്യുവാൻ ഡോ. ഇ. ജെ. ജയിംസിനു കഴിഞ്ഞു. ശാസ്ത്രീയമായ കണ്ടെത്തലുകളെ ലളിതമായി, ഉദാഹരണങ്ങളിലൂടെ നിരത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അല്പം മനഃശക്തിയും അധ്വാനിക്കുവാൻ സന്മനസ്സുമുണ്ടെങ്കിൽ നമുക്കു നേടാവുന്നതേറെ ആണെന്നും അദ്ദേഹം സൂചിപ്പിക്കുന്നു. ജലസംരക്ഷണത്തെക്കുറിച്ചും, സംഭരണത്തെക്കുറിച്ചും ബോധവത്ക്കരണം നടത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്കും അദ്ദേഹം വിരൽചൂണ്ടുന്നു. തീർച്ചയായും ധാരാളം വിദ്യാലയങ്ങളും പള്ളികളും അവയിലൂടെ ജനങ്ങളും കുട്ടികളും ആയി അടുപ്പമുള്ള സഭയ്ക്ക് ഈ മേഖലയിൽ വളറെ ഏറെ ചെയ്യുവാൻ കഴിയും എന്നാണ് എന്റെ എളിയ അഭിപ്രായം. ഗവൺമെന്റിൽ ജനങ്ങളെക്കൊണ്ട് സമ്മർദ്ദം ചെലുത്തുക എന്നതും ഇതിന്റെ ഭാഗമാണ്. ഡോ. ജയിംസിനും കാരുണികനും നന്ദി.

**പ്രൊഫ. ജോസഫ് വി. ജെ.**, കോട്ടയം

www.malankaralibrary.com



# പള്ളികളെയും ദയറകളെയും കാത്തുകൊള്ളേണമേ...

ഇടവക വൈദികരുടെയും സന്യസ്തവൈദികരുടെയും ശുശ്രൂഷകളുടെ പരസ്പര പൂരകത്വത്തിന്റെ പ്രത്യേക ചരിത്രമാണ് മലങ്കര കത്തോലിക്കാസഭക്കുള്ളത്. സഭയുടെ മേജർ ആർച്ച്ബിഷപ്പ് ബസേലിയോസ് മാർ ക്ലീമിസ് പിതാവ് ഈ വിഷയത്തെക്കുറിച്ച് സംസാരിക്കുന്നു.

■ സന്യസ്തവൈദികരുടെ പ്രധാന ശുശ്രൂഷാ മേഖലകൾ ഏതൊക്കെയാണെന്ന് പറയാമോ?

ഇടവകകേന്ദ്രീകൃതമായ അജപാലനശുശ്രൂഷാ പ്രധാനമായും ഇടവക വൈദികരുടെ ശുശ്രൂഷാ മേഖലയാണ്. എന്നാൽ ഈ പരിധിക്കപ്പുറത്തുള്ള ശുശ്രൂഷകളുണ്ട്. ഉദാഹരണത്തിന്, എച്ച്.ഐ.വി. ബാധിതരെ ശുശ്രൂഷിക്കുന്നത്. ഇതും ഇതുപോലുള്ള മറ്റെല്ലാ ജീവകാരുണ്യപ്രവർത്തനങ്ങളും സാമൂഹ്യനീതിക്കായുള്ള മുന്നേറ്റങ്ങളും സന്യസ്തരുടെ ശുശ്രൂഷാ മേഖലകളായി കാണാം. ഇടവക ശുശ്രൂഷയുടെ പരിധിക്ക് അപ്പുറത്താണ് ഇത്തരം പല ശുശ്രൂഷകളും.

■ ഈ രണ്ട് ശുശ്രൂഷകളുടെ സഹകരണം മെച്ചപ്പെടുത്താൻ രൂപതാ തലത്തിൽ എന്ത് ചെയ്യാനാവും?

ഏറ്റവും പ്രധാനം സഭയെക്കുറിച്ചുള്ള കാഴ്ചപ്പാടാണ്. സഭയുടെ പ്രാദേശിക ഘടകമാണ് രൂപത. രൂപത എന്നു പറഞ്ഞാൽ മെത്രാനാണോ? അതോ രൂപതാ വൈദികർ മാത്രമാണോ? അല്മായ സമൂഹമാണോ? അതോ സന്യസ്ത വൈദികരാണോ? രൂപതാദ്ധ്യക്ഷനായ മെത്രാന്റെ നേതൃത്വത്തിൽ ഇവരെല്ലാം ഒരുമിച്ചു കൂടുന്നതാണ് രൂപത. രൂപതാവൈദികരുടെ മാത്രം സ്വത്തല്ല രൂപത. മറിച്ച് സന്യസ്ത വൈദികരുടെയും കൂടിയാണത്. മെത്രാൻ എല്ലാവരുടെയും പിതാവാണ്, അങ്ങനെയാകണം.

■ സന്യസ്ത വൈദികരെക്കുറിച്ചുള്ള മറുപക്ഷത്തിന്റെ കാഴ്ചപ്പാട് എന്തായിരിക്കണം?

രൂപതാ വൈദികരുടെ അനുബന്ധമായിട്ട് (appendix) സന്യസ്ത വൈദികരെ കാണരുത്. ഇരുകൂട്ടരും, ഇരുവരുടെയും ശുശ്രൂഷകളും പരസ്പര പൂരകങ്ങളാണ്. അങ്ങനെ തന്നെ കാണണം. ഈ കാഴ്ചപ്പാട് എല്ലാ മേഖലകളിലും പ്രചരിപ്പിക്കുകയും വേണം.

■ സന്യസ്തരുടെ കാഴ്ചപ്പാടിനെക്കുറിച്ച് എന്തെങ്കിലും പറയാനുണ്ടോ?

സഭാവിജ്ഞാനീയത്തെക്കുറിച്ചും സഭാഘടകങ്ങളെക്കുറിച്ചുമുള്ള വ്യക്തത എല്ലാവർക്കും ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. ഏറ്റവും കൂടുതൽ അവ്യക്തത നിലനിൽക്കുന്നത് പൊന്തിഫിക്കൽ സന്യാസ സമൂഹങ്ങളുടെ അവകാശങ്ങളെക്കുറിച്ചാണ്. സന്യാസസമൂഹങ്ങൾക്ക് അവരുടേതായ നൈയാമിക അസ്തിത്വമുണ്ട്. പൊന്തിഫിക്കൽ സന്യാസ സമൂഹങ്ങളെന്നു പറഞ്ഞാൽ മാർപാപ്പയ്ക്കു ചുറ്റും ശുശ്രൂഷ ചെയ്യുന്നവർ എന്നല്ല അർത്ഥം. അതിനാൽ രൂപത

www.malankaralibrary.com

മെത്രാന് അവർ അതീതരാണെന്നും അർത്ഥമില്ല. പൊന്തിഫിക്കൽ സമൂഹങ്ങളും ശുശ്രൂഷ ചെയ്യുന്നത് സഭയുടെ പ്രാദേശിക ഘടകങ്ങ ളായ രൂപതകളിൽ തന്നെയാണ്. രൂപതാദ്ധ്യക്ഷനായ മെത്രാന്റെ നേതൃത്വത്തിൽ രൂപതയെന്ന ദൈവജന സമൂഹത്തെ പരിപോഷിപ്പിക്കാനുള്ള ശുശ്രൂഷയിലാണ് അവരും പങ്കു ചേരുന്നത്. ഇത്തരം ശുശ്രൂഷ അവർ ആഗോളതലത്തിൽ നടത്തുന്നു. അങ്ങനെ അവർ പൊന്തിഫിക്കൽ സമൂഹങ്ങളായി മാറുന്നു.

■ മലങ്കര കത്തോലിക്കാ സഭയുടെ പശ്ചാത്തലത്തിൽ പറഞ്ഞാലോ?

സന്യസ്തർ സമർപ്പിതരായിരിക്കുന്നതും അ ദ്ധ്വാനിക്കുന്നതും സഭക്ക് വേണ്ടിയിട്ടാണ്, ദൈവജനത്തിന് വേണ്ടിയിട്ടാണ്. സന്യാസം സഭയെ ബലപ്പെടുത്താനുള്ളതാണ്. സന്യാസം സഭയുടെ സമ്പത്താണ്. മലങ്കര സഭയുടെ പ്രാർത്ഥനയിൽ "പള്ളികളെയും ദയറകളെയും (സന്യാസാശ്രമങ്ങളെയും) കാത്തുകൊള്ളണമേ" എന്നൊരു പ്രാർത്ഥനയുണ്ട്. ഇടവക പള്ളികളും ദയറകളും സഭയുടെ സമ്പത്താണ്, സഭയ്ക്ക് വേണ്ടിയാണവ രണ്ടും.

■ സന്യസ്ത വൈദികരുടെയും ഇടവകവൈദിക രുടെയും ശുശ്രൂഷാ മേഖലകൾ തമ്മിൽ സംഘർഷം ഉണ്ടാകുമ്പോൾ എന്തു ചെയ്യണം?

ഉദാരതയോടുള്ള സമീപനം ഇരുകൂട്ടരും സ്വീകരിക്കേണ്ടതാണ്. സഭയുടെ നന്മയായിരിക്കണം എല്ലാവരുടെയും ലക്ഷ്യം. സന്യാസസഭകൾ കാണിക്കുന്ന ചില മാതൃകകൾ വളരെ പ്രശംസനീയമാണ്. ഏറ്റവും ശ്രദ്ധേയം മിഷൻ പ്രദേശങ്ങളിലെ മാതൃകകളാണ്. അവിടെ സന്യസ്ത വൈദികർ പ്രാദേശിക സഭയെ വളർത്തിയെടുക്കാൻ കഠിനാദ്ധ്വാനം ചെയ്തിട്ട് പ്രാദേശിക സഭ സ്വന്തം കാലിൽ നില്ക്കാറാകുമ്പോൾ സ്ഥാപനങ്ങളും മറ്റും അവർക്ക് കൈമാറിയിട്ട് അടുത്ത മിഷൻ പ്രദേശത്തേക്ക് മാറിപ്പോകുന്ന രീതി ഏറ്റവും ശ്ലാഘനീയമാണ്.



■ ഇടവക വൈദികരും സന്യസ്ത വൈദികരും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താൻ എന്ത് നിർദ്ദേശമാണ് അങ്ങേയ്ക്കുള്ളത്?

ഏറ്റവും പ്രധാനം ഒരുമിച്ചുകൂടലിനും ചർച്ചകൾക്കുമുള്ള അവസരങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ്. ഇടവക തലത്തിലും, ഫൊറോന തലത്തിലും, രൂപതാ തലത്തിലും ഇത്തരം ഒരുമിച്ചു കൂടലുകൾ നടക്കണം. രണ്ടു കൂട്ടരും ഒരുമിച്ച് സഭാഗാത്രത്തിന്റെ വളർച്ചക്കായിട്ടാണ് അദ്ധ്വാനിക്കുന്നത് എന്ന ധാരണ വളർത്തിയെടുക്കാൻ ഇതിലൂടെ സാധിക്കും. ദൈവജനമാകുന്ന സഭയുടെ വളർച്ചയും നന്മയുമാണ് ഇരു ശുശ്രൂഷകളുടെയും ലക്ഷ്യം. പരസ്പരം ബന്ധം വർദ്ധിപ്പിക്കുകയും ആശയവിനിമയം പുഷ്ടപ്പെടുത്തുകയും ചെയ്യുമ്പോൾ സഹകരണവും വർദ്ധിച്ചു വരും.

■ മെത്രാന്മാരെ തിരഞ്ഞെടുക്കുന്നത് ഇടവക വൈദികരിൽ നിന്ന് മാത്രമായിട്ട് ചുരുക്കണോ, അതോ സന്യസ്ത വൈദികരിൽ നിന്നും കൂടി എന്നു വയ്ക്കണോ? ഏതാണ് നല്ലത്?

ഏറ്റവും പ്രധാന മാനദണ്ഡം ദൈവജനത്തിന്റെ നന്മയാണ്. ദൈവജനത്തെ നയിക്കാൻ കഴിവും പ്രാപ്തിയുമുള്ളയാൾ ആരാണ് എന്നാണ് അന്വേഷിക്കേണ്ടത്. അയാൾ അവിടുത്തെ രൂപതാ വൈദികരിൽ നിന്നോ സന്യസ്ത വൈദികരിൽ നിന്നോ ആകാം. ഇത്തരമൊരു രീതിയാകും കൂടുതൽ അഭികാമ്യം. ■

www.malankaralibrary.com



# ഇടവകയും ഗൊവേന്തയും

സ്റ്റാഫ് പ്രതിനിധി

കത്തോലിക്കാ പൗരോഹിത്യത്തിന് രണ്ട് കൈവഴികളുണ്ട്. ഇടവക വൈദികരും, സന്യസ്ത വൈദികരും. കേരളത്തിലുണ്ടായ എല്ലാ പുരോഹിത സമൂഹങ്ങളുടെയും സ്ഥാപകർ ഇടവക വൈദികരായിരുന്നു എന്നതാണ് കൗതുകകരം. ഈ രണ്ടു ഗണത്തിന്റെയും ശുശ്രൂഷകളെ സഭാനന്മക്കായി എങ്ങനെ സമന്വയിപ്പിക്കാം?

വൈദികവർഷത്തിന്റെ ആഘോഷങ്ങൾ കേരളസഭയിൽ പലതലങ്ങളിൽ നടക്കുന്നു കൊണ്ടിരിക്കുകയാണ്. അനേക സത്ഫലങ്ങൾ ഉളവാക്കാൻ വൈദികവർഷാചരണത്തിനു കഴിഞ്ഞു എന്നതാണ് പരക്കെ അംഗീകരിക്കപ്പെടുന്ന സത്യം. കാരണം, സഭയ്ക്കും പൊതുസമൂഹത്തിനുമായി ജീവിതം സമർപ്പിച്ചു കടന്നുപോകുന്നവരെ അനുസ്മരിക്കുവാനും അവരുടെ സേവനങ്ങളെ വിലമതിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനുമുള്ള അവസരങ്ങൾ മിക്കയിടത്തും ഉണ്ടായി.

പൗരോഹിത്യശുശ്രൂഷയുടെ നവീകരണത്തിനും ശക്തിപ്പെടുത്തലിനുമുള്ള ശ്രമങ്ങളും പലയിടത്തും നടക്കുന്നുണ്ട്. ഇതും ശുഭോദർക്കമായ സംഗതിയാണ്.

അതോടൊപ്പം വൈദികകൂട്ടായ്മകളെ ബലപ്പെടുത്താനും ചൈതന്യവത്താക്കാനുമുള്ള പരിശ്രമങ്ങളും പലയിടത്തും ഉണ്ടായിട്ടുണ്ട്. രൂപതാതലങ്ങളിലും പ്രാദേശികതലങ്ങളിലുമുള്ള വൈദികകൂട്ടായ്മകളുടെ കാര്യത്തിൽ ഇത് സത്യമാണ്.

## രണ്ടുതരം വൈദികർ

കേരളസഭയുടെ സവിശേഷശ്രദ്ധ പതിയേണ്ട മറ്റൊരു രംഗത്തെയാണ് നാമിവിടെ ചർച്ചാവിഷയമാക്കുന്നത്. കത്തോലിക്കാസഭയിൽ പൗരോഹിത്യത്തിന് രണ്ട് കൈവഴികളുണ്ട്–ഇടവക വൈദികരും, സന്യാസ വൈദികരും. രണ്ടിന്റെയും ചരിത്രപരമായ ഉത്ഭവവും വളർച്ചയുമല്ല ഇവിടുത്തെ ചർച്ചാവിഷയം. മറിച്ച് ഇന്ന് കേരളസഭയിൽ നിലവിലിരിക്കുന്ന ഈ രണ്ടുതരം പൗരോഹിത്യശുശ്രൂഷകളുടെ പാരസ്പരികതയെ വിലയിരുത്തുകയും എങ്ങനെ അവയെ സഭാവളർച്ചയ്ക്കായി ഉപയോഗിക്കാമെന്ന് ചർച്ചചെയ്യുകയുമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

## ഇടവക വൈദികർ സന്യാസസമൂഹങ്ങൾ തുടങ്ങുന്നു

കേരളസഭയുടെ പരിവൃത്തത്തിലാണ് നമ്മുടെ ഈ ചർച്ച മുന്നേറുന്നത്. കേരളകത്തോലിക്കാ സഭയിലെ

www.malankaralibrary.com





സന്യാസസമൂഹങ്ങളെ എടുത്താൽ അവയിൽ എല്ലാം തന്നെ തുടങ്ങിയത് ഇടവക വൈദികരാണെന്ന് കാണാൻ പറ്റും.

ഇന്ത്യയിലെ ആദ്യത്തെ ഏതദ്ദേശീയ സന്യാസ സമൂഹം സി. എം. ഐ സന്യാസസമൂഹമാണ്. അതിന്റെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ഇടവക വൈദികനായിരുന്നു. ഇതു തന്നെയാണ് വിൻസെൻഷ്യൽ സന്യാസമൂഹത്തിന്റെ കാര്യത്തിലും സംഭവിച്ചത്. പതിറ്റാണ്ടോളം ഇടവക വൈദീകനായി ജോലി ചെയ്ത ശേഷമാണ് കാട്ടറാത്ത് വർക്കിയച്ചൻ ഒരു സന്യാസ സമൂഹത്തിന് രൂപം കൊടുക്കുന്നത്. സി. എസ്സ്. റ്റി. യുടെ സ്ഥാപകൻ ബസീലിയൂസച്ചനും സമാന ചരിത്രമാണുള്ളത്. എം.എസ്സ്.റ്റി. യുടെ കാര്യത്തിലാണെങ്കിൽ വയലിൽ പിതാവിന്റെയും, സൊസൈറ്റിയുടെ പ്രഥമ അംഗങ്ങളായ 16 അച്ചന്മാരുടെയും കാര്യം പരിഗണിക്കണം. പാലാ രൂപതയിലെ ഇടവ വൈദികരായിരുന്നു അവരെല്ലാം തന്നെ. ദിവ്യകാരുണ്യ മിഷനറി സഭയുടെ സ്ഥാപകരായ ആലക്കളത്തിലച്ചനും, പാറേടത്തിലച്ചനും ചങ്ങനാശ്ശേരി രൂപതയിലെ പ്രഗത്ഭരായ വൈദികരായിരുന്നു.

അല്പം വ്യത്യസ്ഥമായ കഥയാണ് ഓ.ഐ.സി എന്ന ബഥനി സമൂഹത്തിന് പറയാനുള്ളത്. ഓർത്തഡോക്സ് സഭയിലെ വൈദികനായിരുന്ന ഗീവർഗീസച്ചൻ ആ സഭയിൽ തന്നെ തുടങ്ങിയ സന്യാസ പ്രസ്ഥാനമായിരുന്നു ബഥനി ആശ്രമം. പുനരൈക്യത്തിലൂടെ കത്തോലിക്കാ സഭയിലേക്ക് പിന്നീടത് കടന്നുവന്നു.

ഇവിടെ പ്രകടമാകുന്ന ഒരു പൊതു സ്വഭാവമുണ്ട്. ഇടവക വൈദികർക്ക് തങ്ങളുടെ ശുശ്രൂഷ ചെയ്തു കൊണ്ടിരുന്നപ്പോൾ തന്നെ സന്യസ്ത വൈദികശുശ്രൂഷയുടെ ആവശ്യം അനുഭവപ്പെട്ടിരുന്നു. അവരുടെ ചിന്തയിൽ സന്യസ്ത ശുശ്രൂഷയുടെ മേഖലകൾ ഏതൊക്കെയായിരുന്നു എന്നതും കണ്ടെത്താവുന്നതേയുള്ളൂ. ചുരുക്കത്തിൽ ഇടവക വൈദികരുടെ അജപാലന ശുശ്രൂഷക്കപ്പുറത്ത് ചില ശുശ്രൂഷാ മേഖലകൾ സന്യസ്ത വൈദികരുടെ മേഖലകളായി സ്ഥാപകപിതാക്കന്മാരായ ഇടവക വൈദീകർ തന്നെ നിദർശനം ചെയ്തിരുന്നുവെന്നു സാരം. അങ്ങനെയെങ്കിൽ ഇടവക വൈദികരുടെയും സന്യസ്ത വൈദികരുടെയും ശുശ്രൂഷാ മേഖലകളും അവയുടെ അതിർത്തികളും നിർണ്ണയിക്കാവുന്നതെയുള്ളൂ. പരസ്പര പൂരകങ്ങളായ ഈ രണ്ടു പൗരോഹിത്യ ശുശ്രൂഷകളെ ക്രിയാത്മകമായി ഉപയോഗിക്കുന്നിടത്താണ് സഭാഗാത്രത്തിന്റെ വളർച്ച സമ്പൂർണ്ണമാകുന്നത്.

www.malankaralibrary.com



## സംഭാവനകൾ

സന്യാസസമൂഹങ്ങൾ കേരളസഭയ്ക്ക് നല്കിയ സംഭാവനകൾ ഏറെയാണ്. പരമ്പരാഗത ഇടവകകൾക്കപ്പുറത്തുള്ള ശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കുന്നതിൽ അവർ മുൻപന്തിയിൽ നിന്നിരുന്നു. വിദ്യാലയങ്ങളും, ആതുരാലയങ്ങളും, സാമൂഹ്യസേവന മേഖലകളും അവർ ശുശ്രൂഷയുടെ രംഗങ്ങളാക്കി മാറ്റി. അതോടൊപ്പം തന്നെ ഇടവക വൈദികർ കയറിച്ചെല്ലാത്ത അജപാലനമേഖലകളിലേയ്ക്ക് മുന്നിട്ടിറങ്ങിയതിന്റെ ക്രെഡിറ്റ് സന്യസ്തവൈദികർക്ക് കൊടുക്കേണ്ടിയിരിക്കുന്നു.മലബാറിലെയും ഹൈറേഞ്ചിലേയും കുടിയേറ്റമേഖലകളിലെ ആദ്യകാല അജപാലകരിൽ പലരും ഗൊവേന്തപട്ടക്കാരായിരുന്ന കാര്യം ജനം ഇന്നും കഥകളായി അനുസ്മരിക്കുന്നു.

മിഷൻ പ്രദേശങ്ങളിലേക്കുള്ള മുന്നേറ്റമായിരുന്നു സന്യസ്ത വൈദികരുടെ ഏറ്റവും വലിയ സംഭാവന. കൂടാതെ, ജോലിതേടി വിദേശത്തേയ്ക്ക് കുടിയേറിയ പ്രവാസി മലയാളികളുടെയിടയിലേക്കും അവർ ഇറങ്ങി പുറപ്പെട്ടു. അമേരിക്കയിലും കാനഡായിലും യൂറോപ്പിലുമൊക്കെ സംഭവിച്ചതിതുതന്നെയാണ്.

## സംഘർഷത്തിന്റെ സാധ്യതകൾ

പരസ്പരപൂരകങ്ങളായി വർത്തിച്ചിരുന്ന രീതിയായിരുന്നു ഇടവക വൈദികരും സന്യാസവൈദികരും തമ്മിലുണ്ടായിരുന്നത്. സന്യാസസമൂഹങ്ങളുടെ തുടക്കത്തിലും വളർച്ചയുടെ കാലഘട്ടങ്ങളിലും ഇതു തന്നെയായിരുന്നു സ്ഥിതി.

എന്നാൽ ഇന്ന് പലയിടങ്ങളിലും സ്ഥിതി മാറിത്തുടങ്ങിയിട്ടുണ്ട് എന്നതാണ് വസ്തുത. സംഘർഷത്തിന്റെയും സംശയത്തിന്റെയും അന്തരീക്ഷം പല സ്ഥലങ്ങളിലും നിലനില്പില്ലേ? പല സംഘർഷങ്ങളും ഇരുകൂട്ടർക്കും തൃപ്തികരമായ രീതിയിൽ പരിഹൃതമാകാതെ പോകുന്നില്ലേ? കത്തോലിക്കാ സഭയുടെ വളർച്ചയെയും പൊതുനന്മയെയും ഇത്തരം സംഘർഷങ്ങൾ ദോഷകരമായി ബാധിക്കുന്നില്ലേ? വൈദിക വർഷത്തിൽ സഭാ നേതൃത്വം വിലയിരുത്തുകയും പരിശോധിക്കുകയും ചെയ്യേണ്ട കാര്യങ്ങൾ തന്നെയാണി

www.malankaralibrary.com

വയെന്നു തോന്നുന്നു. അങ്ങനെയെങ്കിൽ പരസ്പര ബന്ധം എല്ലാ തലങ്ങളിലും മെച്ചപ്പെടുത്താനും ശുശ്രൂഷാമേഖലകളിൽ കൂടുതൽ ക്രിയാത്മക സഹ കരണം വളർത്തിയെടുക്കാനുമുള്ള ശ്രമങ്ങൾക്കാണ് വൈദികവർഷത്തിൽ നാം മുൻതൂക്കം കൊടുക്കേണ്ടത്.

## ശുശ്രൂഷയുടെ അതിർത്തികൾ

ഇടവക വൈദികരുടെയും സന്യസ്തവൈദികരുടെയും ശുശ്രൂഷാമേഖലകളെക്കുറിച്ചുള്ള അവ്യക്തത ചില മേഖലകളെ സംബന്ധിച്ചെങ്കിലും നിലനില്ക്കുന്നുണ്ട്. എന്നു മാത്രമല്ല ശുശ്രൂഷാമേഖലകളുടെ അതിർത്തികളെക്കുറിച്ചും അവ്യക്തതയുണ്ട്. അതുകൊണ്ടുതന്നെ ഒരു പക്ഷത്തുനിന്നുള്ള ആത്മാർത്ഥമായ ശുശ്രൂഷാ പ്രവർത്തനം അതിർത്തിയുടെ അതിലംഘനമായി മറുപക്ഷത്തിന് അനുഭവപ്പെടുന്ന അവസരങ്ങൾ പലപ്പോഴും ഉണ്ടാകുന്നുണ്ട്.

ഇരുകൂട്ടരുടെയും ശുശ്രൂഷാമേഖലകൾ ഏതൊക്കെയാണെന്നും ഓരോ ശുശ്രൂഷാ മേഖലയുടെയും അതിർത്തികൾ ഏതൊക്കെയാണെന്നുമുള്ള വ്യക്തത നിശ്ചയിക്കപ്പെടണം. സഭാനേതൃത്വത്തിനുതന്നെ ഈ കാര്യത്തിൽ വ്യക്തമായ കാഴ്ചപ്പാട് ഉണ്ടാകണം. അത് എല്ലാവർക്കും സ്വീകാര്യമാവുകയും എല്ലാവരും അംഗീകരിക്കുകയും വേണം.

പരസ്പരം അംഗീകരിച്ചുകൊണ്ടുള്ള ശുശ്രൂഷാ പ്രവർത്തനങ്ങളിലൂടെ മാത്രമേ പരസ്പര സഹകരണം വളർത്തിക്കൊണ്ടുവരാൻ പറ്റുകയുള്ളൂ. പരസ്പരം ബഹുമാനത്തിലൂന്നിയ പരസ്പര സഹകരണത്തിനു മാത്രമേ ദീർഘായുസ്സ് ഉണ്ടായിരിക്കുകയുള്ളൂ.

## സംഭാഷണവും കൂട്ടായ്മയും

ഇടവക വൈദികരും, സന്യസ്തവൈദികരും തമ്മിലുള്ള സംഭാഷണത്തിന്റെ വേദികൾ വളർത്തിക്കൊണ്ടുവരണം. പതിവായി ഒരുമിച്ചുകൂടുന്ന രീതി ചിലയിടങ്ങളിലെങ്കിലും നിലനില്ക്കുന്നുണ്ട്. അത്തരം വൈദികസംഗമങ്ങളെ പ്രോത്സാഹിപ്പിക്കണം. വൈദികശുശ്രൂഷയുടെ പശ്ചാത്തലത്തിലുള്ള ഒരുമിച്ചുകൂടലും സംഭാഷണവും സഭാകൂട്ടായ്മയെ തന്നെ ശക്തിപ്പെടുത്തും.

## ശരിയായ സഭാവിജ്ഞാനീയം

കത്തോലിക്കാസഭയുടെ എക്ലേസിയോളജിയെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാട് ഇടവക വൈദികർക്കും സന്യാസവൈദികർക്കും ഉണ്ടായിരിക്കണം. രൂപതാമെത്രാന്റെ നേതൃത്വത്തിലുള്ള പ്രാദേശിക സഭയുടെ ഘടകങ്ങളാണെന്ന ധാരണ ഇരുകൂട്ടർക്കും വ്യക്തമായിരിക്കണം. സഭാശുശ്രൂഷയിൽ സന്യാസ വൈദികരുടെ വിളിയെയും സ്ഥാനത്തെയും കുറിച്ച് ഇടവക വൈദികരും ബോധവാന്മാരായിരിക്കണം. ശരിയായ എക്ലേസിയോജിക്കൽ ധാരണകളില്ലാത്തതാണ്, അഥവാ തെറ്റായ ധാരണകൾ വച്ചുപുലർത്തുന്നതല്ലേ പലപ്രശ്നങ്ങളുടെയും മൂലകാരണമെന്നും ചിന്തിക്കേണ്ടതുണ്ട്.

## വൈദികകൂട്ടായ്മ-എക്യുമെനിക്കൽ തലത്തിൽ

എപ്പിസ്കോപ്പൽ സഭകളുടെ മെത്രാന്മാർ ഒരുമിച്ചുകൂടുന്ന രീതി ഈ അടുത്തകാലത്ത് കേരളസഭയിൽ വളർന്നുവന്നിട്ടുണ്ട്. ഏറെ പ്രോത്സാഹിപ്പിക്കപ്പെടേണ്ട ഒരു രീതിയാണിത്. കാരണം ക്രിസ്തീയ കൂട്ടായ്മ സഭകളുടെയെല്ലാം പൊതു ലക്ഷ്യമാണല്ലോ.

എങ്കിൽ എന്തുകൊണ്ട് ഈ കൂട്ടായ്മ വൈദിക

> ശുശ്രൂഷാ മേഖലകളിൽ കൂടുതൽ ക്രിയാത്മക സഹകരണം വളർത്തിയെടുക്കാനുമുള്ള ശ്രമങ്ങൾക്കാണ് വൈദികവർഷത്തിൽ നാം മുൻതൂക്കം കൊടുക്കേണ്ടത്.

തലത്തിലേയ്ക്കുകൂടി വ്യാപിപ്പിച്ചുകൂടാ?. അകത്തോലിക്കാസഭകളിലെ വൈദികരുമായുള്ള ഒരുമിച്ചുകൂടലുകൾക്ക് പ്രാദേശികതലത്തിൽ കത്തോലിക്കാ വൈദികർക്ക് നേതൃത്വം കൊടുക്കാവുന്നതാണ്. ഇത്തരം സംരംഭങ്ങൾ ചില സ്ഥലങ്ങളിൽ ഫലപ്രദമായി നടക്കുന്നുണ്ട്. കേരളത്തിലാകമാനം ഇത്തരം കൂട്ടായ്മകൾക്ക് തുടക്കം കുറിക്കാനായാൽ വൈദിക വർഷാചരണത്തിന്റെ വലിയൊരു നേട്ടമായിരിക്കുമത് എന്നതിന് സംശയമില്ല. ■

www.malankaralibrary.com




# ചാവറ കുര്യാക്കോസച്ചൻ

(1805 – 1871)

ഫാ. തോമസ് പന്തപ്ലാക്കൽ സി. എം. ഐ

ഇന്ത്യയിലെ ആദ്യത്തെ തദ്ദേശിയ സന്യാസസമൂഹത്തിന് തുടക്കം കുറിച്ചത് മൂന്ന് ഇടവക വൈദികരാണ് – ചാവറയച്ചനും, പാലക്കലച്ചനും, പോരുക്കരയച്ചനും. സഭക്ക് ആവശ്യമായിരുന്നതും ഇടവകവൈദികർക്ക് അപ്രാപ്യമായിരുന്നതുമായ പല ശുശ്രൂഷാ മേഖലകളിലേക്കും കടന്നു ചെല്ലാൻ ഈ സമൂഹത്തിനായി.



ഭാരതസഭയുടെ ചരിത്രത്തിൽ 18–ാം നൂറ്റാണ്ടിനു മുമ്പുള്ള കാലഘട്ടത്തിൽ ചില സന്യാസ സമൂഹങ്ങൾ ഉണ്ടായിരുന്നതായി ചിത്രകാരന്മാർ സൂചിപ്പിക്കുന്നുണ്ടെങ്കിലും 1653 ലെ 'കൂനൻകുരിശു' സത്യത്തെ തുടർന്നുള്ള പ്രതിസന്ധികളോടെ അത്തരം സമൂഹങ്ങൾ നിലനിന്നിട്ടില്ല എന്നതാണ് വസ്തുത. 19–ാം നൂറ്റാണ്ടായപ്പോഴേക്കും കേരളസഭ യിലെ ആവശ്യങ്ങളും പ്രശ്നങ്ങളും നിരവധിയായി. അന്നുണ്ടായിരുന്ന വൈദികർക്ക് ഏറ്റെടുക്കാവുന്നതിലും അധികം വെല്ലുവിളികൾ അജപാലന രംഗത്തുണ്ടായി.

## വെല്ലുവിളികൾ

കേരളസഭയിൽത്തന്നെ സുറിയാനി, ലത്തീൻ, യാക്കോബായ എന്നീ തിരിവുകൾ ശക്തമായി. പ്രൊട്ടസ്റ്റന്റു മിഷനറിമാരുടെ രംഗപ്രവേശത്തോടെ സഭ വീണ്ടും വിഭജിക്കപ്പെട്ടുകൊണ്ടിരുന്നു. പുതിയ പുതിയ സെക്ടുകളും രൂപംകൊണ്ടു. ഇടവക സെമിനാരികളിലെ വൈദികപരിശീലനത്തിന്റെ പരിമിതികൾ കൂടുതൽ വ്യക്തമായിത്തുടങ്ങി.

കത്തോലിക്കാ വിശ്വാസത്തെ നിലനിർത്തുവാൻ ആവശ്യമായ അറിവും പക്വതയുമുള്ള വൈദികർ ധാരാളം ആവശ്യമായി. ക്രിസ്തീയ സമൂഹത്തെ കൂടുതൽ നവീകരണ രംഗത്തേയ്ക്കു നയിക്കുവാൻ കഴിവുള്ള വൈദികർ വേണ്ടിയിരുന്നു. സഭയ്ക്കുള്ളിൽ അനൈക്യവും മേലധികാരികളോടും ഭരണസംവിധാനങ്ങളോടുമുള്ള അകൽച്ചയും വലുതായിത്തുടങ്ങി. എഴുതുവാനും വായിക്കുവാനും അറിയാത്ത ഒരു സമൂഹത്തിന് സാംസ്ക്കാരിക വികസനവും, ബൗദ്ധികവികാസവും, ഭൗതിക നേട്ടങ്ങളും കൈവരിക്കാൻ കഴിയുകയില്ല എന്ന തിരിച്ചറിവ് പലരിലും ഉണ്ടായി.

www.malankaralibrary.com

ആരും ശ്രദ്ധിക്കാനില്ലാത്ത വൃദ്ധരെയും വഴിപിഴച്ച വരെയും, അഗതികളെയുമൊക്കെ സംരക്ഷിക്കണം. ഇങ്ങനെ നിരവധി പ്രശ്നങ്ങളുടെയും ആവശ്യങ്ങളു ടെയും മുമ്പിൽ കേരളസഭ തേങ്ങി നില്ക്കുകയായി രുന്നു.

## ഇടവക വൈദികരുടെ കൂട്ടായശ്രമം

അപ്പോഴാണ് "ഈ മലയാളത്തിൽ പട്ടക്കാർക്കു പോലും ഒരു തപസ്സുഭവനം ഇല്ലായ്കയാൽ ഏറിയ നന്മകൾക്ക് വീഴ്ചയായിരിക്കകൊണ്ട് വല്ല പ്രകാര ത്തിലും പട്ടക്കാർക്ക് എങ്കിലും ഒരു ദർശനവീടുണ്ടാ കണം" എന്ന ആഗ്രഹത്തോടെ കേരള സുറിയാനി കത്തോലിക്കാ സഭയിലെ പാലക്കൽ തോമ്മാ മല്പാൻ, പോരുക്കര തോമ്മാച്ചൻ, ചാവറ കുര്യാക്കോസച്ചൻ എന്നീ മൂന്ന് ഇടവക വൈദികർ പ്രശ്ന പരിഹാരത്തി നായി കൂട്ടായ പ്രവർത്തനം എന്ന ആവശ്യവുമായി മുന്നോട്ടുവന്നത്. ഇവരാണ് സി. എം. ഐ. സന്യാസ സഭയുടെ സ്ഥാപക പിതാക്കന്മാർ. ഭാരതത്തിലെ ആദ്യത്തെ തദ്ദേശീയ സന്യാസസമൂഹത്തിന്റെ തുടക്ക ക്കാരാണ് ഇവർ.

1829 മുതൽ ഉള്ള സംഭവങ്ങളെ കൂട്ടിച്ചേർത്ത് ചാവറയച്ചൻ എഴുതിവച്ച നാളാഗമത്തിലെ ആദ്യ പേജിൽ കാണുന്ന മേലുദ്ധരിച്ച ഭാഗം വെളിപ്പെടുത്തു ന്നത് കൂട്ടായപ്രവർത്തനത്തിലൂടെ ഏറിയ നന്മകൾ ചെയ്യാനുള്ള അവരുടെ ഇച്ഛാശക്തിയെക്കുറിച്ചാണ്. മാർ തോമാശ്ലീഹായുടെ കാലം മുതൽ ഇന്നുവരെ വൈദികരുടെ ഇടയിൽപോലും പൊതുമേഖലകളിൽ ഒരുമിച്ചു പ്രവർത്തിക്കാനുള്ള ഒരു സന്യാസ സമൂഹം ഉണ്ടാകാതെ പോയതിലുള്ള ദുഃഖത്തെക്കുറിച്ചാണ്.

## കുടുംബനവീകരണം

1831 ലാണ് സി. എം. ഐ. സന്യാസസമൂഹം കോട്ടയത്തിനടുത്തുള്ള മാന്നാനം കുന്നിൽ സ്ഥാപിത മായത്. ഇവിടെ ഒരുമിച്ചുകൂടിയ ഇടവക വൈദിക സഹോദരങ്ങളുടെ ശ്രദ്ധ ഒന്നാമതായി പതിഞ്ഞത് കേരള സഭയുടെ രണ്ടാവശ്യങ്ങളിലായിരുന്നു. വൈദി കരുടെയും, കുടുംബ ജീവിതക്കാരുടെയും ആത്മീയ നവീകരണം. ഇതിനായി ചാവറയച്ചനും ആദ്യ അംഗ ങ്ങളും ടീമായി പ്രവർത്തിച്ചു തുടങ്ങി. രണ്ടുമൂന്നംഗ ങ്ങൾ ചേർന്ന് ഇടവകകൾ തോറും ധ്യാന പ്രസംഗ വുമായി പുറപ്പെട്ടു. ഇവരിലൂടെ വലിയ മാനസാന്തര ത്തിന്റെ ഫലങ്ങൾ കണ്ടുതുടങ്ങിയപ്പോൾ കേരള സഭയെ മുഴുവൻതന്നെ ഭരിച്ചു കൊണ്ടിരുന്ന വരാപ്പുഴ മെത്രാൻ സർക്കുലർ വഴി ഇടവക വികാരിമാരെ അറിയിച്ചു. എല്ലാ ലത്തീൻ പള്ളികളിലും സുറിയാനി പള്ളികളിലും തനിച്ചു നടത്താൻ പറ്റിയില്ലെങ്കിൽ അടുത്തുള്ള ഇടവകകൾ യോജിച്ച് മാന്നാനം ആശ്രമ ത്തിൽ നിന്നുള്ള അച്ചന്മാരെ ക്ഷണിച്ച് ധ്യാനം നടത്തിയിരിക്കണമെന്നും അവരെ വേണ്ടവണ്ണം സ്വീകരിക്കുകയും യാത്രയാക്കുകയും ചെയ്യണ മെന്നും. ധ്യാനം നടത്തിയ ഇടവകകളിലായിരുന്നു മെത്രാൻ തുടർന്നു സന്ദർശനം നടത്തിയിരുന്നത്.

ചാവറയച്ചൻ മെത്രാന്റെ അംഗീകാരത്തോടെ സുറിയാനി പള്ളികളെ പല സോണുകളായി തിരിച്ചു. ഓരോ സോണുകളിലേയ്ക്കും ഡെപ്യൂട്ടിമാരായി സി.

> "പട്ടക്കാർക്കു പോലും ഒരു തപസ്സുഭവനം ഇല്ലായ്കയാൽ ഏറിയ നന്മകൾക്ക് വീഴ്ചയായി രിക്കകൊണ്ട് വല്ല പ്രകാരത്തി ലും പട്ടക്കാർക്ക് എങ്കിലും ഒരു ദർശനവീടുണ്ടാകണം"

എം. ഐ. അംഗങ്ങളെ നിശ്ചയിച്ചു. "അവർ ആ പള്ളി കളിൽ ചുറ്റിനടന്ന് സ്കൂൾ നടത്തൽ, കുട്ടികളുടെ വേദപാഠപഠനം, ജനങ്ങളുടെ നല്ല വ്യാപാരം എന്നീ കാര്യങ്ങൾ അന്വേഷിക്കുകയും അതിനായി മെത്രാ പ്പോലീത്തയച്ചൻ കല്പിച്ചു നിശ്ചയിച്ച പല നിയമ ങ്ങൾ പോലെ അവർ തങ്ങളുടെ അധികാരത്തിൽപ്പെട്ട പള്ളികളിൽ ചുറ്റി നടന്ന് ആളുകളെ നടത്തിവരു കയും ചെയ്തു."

## വൈദിക നവീകരണം

സന്യാസാശ്രമങ്ങളുടെ നേതൃത്വത്തിൽ നടത്തിയ മറ്റൊരു കാര്യമായിരുന്നു വൈദികർക്കു വേണ്ടി ധ്യാനം സംഘടിപ്പിക്കുക എന്നത്. ഇത്തരത്തിൽ മാന്നാനവും ഏൽത്തുരുത്ത് ആശ്രമവുമൊക്കെ വൈദികർക്കു വേണ്ടിയുള്ള ധ്യാനകേന്ദ്രങ്ങളും കൂടിയായിരുന്നു എന്നുപറയാം. മെത്രാൻ പലപ്പോഴും വൈദികരെ ധ്യാനിക്കുവാൻ വേണ്ടി മാന്നാനത്തേ


www.malankaralibrary.com

മാന്നാനം ഗൊവേന്ത

യ്ക്ക് പറഞ്ഞയയ്ക്കുമായിരുന്നു. ഇങ്ങനെയുള്ള അവസരങ്ങളിൽ സന്യാസവൈദികർ ചെയ്തു കൊണ്ടിരിക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ നന്മ ഇടവക വൈദികർ തിരിച്ചറിഞ്ഞതുകൊണ്ടാണ് അവരുടെ പ്രദേശങ്ങളിൽ ആശ്രമങ്ങൾ തുടങ്ങുവാൻ അവർ തന്നെ മുൻകൈ എടുത്ത് ചാവറയച്ചനോട് ആവശ്യപ്പെട്ടിരുന്നത്.

## വൈദികപരിശീലനം

മാന്നാനത്ത് ആശ്രമം തുടങ്ങി രണ്ടു വർഷത്തിനുള്ളിൽ 1833 ൽ തന്നെ പൊതു സെമിനാരിയും ആരംഭിച്ചു. സീറോ മലബാർ സഭയുടെ ചരിത്രത്തിൽ ആദ്യമായി ഉണ്ടായ പൊതുസെമിനാരിയായിരുന്നു മാന്നാനത്തേത്. ഇവിടെ സന്യാസ വൈദികരാകേണ്ടവരുടെയും ഇടവക വൈദികരാകേണ്ടവരുടെയും പഠനം ഒരുമിച്ചായിരുന്നു. രണ്ടുകൂട്ടരുടെയും താമസവും മറ്റു പരിശീലനങ്ങളും വെവ്വേറെ ആയിരുന്നു. എങ്കിലും ഈ സെമിനാരി വളർന്ന് വലുതായി 150 പേർക്കുവരെ ഒരുമിച്ചു താമസിച്ചു പഠിക്കാവുന്ന കേന്ദ്രമായി മാറി.

മലബാർസഭയുടെ ചരിത്രത്തിൽ അഞ്ചും ആറും പേരെ മാത്രം ഒരുമിച്ചു താമസിപ്പിച്ചു പഠിപ്പിക്കാവുന്ന ഇടവക സെമിനാരികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. കാലക്രമേണ മാന്നാനത്തെ സെമനാരിയുടെ മേന്മ മനസ്സിലാക്കി മെത്രാൻ ഇടവക സെമിനാരികൾ നിർത്തലാക്കുകയും വാഴക്കുളം, ഏൽത്തുരുത്ത്, പുളിങ്കുന്ന് തുടങ്ങിയ ആശ്രമങ്ങളോടു ചേർന്ന് സെമിനാരികൾ ആരംഭിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. റോക്കോസ്, മേലൂസ്, ശീശ്മകളുടെ കാലത്ത് സഭയോടു വിശ്വസ്തരായി നിന്ന വൈദികരെല്ലാം തന്നെ ആശ്രമ സെമിനാരികളിൽ പഠിച്ചവരായിരുന്നു എന്നതും ചരിത്രവസ്തുതയാണ്.

## കാറ്റക്യൂമനേറ്റ്

കേരളസഭയുടെ മിഷൻ പ്രവർത്തനത്തിൽ ഏറ്റവും കൂടുതൽ അദ്ധ്വാനിച്ചിട്ടുള്ളത് സി.എം.ഐ. സഭയാണ് എന്നതും ചരിത്രത്തിന്റെ ഭാഗമാണ്. ആദ്യത്തെ വിശ്വാസ പരിശീലനകേന്ദ്രം (കാറ്റക്യുമനേറ്റ്) 1853 ഓടുകൂടി മാന്നാനത്തുണ്ടായി. 1950 കൾക്കു മുമ്പുണ്ടായ മിക്കവാറും ആശ്രമങ്ങളോടു ചേർത്ത് കാറ്റക്യുമനേറ്ററുകൾ തുടങ്ങിയിരുന്നു. മാന്നാനത്ത് ചില ദിവസങ്ങളിൽ നൂറിലേറെ മാമ്മോദീസകൾ നടക്കുമായിരുന്നെന്ന് അവിടുത്തെ നാളാഗമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സി. എം. ഐ. ജനറൽ ഹൗസിലെ ഒരു രേഖയിൽ 1860 നും 1960 നും ഇടയിൽ ആശ്രമങ്ങളിലൂടെ മാത്രം 48700 ലേറെ മാമ്മോദീസകൾ നടന്നിട്ടുണ്ട് എന്ന് കാണുന്നു.

## കൂട്ടായ്മയും എക്യുമെനിസ്സവും

കേരളസഭയെ ഗൗരവപൂർവ്വം ബാധിച്ച രണ്ടു ശീശ്മകളാണ് റോക്കോസ്, മേലൂസ് ശീശ്മകൾ. ഇവയെ നിർമ്മാർജ്ജനം ചെയ്യാൻ ആദ്യത്തേതിൽ വാഴ്ത്തപ്പെട്ട ചാവറയച്ചനും രണ്ടാമത്തേതിൽ അദ്ദേഹത്തിന്റെ അനുയായികളും വഹിച്ച പങ്ക് വളരെ വലുതായിരുന്നു. ഇതിന് വേണ്ടി അവർക്ക് ദേഹോപദ്രവം വരെ ഏൽക്കേണ്ടിവന്നു എന്നതും മാന്നാനം ഏൽത്തുരുത്ത് ആശ്രമങ്ങളെ കയ്യടക്കാൻ എതിർ പക്ഷക്കാർ ശ്രമിച്ചു എന്നുള്ളതും ചരിത്രം സാക്ഷിക്കുന്നു. രണ്ടു ശീശ്മയുടെയും അടിസ്ഥാന കാരണം സുറിയാനി റീത്തിൽ

www.malankaralibrary.com


തനതായ ഭരണസംവിധാനവും സ്വന്ത മെത്രാന്മാരും ഇല്ലാതായതാണ്. മലബാർ സഭയിലെ പ്രശ്നങ്ങൾ അവതരിപ്പിച്ചുകൊണ്ടും സ്വന്തം റീത്തിൽ മെത്രാനെ വേണമെന്നാവശ്യപ്പെട്ടുകൊണ്ടും മാർപാപ്പയ്ക്ക് എഴുതി എന്നതിന്റെ പേരിലാണ് സി.എം.ഐ. സഭയിലെ ഏഴ് വൈദികരെ വരാപ്പുഴ മെത്രാൻ സഭയിൽ നിന്നും ബഹിഷ്ക്കരിച്ചത്. ഇവർ സീറോമലബാർ സഭയിലെ 'ഏഴു വ്യാകുലങ്ങൾ' എന്നാണ് അറിയപ്പെടുന്നത്.

സഭയുടെ ഐക്യം നിലനിർത്തുന്നതിനും യാക്കോബായ സഭയിൽ നിന്നുള്ള പുനഃരൈക്യപ്രസ്ഥാനത്തിന് നേതൃത്വമെടുക്കുന്നതിലും ചാവറയച്ചനും കൂട്ടരും മുൻനിരയിൽ ഉണ്ടായിരുന്നു. പുനഃരൈക്യത്തിനുള്ള പ്രേരണ നല്കിക്കൊണ്ട് യാക്കോബായ മെത്രാന്മാർക്കും വൈദികർക്കുമായി ചാവറയച്ചൻ എഴുതിയ കത്തിന്റെ കോപ്പി മാന്നാനം ആർക്കയ്‌വസിൽ ഇപ്പോഴുമുണ്ട്. സാധ്യതകൾ അറിയിച്ചുകൊണ്ട് അദ്ദേഹം റോമിലേയ്ക്കും എഴുതിയിട്ടുണ്ട്.

പുനരൈക്യപ്രവർത്തനങ്ങൾ എളുപ്പമാക്കുന്നതിനുവേണ്ടി യാക്കോബായക്കാർ ഒരുമിച്ചു താമസിച്ചിരുന്ന അയിരൂർ, പുതുപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിൽ ആശ്രമങ്ങൾപോലും തുടങ്ങി പുനഃരൈക്യശ്രമങ്ങൾ ത്വരിതപ്പെടുത്തുവാൻ പരിശ്രമിച്ചിരുന്നു എന്നതും തെളിവുകളുള്ള സത്യങ്ങൾ തന്നെ. തെക്കൻ തിരുവിതാംകൂറിലേയ്ക്ക് സന്യാസസഭയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ മുഖ്യ കാരണവും ഇതുതന്നെയായിരുന്നു. ഇങ്ങനെയുള്ള പ്രവർത്തനങ്ങൾക്ക് മെത്രാന്മാർ ക്ഷണിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമായിരുന്നു.

## കുടിയേറ്റ മിഷൻ

മലബാറിലെ കുടിയേറ്റ ജനതയുടെ പിന്നാലെ ഓടിയെത്തുവാനും അവരുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്ക് ഒപ്പം നില്ക്കുവാനും തലശ്ശേരി രൂപതയുടെ രൂപീകരണത്തിലും സന്യാസസമൂഹത്തിന്റെ പങ്ക് നിർണ്ണായകമായിരുന്നു. കേരളത്തിന്റെ അതിർത്തികൾ വിട്ട് സീറോമലബാർ സഭയെ ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും സി.എം.ഐ. സഭ നേതൃത്വമെടുത്തു എന്നതും എണ്ണിപ്പറയാവുന്ന കാര്യമാണ്.




## മാധ്യമശുശ്രൂഷ

സീറോമലബാർ സഭയിലെ ആദ്യത്തെ പ്രസ്സ് ചാവറയച്ചൻ 1846–ൽ മാന്നാനത്താണ് ആരംഭിച്ചത്. ഇതിലൂടെയാണ് ഒരു നൂറ്റാണ്ടുകാലത്തേയ്ക്കെങ്കിലും സഭയുടെ എല്ലാ ലിറ്റർജിക്കൽ ബുക്സും പ്രധാന ആത്മീയഗ്രന്ഥങ്ങളും അച്ചടിക്കപ്പെട്ടിരുന്നത്. സഭയുടെ ശബ്ദമായി എന്നും നിലകൊണ്ട ദീപിക ദിനപത്രവും സഭയിലെ ആദ്യത്തെ ക്രിസ്തീയ മാസികയായ കർമ്മലകുസുമവും ആശ്രമത്തിന്റെ ചുമതലയിലുള്ള മാന്നാനം പ്രസ്സിൽ നിന്നാണ് പുറത്തുവന്നത്.

## വിദ്യാഭ്യാസം

"ഒരു പള്ളിക്ക് ഒരു പള്ളിക്കൂടം" എന്ന ആശയം രൂപീകരിക്കാനും മെത്രാനെക്കൊണ്ടു നടപ്പിലാക്കുവാനും നേതൃത്വം കൊടുത്തത് ചാവറയച്ചൻ തന്നെയാണ്. ഇൻഡ്യയുടെ വിദ്യാഭ്യാസ ഭൂപടത്തിൽ കേരളത്തിന് പ്രഥമസ്ഥാനം ഉണ്ടെങ്കിൽ അതിൽ കേരള ക്രൈസ്തവ സമൂഹത്തിന് വലിയ പങ്കുണ്ടെങ്കിൽ അതിന്റെ പിന്നിലെ ആചാര്യശക്തി സന്യാസിയും കൂടിയായ ചാവറയച്ചൻ തന്നെ. ഒരു സന്യാസസഭയ്ക്ക് സഭയുടെ ദൗത്യത്തിൽ എങ്ങനെ പൂരകശക്തിയായി പ്രവർത്തിക്കാമെന്ന് ചാവറപ്പിതാവിന്റെ ജീവിതവും പ്രവർത്തനവും സാക്ഷ്യപ്പെടുത്തുന്നു. ■



**ഫാ. തോമസ് പന്തപ്ലാക്കൽ സി. എം. ഐ**

സി.എം.ഐ. സഭയുടെ റിസർച്ച് & ഡോക്യുമെന്റേഷൻ ഡയറക്ടർ

www.malankaralibrary.com



# കാട്ടറാത്ത് വർക്കിയച്ചൻ

(1851 – 1931)

ഡോ. ജോസഫ് എറമ്പിൽ വി.സി.

മൂന്ന് പതിറ്റാണ്ടുകൾ എറണാകുളം രൂപതയിലെ ഇടവകവൈദികനായി ശുശ്രൂഷ ചെയ്തതിനുശേഷമാണ് ബഹു. കാട്ടറാത്ത് വർക്കിയച്ചൻ വിൻസെൻഷ്യൻ സന്യാസ സമൂഹം സ്ഥാപിക്കുന്നത്. ഏതൊക്കെയായിരുന്നു ഈ വൈദികസമൂഹത്തിന്റെ പ്രധാന ശുശ്രൂഷാ മേഖലകൾ?.

എറണാകുളം രൂപതയിലെ ഒരു വൈദികനായിരുന്ന ബഹു. കാട്ടറാത്ത് വർക്കിയച്ചനാണ് വിൻസെൻഷ്യൻ സന്യാസസമൂഹത്തിന്റെ സ്ഥാപകൻ. മുപ്പത്തിയൊന്ന് വർഷക്കാലം ഇടവക വൈദികനായി ശുശ്രൂഷ ചെയ്തതിനുശേഷമാണ് വർക്കിയച്ചൻ വിൻസെൻഷ്യൻ സഭ സ്ഥാപിക്കുന്നത്. ഇടവക വൈദികനായിരുക്കുമ്പോൾ തന്നെ വ്രതാധിഷ്ഠിതവും കൂട്ടായ്മയിലുള്ളതുമായ ജീവിതം അദ്ദേഹം ആഗ്രഹിച്ചിരുന്നു. തന്റെ മെത്രാനച്ചന് എഴുതിയ കത്തിൽ അദ്ദേഹം പറയുന്നു: "ഞാൻ വൈദികപട്ടം സ്വീകരിച്ച് അധികം കഴിയുന്നതിനു മുമ്പുതന്നെ കർത്താവിനു കൂടുതൽ പരിപൂർണ്ണമായി സേവനം ചെയ്യുന്നതിനു പറ്റിയ ഒരു സമൂഹജീവിതത്തെക്കുറിച്ചുള്ള ആഗ്രഹം എന്നിൽ നാമ്പെടുത്തു തുടങ്ങി. കാലം കഴിയുന്തോറും പ്രസ്തുത ആഗ്രഹം എന്നിൽ കൂടുതൽ ശക്തി പ്രാപിച്ചുവന്നു..."

## വചനപ്രഘോഷണവും ഇടവക നവീകരണവും

വചനപ്രഘോഷണത്തിലൂടെയുള്ള കുടുംബ നവീകരണത്തിനായിരുന്നു വർക്കിയച്ചൻ മുൻതൂക്കം കൊടുത്തിരുന്നത്. ഇടവകകൾ കേന്ദ്രീകരിച്ചുള്ള നവീകരണ ധ്യാനങ്ങൾ ആയിരുന്നു അവയിൽ ഏറ്റവും പ്രധാനം. ആന്തരിക സൗഖ്യപ്രാർത്ഥനകൾ അദ്ദേഹത്തിന്റെ ധ്യാനത്തിന്റെ ഭാഗമായിരുന്നു. ഒരു വൈദികൻ ഒറ്റയ്ക്കു ധ്യാനം നയിക്കാതെ ഒരുപറ്റം

www.malankaralibrary.com

വൈദികരുടെ കൂട്ടായ്മ ഒരു ഇടവക ധ്യാനത്തിന് നേതൃത്വം കൊടുക്കുന്ന രീതിയായിരുന്നു അദ്ദേഹത്തിന്റേത്. ഇതിനായി ഇടവക വൈദികരുടെ തന്നെ സഹകരണം അദ്ദേഹം സ്വീകരിച്ചുപോന്നിരുന്നു. ഇടവക വൈദികരെ ഒരുമിച്ചുകൂട്ടിയുള്ള അജപാലന പ്രവർത്തനങ്ങൾക്കും അദ്ദേഹം മുൻ കൈയ്യെടുത്തു.



## വിദ്യാഭ്യാസം

ഇടവക വൈദികനായിരിക്കുമ്പോൾ തന്നെ വിദ്യാഭ്യാസരംഗത്ത് അദ്ദേഹത്തിന് താത്പര്യമുണ്ടായിരുന്നു. സ്കൂളുകൾ ഇല്ലാത്തിടത്ത് സ്കൂളുകൾ സ്ഥാപിക്കുന്നതിന് അദ്ദേഹം മുൻകൈയെടുത്തു. വൈക്കത്തെ പള്ളിക്കൂടമാണ് ഇതിന് ഏറ്റവും നല്ല ഉദാഹരണം. പിന്നീട് വിദ്യാഭ്യാസം ഒരു ശുശ്രൂഷാരംഗമായി വളർന്നുവന്നു.

## അന്യമതസ്ഥരിലേയ്ക്ക്

ഇതിന് ഏറ്റവും നല്ല ഉദാഹരണം തോട്ടകത്തും അതിന്റെ സമീപപ്രദേശങ്ങളിലുമുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളായിരുന്നു. അധഃകൃതരുടെയും ദളിതരുടെയും സർവ്വോന്മുഖമായ ഉന്നമനത്തിനായി അദ്ദേഹം വളരെയധികം യത്നിച്ചു. ഇടവക വൈദികനായിരിക്കുമ്പോഴും ഒരു സന്യാസിയെപ്പോലെ ഇടവകയുടെയും രൂപതയുടെയും അതിർത്തികൾക്കപ്പുറത്തേയ്ക്ക് അദ്ദേഹം സുവിശേഷ പ്രസംഗത്തിനായും പരസ്നേഹ പ്രവർത്തനത്തിനായും ഓടിനടന്നു. പ്രാദേശികവാദം വിട്ട് സാർവ്വത്രിക ചൈതന്യം തുടിക്കുന്ന വൈദികഹൃദയം വർക്കിയച്ചനിൽ പ്രബലമായിരുന്നു. അദ്ദേഹം ഇടവകാതിർത്തികൾക്കപ്പുറം ചുറ്റി സഞ്ചരിച്ച് നാനാജാതി മതസ്ഥരുടെ ഉന്നമനത്തിനായി അധ്വാനിച്ചു. അവിടങ്ങളിലെ മനുഷ്യരിലെയും, മൃഗങ്ങളിലെയും, കൃഷിസ്ഥലങ്ങളിലെയും പീഢകളും വ്യാധികളും രോഗങ്ങളും യേശുനാമത്തിൽ പ്രാർത്ഥിച്ച് ആശീർവ്വദിച്ച് വിലക്കിയിരുന്നു. ചരമപ്രസംഗത്തിൽ ചങ്ങനാശ്ശേരി മെത്രാൻ മാർ ജയിംസ് കാളാശ്ശേരി ഇപ്രകാരം പറഞ്ഞു: "ജീവിതത്തിലും പ്രവർത്തിയിലും മരണത്തിലും സംസ്ക്കാരത്തിലും അദ്ദേഹം അത്ഭുത മനുഷ്യനും ആദർശ പുരുഷനുമായിരുന്നു". ■



**ഡോ. ജോസഫ് എറമ്പിൽ വി.സി.**

ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ്. വി.സി. മുൻ അസിസ്റ്റന്റ് സുപ്പീരിയർ ജനറൽ

www.malankaralibrary.com



# മാർ ഇവാനിയോസ് പിതാവ്

## (ഫാ. പി. റ്റി. ഗീവർഗീസ് 1882 – 1953)

ഫാ. മരിയാദാസ് ഒ.ഐ.സി.

ഓർത്തഡോക്സ് സഭയിലെ വൈദികനായിരുന്ന ഗീവർഗീസച്ചനാണ് ആ സഭയിൽ തന്നെ ബഥനി ആശ്രമം തുടങ്ങുന്നത്. അദ്ദേഹം നിദർശനം ചെയ്ത പ്രധാന ശുശ്രൂഷാ മേഖലകൾ ഏതൊക്കെയായിരുന്നു?

ഓർത്തഡോക്സ് സഭയിലെ വൈദികനായി 1908 ൽ പി.റ്റി. ഗീവർഗീസ് അഭിഷേകം ചെയ്യപ്പെട്ടു. പതിനൊന്നു വർഷത്തെ വൈദികജീവിതത്തിനു ശേഷം 1919 ലാണ് ബഥനി ആശ്രമമെന്ന സന്യാസ സമൂഹം ഗീവർഗീസച്ചൻ ആരംഭിച്ചത്. ഇത്തരമൊരു സന്യാസസമൂഹത്തിന് ഓർത്തഡോക്സ് സഭയിൽ നേതൃത്വം കൊടുക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് അന്നത്തെ ഓർത്തഡോക്സ് സഭയുടെ അവസ്ഥകളായിരുന്നു.

### മിഷൻ പ്രവർത്തനം

1911–ൽ ഫാ. പി. റ്റി. ഗീവർഗീസ് കൽക്കട്ടയ്ക്കടുത്തുള്ള സെറാംപൂർ യൂണിവേഴ്സിറ്റിയിൽ ധനതത്വ ശാസ്ത്രം പ്രൊഫസറായി ജോലിക്ക് ചേർന്ന സംഭവം മലങ്കര സഭയുടെ ചരിത്രം മാറ്റിക്കുറിച്ചു എന്നുവേണം പറയുവാൻ. ഇന്ത്യയിലെ ആദ്യത്തെ ക്രിസ്ത്യൻ യൂണിവേഴ്സിറ്റിയായ സെറാംപൂർ കോളേജിൽ പ്രധാനമായും ഡാനിഷ് മിഷനറിമാർ ആയിരുന്നു ഉണ്ടായിരുന്നത്. അവിടെ ആയിരിക്കുമ്പോൾ എ. ഡി 52 വി. തോമാശ്ലീഹായാൽ സ്ഥാപിതം എന്നഭിമാനിച്ചിരുന്ന സ്വന്തം സഭയുടെ ദുരവസ്ഥ നോക്കിക്കാണാൻ അദ്ദേഹത്തിനിടയായി. വിദേശത്തു നിന്നും മിഷനറിമാർ ഇന്ത്യയിലെത്തിയിട്ടും കേരളത്തിലെ സഭ മിഷൻ ചൈതന്യം കെട്ട് കേസ്സുകളിലും വ്യവഹാരങ്ങളിലും കുടുങ്ങിക്കിടക്കുന്നത് അദ്ദേഹം ദൂരെനിന്ന് നോക്കിക്കണ്ടു.

ഈ ദുരവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കാൻ അദ്ദേഹം ധാരാളം ചെറുപ്പക്കാരെ കൽക്കട്ട, സെറാമ്പൂർ, ജാദവ്പുർ, അലഹാബാദ്, മദ്രാസ് എന്നീ യൂണിവേഴ്സിറ്റികളിൽ ചേർത്ത് പഠിപ്പിച്ചു. സെറാംപൂരിൽ പോയി പഠിച്ച 50 വിദ്യാർത്ഥികളിൽ 6 മെത്രാന്മാരും 13 വൈദികരും പിന്നീട് മലങ്കരയിൽ ഉണ്ടായെങ്കിലും സഭയുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടില്ല. മിഷൻ ചൈതന്യം കെട്ടുപോയ സഭയ്ക്ക് അത് തിരികെ നല്കാൻ ഒരു മിഷനറി സമൂഹം സ്ഥാപിക്കണമെന്നദ്ദേ

www.malankaralibrary.com



ഹം ആഗ്രഹിച്ചു. എങ്കിലും അതിലുപരിയായി "ദൈവ സമ്പാദനമാണ് അത്യുത്തമം". കാരണം, ദൈവത്തെ സമ്പാദിച്ചവർക്കേ സഭയെയും സമൂഹത്തെയും രക്ഷിക്കാൻ കഴിയൂ എന്ന ദ്ദേഹം മനസ്സിലാക്കി. ഗാന്ധിജിയുടെ സബർമതി ആശ്രമവും, ടാഗോറിന്റെ ശാന്തിനികേതനവും സന്ദർശിച്ച മാർ ഇവാനിയോസ് പിതാവ് ഭാരതീയ ആദ്ധ്യാ ത്മിക സാംസ്ക്കാരിക ഘടകങ്ങളെ ക്രിസ്തീയ സന്യാസവുമായി സമന്വയിപ്പിച്ച് 1919–ൽ ബഥനി ആശ്രമം സ്ഥാപിച്ചു. ശബരിമലയ്ക്കടുത്തുള്ള റാന്നി, പരുന്നാട്ടിലെ മുണ്ടൻമലയിലെ വനാന്തർ ഭാഗത്താണ് ആദ്യാശ്രമം സ്ഥാപിക്കപ്പെട്ടത്.

അദ്ദേഹത്തിന്റെ മിഷൻ തീക്ഷണതയുടെ ഫലമാണ് മാർത്താണ്ഡം മിഷനെന്ന് പറയാം. ഇന്നത്തെ മാർത്താണ്ഡം രൂപത അദ്ദേഹത്തിന്റെ മിഷനറി ചൈതന്യത്തോടാണ് ഏറ്റവും കൂടുതൽ കടപ്പെട്ടിരിക്കുന്നത്. അതിനുശേഷം ഉണ്ടായ പുത്തൂർ രൂപതയും ഇതിന് ഒരു ഉദാഹരണമാണ്. എത്യോപ്യൻ മിഷനും, പ്രവാസി ശുശ്രൂഷയും ഇതോടൊപ്പം പോകുന്നതാണ്.

## പുനരൈക്യം

1925 ലാണ് ഗീവർഗീസച്ചൻ മാർ ഇവാനിയോസെന്ന പേരിൽ മെത്രാനായി അഭിഷിക്തനായത്. തുടർന്നുള്ള പ്രാർത്ഥനയും പഠനവും 1930 ലെ ആഗോള കത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തിലേയ്ക്ക് അദ്ദേഹത്തെ നയിച്ചു. ആദ്യം അദ്ദേഹം കത്തോലിക്കാസഭയിലേയ്ക്ക് പ്രവേശിപ്പിച്ചവർ ഈ സന്യാസ സമൂഹത്തിലെ അംഗങ്ങളും ശ്രീമാൻ കിളിലേത്ത് ചാക്കോയെന്ന അല്മായനുമാണ്. പുനരൈക്യാനന്തരം ഉള്ള ആദ്യകാലങ്ങളിൽ രൂപതകളിൽ ആവശ്യത്തിന് വൈദികരില്ലാത്തതിനാൽ തിരുവനന്തപുരം, തിരുവല്ല രൂപതകളുടെ പ്രവർത്തനങ്ങൾക്കും വളർച്ചയ്ക്കുമായി യത്നിച്ചത് ഈ ബഥനി ആശ്രമത്തിലെ അംഗങ്ങൾ തന്നെയാണ്. രൂപതാ അഡ്മിനിസ്ട്രേറ്റർ, ചാൻസലർ, കത്തീഡ്രൽ വികാരിമാർ, മൈനർ സെമിനാരി റെക്ടർ തുടങ്ങിയ ജോലികളെല്ലാം ആശ്രമവൈദികർ ആദ്യവർഷങ്ങളിൽ ജോലി ചെയ്തിരുന്നു.

ഭാഗ്യസ്മരണാർഹനായ സിറിൾ മാർ ബസേലിയൂസ് പിതാവ് വരെ ബഥനി സന്യാസസമൂഹത്തിന്റെ സംഭാവനയായിരുന്നു. പുനരൈക്യപ്രസ്ഥാനവും തുടർന്നുള്ള മലങ്കര കത്തോലിക്കാ സഭയുടെ കെട്ടിപ്പടുക്കലും ഈ സന്യാസസമൂഹത്തിന്റെ ശുശ്രൂഷാമേഖലയായിരുന്നു.

## വിദ്യാഭ്യാസം അഗതിശുശ്രൂഷ

ഇവാനിയോസ് പിതാവ് ശ്രദ്ധിച്ച രണ്ട് മേഖലയായിരുന്നു വിദ്യാഭ്യാസവും, അഗതി ശുശ്രൂഷയും. സ്കൂളുകളും, കോളേജുകളും കെട്ടിപ്പടുക്കുന്നതിനും അദ്ദേഹം ശ്രദ്ധിച്ചു. അനാഥശാലകളും, അഗതിമന്ദിരങ്ങളും ശാരീരികവും മാനസികവുമായ വൈകല്യ മുള്ളവർക്ക് വേണ്ടിയുള്ള സ്ഥാപനങ്ങളും വളർന്നുവന്നത് അദ്ദേഹത്തിന്റെ ചൈതന്യത്തിൽ നിന്നാണ്. ഇന്ന് ബഥനി സമൂഹം ഈ ശുശ്രൂഷാമേഖലകളിലെല്ലാം സമർപ്പണസ്തുതിയോടെ പ്രവർത്തിക്കുന്നു. ■



**ഫാ. മരിയാദാസ് ഒ.ഐ.സി.**
ബഥനി സന്യാസസമൂഹത്തിന്റെ സൂപ്പീരിയർ ജനറൽ.

www.malankaralibrary.com



# ബസീലിയൂസച്ചൻ

## (പാണാട്ട് തോമസച്ചൻ 1891-1976)

ഫാ. ജോൺസൺ പുതുശ്ശേരി സി. എസ്. റ്റി

മൂന്ന് പതിറ്റാണ്ടുകൾ ഇടവക വൈദികനായി എറണാകുളം രൂപതയിൽ ശുശ്രൂഷ ചെയ്തതിനു ശേഷമാണ് പാണാട്ടച്ചൻ സന്യാസസമൂഹം തുടങ്ങുന്നത്. സി.എസ്.റ്റി സന്യാസസമൂഹത്തിന്റെ അദ്ദേഹം തുടക്കമിട്ട പ്രധാന വൈദികശുശ്രൂഷകൾ ഏതൊക്കെയായിരുന്നു?

എറണാകുളം അതിരൂപതയിൽ 1918-ൽ വൈദികനായി അഭിഷിക്തനായ തോമസ് പാണാട്ട് 1950ൽ ബസീലിയൂസ് എന്ന നാമം സ്വീകരിച്ച് താൻ സ്ഥാപിച്ച ചെറുപുഷ്പസഭയിലെ ആദ്യ പുരോഹിതാംഗമായി. രൂപതാധികാരികൾ ഭരമേല്പിച്ച ദൗത്യത്തോടുള്ള ഒരു വൈദികന്റെ പ്രതിബദ്ധതയുടെയും ഇടവകസമൂഹത്തോടുള്ള സമർപ്പണത്തിന്റെയും പുഷ്പിക്കൽ കൂടിയാണ് പാണാട്ടച്ചനിലെ ഈ മാറ്റം.

### മൂക്കന്നൂർ അനാഥാലയം

വൈക്കം ഫൊറോനാ പള്ളിയിൽ അസ്തേന്തിയായി പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ച തോമസച്ചന്റെ ജീവിതത്തിലെ നിർണ്ണായക വഴിത്തിരിവ് 1924-ൽ മൂക്കന്നൂർ ഇടവകയുടെ വികാരിയും തിരുഹൃദയ അനാഥാലയത്തിന്റെ സാരഥിയുമായുള്ള നിയമനമായിരുന്നു. കുടിയേറ്റ മേഖലയിലെ ദുർഘടസാഹചര്യങ്ങൾ ഒരുവശത്ത്; മറുവശത്താകട്ടെ, മാർ ലൂയീസ് പഴേപ്പറമ്പിൽ സ്ഥാപിച്ചതും 1915 മുതൽ മൂക്കന്നൂരിൽ പ്രവർത്തിച്ചുവരുന്നതുമായ അനാഥാലയത്തിന്റെ പ്രാരാബ്ധതകളും.

കഴിഞ്ഞനൂറ്റാണ്ടിന്റെ ആരംഭത്തിൽ തികച്ചും അവികസിതമായിരുന്നു മൂക്കന്നൂർ ഗ്രാമം. അവിടെ മണ്ണിനോടു മല്ലടിക്കുന്ന ജനങ്ങളുടെ ശോചനീയാവസ്ഥയും ആകുലതകളും സ്വപ്നങ്ങളും നെഞ്ചിലേറ്റിയ ആ യുവവൈദികന്റെ ശ്രദ്ധ ആ നാടിന്റെ സമഗ്രവികസനപ്രവർത്തനങ്ങളിലായി. ഗ്രാമങ്ങളിലേക്കു തിരിയുവാനുള്ള ഗാന്ധിജിയുടെ ആഹ്വാനം ഉൾക്കൊണ്ട തോമാസച്ചൻ ആ കുഗ്രാമത്തിന്റെ മുഖഛായ മാറ്റാനുള്ള യത്നങ്ങളാരംഭിച്ചു.

തന്നെ ഭരണമേല്പിച്ച അനാഥാലയത്തിലെ കുട്ടികളുടെ ശോഭനമായ ഭാവിയായിരുന്നു അദ്ദേഹത്തിന്റെ വലിയൊരു സ്വപ്നം. ഈ ഭവനത്തിൽ കയറിയിറങ്ങുന്ന യുവജനങ്ങളെ സ്വതന്ത്രഭാരതത്തിന്റെ ആത്മവിശ്വാസമുള്ള പൗരന്മാരാക്കി മാറ്റണം. വിവിധ കൈത്തൊഴിലുകളുടെ പരിശീലനം ഇവിടെ ആരംഭിക്കുന്നത് ഈയൊരു സ്വപ്നത്തിന്റെ സാക്ഷാത്ക്കാരമായാണ്.

www.malankaralibrary.com



ഗ്രാമീണജനതയുടെ സമഗ്രവളർച്ചയ്ക്കായി അധ്വാനിക്കുന്ന അദ്ദേഹത്തിന്റെ രീതി, സി.എസ്.റ്റി. സന്യാസസമൂഹത്തിലേയ്ക്കും അദ്ദേഹം കൈമാറി. അവികസിത മേഖലകളിലേയ്ക്ക് ഇറങ്ങിച്ചെന്ന് പ്രവർത്തിക്കുന്ന ശൈലി സി. എസ്. റ്റിക്ക് കിട്ടിയത് സ്ഥാപക പിതാവിൽ നിന്നാണ്.

## മിഷൻ ചൈതന്യം

കൊച്ചുത്രേസ്യാപുണ്യവതിയുടെ ആത്മകഥാ വിവർത്തനത്തിൽ പങ്കെടുത്തതായിരുന്നു പാണാട്ടച്ചന്റെ ജീവിതത്തിൽ വഴിത്തിരിവായ മറ്റൊരു സംഭവം. 1921 ലായിരുന്നു അത്. വിവർത്തനത്തിനു നേതൃത്വം കൊടുത്തത് ജസ്റ്റിസ് തളിയത്തായിരുന്നു. ആത്മകഥയിലെ നാല് അധ്യായങ്ങൾ വിവർത്തനം ചെയ്തത് പാണാട്ടച്ചനായിരുന്നു. അന്നു തുടങ്ങിയ ചെറുപുഷ്പ ഭക്തി അദ്ദേഹത്തിൽ മിഷൻപ്രവർത്തനത്തിനുള്ള ദാഹം വളർന്നുവരാൻ കാരണമായി.

സി.എസ്.റ്റി. സന്യാസസമൂഹത്തിന്റെ ആദ്യകാല പ്രവർത്തനങ്ങളുടെ ഫോക്കസ്, മിഷൻ രംഗങ്ങളായിരുന്നു. അതുകൊണ്ടാണ് ആദ്യപതിറ്റാണ്ടുകളിൽ തന്നെ ഗോരഖ്പൂരും, ജലന്തറും, അജ്മീറും, ജയ്പൂരും സി. എസ്.റ്റി. യുടെ പ്രവർത്തന കേന്ദ്രങ്ങളായി മാറിയത്. മിഷൻപ്രദേശങ്ങളിലും അവശജനതയുടെ സമഗ്ര ഉദ്ധാരണത്തിനായി പ്രവർത്തിക്കുന്ന രീതിയായിരുന്നു സഭാംഗങ്ങളുടേത്.

അതോടൊപ്പം തന്നെ കുടിയേറ്റ മേഖലകളിലെ അജപാലന ശുശ്രൂഷയ്ക്കായി ഇറങ്ങിത്തിരിക്കാൻ ബസിലിയൂസച്ചൻ മുൻകൈയെടുത്തു. അങ്ങനെയാണ് 1940 കളിൽ തന്നെ മലബാർ മേഖലയിലെ അജപാലനശുശ്രൂഷയിലേയ്ക്ക് സി.എസ്.റ്റി. അച്ചന്മാർ ഇറങ്ങിത്തിരിച്ചത്.

## തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

ബസീലിയൂസച്ചന്റെ മറ്റൊരു ശ്രദ്ധാകേന്ദ്രം തൊഴിലധിഷ്ഠിതവിദ്യാഭ്യാസമായിരുന്നുവെന്നു പറയാം. മൂക്കന്നൂരാണ് അത്തരമൊരു ശുശ്രൂഷയ്ക്ക് ആരംഭമിട്ടത്. ആലുവായിലെ ITC ഇതിന്റെ മകുടോദാഹരണമായി നില്ക്കുന്നു. പെട്ടെന്ന് തൊഴിൽ ലഭിക്കാൻ ചെറുപ്പക്കാരെ കെല്പ്പുള്ളവരാക്കുന്ന ടെക്നിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പലയിടത്തും സി.എസ്.റ്റി. സഭ തുടങ്ങിയത് ഈ ചൈതന്യത്തിലാണ്.

"നീയും പോയി അതുപോലെ ചെയ്യുക" (ലൂക്ക 10:37) എന്ന യേശുവിന്റെ തിരുവചസ്സുകൾ പിൻചെന്ന ബസേലീയൂസച്ചൻ താൻ സ്ഥാപിച്ച സന്യാസസഭയിലൂടെ കേരളസഭയുടെ പൈതൃകവും ചൈതന്യവും ആഗോളസഭയ്ക്ക് സംലഭ്യമാക്കി. കേരളസഭയുടെ മിഷനറി മുന്നേറ്റത്തിന് അതുല്യസംഭാവനയാണ് ബസീലിയൂസച്ചൻ നല്കിയിരിക്കുന്നത്. ■



**ഡോ. ജോൺസൺ പുതുശ്ശേരി സി. എസ്. റ്റി**

ബൈബിളിൽ ഡോക്ടറേറ്റ്. വിവിധ സെമിനാരികളിൽ ബൈബിൾ പ്രൊഫസർ.

www.malankaralibrary.com



# ആലക്കളത്തിലച്ചനും (1888 – 1977) പാറേടത്തിലച്ചനും (1887 – 1972)


ഡോ. ജോർജ്ജ് തേറുകാട്ടിൽ എം.സി.ബി.എസ്

ചങ്ങനാശ്ശേരി രൂപതയിലെ രണ്ട് ഇടവകവൈദികരായിരുന്നു ദിവ്യകാരുണ്യ മിഷനറി സഭയ്ക്ക് നേതൃത്വം കൊടുത്തത്. അവർ വിഭാവന ചെയ്ത പ്രേക്ഷിതമേഖലകൾ ഏതൊക്കെയായിരുന്നു?

ചങ്ങനാശ്ശേരി രൂപതയിലെ പ്രഗത്ഭരായ വൈദികരായിരുന്ന ആലക്കളത്തിൽ മത്തായിച്ചനും, പാറേടത്തിൽ ജോസഫച്ചനുമാണ് ദിവ്യാകാരുണ്യ മിഷനറിസഭയുടെ (MCBS) സ്ഥാപകപിതാക്കന്മാർ. ആലക്കളത്തിലച്ചൻ 20 വർഷക്കാലം ഇടവക വൈദികനായി ചങ്ങനാശ്ശേരി അതിരൂപതയിൽ സേവനം ചെയ്തതിനുശേഷമാണ് സന്യാസസമൂഹം സ്ഥാപിക്കുന്നത്. പാറേടത്തിലച്ചന്റെ കാര്യത്തിലാണെങ്കിൽ 19 വർഷത്തെ ഇടവക ശുശ്രൂഷയ്ക്കുശേഷമാണ് സന്യാസപ്രസ്ഥാനത്തിലേയ്ക്കു വരുന്നത്. ജീവിതത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും അവർ പ്രകടിപ്പിച്ച പ്രധാനപ്പെട്ട വൈദികശുശ്രൂഷകൾ ഏതൊക്കെയായിരുന്നു?

## മിഷൻ പ്രവർത്തനത്തിനുള്ള തീക്ഷ്ണത

കേരളത്തിനുപുറത്തുള്ള മിഷൻ പ്രദേശങ്ങളിലേയ്ക്ക് ആലക്കളത്തിലച്ചൻ ദൈവവിളികൾ പ്രോത്സാഹിപ്പിക്കുക പതിവായിരുന്നു. ഇടവക ധ്യാനത്തിലൂടെയും മറ്റും കണ്ടെത്തിയ ദൈവവിളികളെ ഇത്തരത്തിൽ പ്രോത്സാഹിപ്പിക്കുന്ന രീതി അദ്ദേഹത്തിനുണ്ടായിരുന്നു. കുട്ടികളിൽ പ്രേഷിതചൈതന്യം വളർത്താനായി 'പ്രേഷിതകേരളം' എന്ന മാസിക ചെറുപ്പക്കാരുടെയിടയിൽ വിതരണം ചെയ്യുകയും പതിവായിരുന്നു. മോൺ. ജേക്കബ് വെള്ളരിങ്ങാട്ട് പാലായിൽ തുടങ്ങിയ 'മിഷൻ ഹോമിന്' അച്ചൻ നൽകിപ്പോന്ന സഹായവും പിന്തുണയും ഇതിനോട് കൂട്ടിവായിക്കണം.



ആലക്കളത്തിൽ മത്തായിച്ചൻ

www.malankaralibrary.com

മിഷനറിമാർക്ക് കത്തെഴുതുന്നതും അവരെ സാമ്പത്തികമായി സഹായിക്കുന്നതും അദ്ദേഹത്തിന്റെ രീതിയായിരുന്നു.

ദിവ്യകാരുണ്യമിഷനറി സഭയുടെ ചരിത്രത്തിലെ നിർണ്ണായകസംഭവമായിരുന്നു 1960–ൽ നടന്നത്. സ്ഥാപകപിതാവുതന്നെ ഈ സന്യാസസമൂഹത്തെ എം. എസ്.എഫ്.എസ്സിൽ ലയിപ്പിക്കാൻ ഒരു ശ്രമം നടത്തി. സഭയെക്കുറിച്ചും അതിന്റെ മിഷൻ പ്രേഷിതത്വത്തെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ തീക്ഷണതയും കാഴ്ചപ്പാടുമാണ് അതിലൂടെ വ്യക്തമാകുന്നത്. 1960–ൽ അദ്ദേഹം സഭാംഗങ്ങൾക്ക് എഴുതിയ കത്തിൽ ഇങ്ങനെ പറയുന്നു:

"നമ്മുടെ സഭയുടെ പ്രധാന ദൗത്യം മിഷൻ പ്രവർത്തനമാണ്... നമ്മുടെ സഭയുടെ വ്യക്തിത്വം നഷ്ടപ്പെടുമല്ലോ എന്ന് ചിലർ പറഞ്ഞേക്കാം. അതിൽ അർത്ഥമില്ല. വ്യക്തിത്വത്തേക്കാൾ പ്രവർത്തനമാണ് നാം കാര്യമായി കരുതേണ്ടത്. സഭാസ്ഥാപനത്തിന്റെ ഉദ്ദേശ്യവും അതുതന്നെയാണ്."

## നവീകരണ ധ്യാനങ്ങൾ

ഇടവകനവീകരണത്തിനുള്ള ധ്യാനപ്രസംഗങ്ങളായിരുന്നു മറ്റൊരു വലിയ വൈദികശുശ്രൂഷയായി നടത്തിപ്പോന്നിരുന്നത്. വൈദികർക്കായുള്ള ധ്യാനങ്ങളും ആലക്കളത്തിലച്ചന്റെയും കൂട്ടരുടെയും ശുശ്രൂഷയായിരുന്നു. സഭാംഗങ്ങൾ ആദ്യകാലഘട്ടങ്ങളിൽ ഏറ്റവും കൂടുതൽ വളർത്തിയെടുത്ത ശുശ്രൂഷയും ഇതായിരുന്നുവെന്നു പറയാം.

## അജപാലകരെ ശക്തിപ്പെടുത്തുക

ഇടവക വൈദികരുടെ ശുശ്രൂഷകളെ പിന്തുണയ്ക്കുകയും അവരുടെ ശുശ്രൂഷാസിദ്ധികളെ ശക്തിപ്പെടുത്താൻ സഹായിക്കുകയും ചെയ്യുക എന്നത് മറ്റൊരു സേവന മേഖലയായിരുന്നു. 'ദിവ്യകാരുണ്യവും പുരോഹിതനും' എന്ന മാസികയുടെ സഹപത്രാധിപരായി ആലക്കളത്തിലച്ചൻ ചെയ്തിരിക്കുന്ന സേവനം ശ്രദ്ധേയമാണ്. ഇടവക വൈദികരെ ദൈവശാസ്ത്ര അജപാലന മേഖലകളിൽ നവീകരിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുകയായിരുന്നു ഈ മാസികയുടെ ലക്ഷ്യം. അതും ദിവ്യകാരുണ്യ കേന്ദ്രീകൃതമായ ക്രൈസ്തവ ദൈവശാസ്ത്രത്തിലൂടെയും, ഭക്തിയിലൂടെയും. അത്തരമൊരു ശുശ്രൂഷയുടെ ആധുനിക ഭാഷ്യമാണ് 'കാരുണികൻ' മാസികയെന്നു പറയാം. വൈദികരെ ദൈവശാസ്ത്രപരമായും അജപാലനപരമായും നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് സഭയുടെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നുതന്നെയാണ്.



പറേടത്തിൽ ജോസഫച്ചൻ.

## വൈദികകൂട്ടായ്മകൾ

ഇടവക വൈദികരുടെ കൂട്ടായ്മകൾക്കു വേദിയൊരുക്കാൻ പരിശ്രമിക്കുക ആലക്കളത്തിലച്ചന്റെ മറ്റൊരു ശ്രമമായിരുന്നു. ചങ്ങനാശ്ശേരി രൂപതയിലെതന്നെ കളപ്പുറമ്പിലച്ചനുമൊരുമിച്ച് തുടങ്ങിയ "ദിവ്യകാരുണ്യ വൈദിക പ്രേഷിതസംഘം" ഇതിന്റെ ആദ്യത്തെ പടിയായിരുന്നു. പിന്നീട് പുന്നത്തറയിലും, പള്ളിക്കുന്നിലും വൃദ്ധവൈദികർക്കായി തുടങ്ങിയ വൈദികസംഗമങ്ങളും ഈ രീതിയിലുള്ള നീക്കങ്ങളായിരുന്നു.

ചുരുക്കത്തിൽ വിശുദ്ധ കുർബാനയിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ള വൈദികപ്രേഷിതത്വത്തിനായിരുന്നു എം. സി. ബി. എസ്സിന്റെ സഭാപിതാക്കന്മാർ പരിശ്രമിച്ചത്. ഇടവക വൈദികരുടെ ശുശ്രൂഷാമേഖലകൾക്ക് അപ്പുറത്തുള്ള ചില വൈദിക ശുശ്രൂഷാമേഖലകളായിരുന്നു അവർ ഉന്നംവച്ചത്. ■



**ഡോ. ജോർജ്ജ് തേറുകാട്ടിൽ എം.സി.ബി.എസ്**

അറിയപ്പെടുന്ന ദൈവശാസ്ത്രജ്ഞൻ. എം.സി.ബി.എസിന്റെ നിയമാവലിയുടെ വ്യാഖ്യാതാവ്

www.malankaralibrary.com



# വയലിൽ പിതാവ്

(1906 – 1986)

ഡോ. ആന്റണി പെരുമാനൂർ എം.എസ്.ടി.

മിഷൻ പ്രവർത്തനത്തിനായുള്ള സൊസൈറ്റിയാണ് എം.എസ്.റ്റി ഈ സമൂഹത്തിന്റെ പ്രധാന ശുശ്രൂഷാമേഖലകളെക്കുറിച്ച് സെക്രട്ടറി ജനറൽ എഴുതുന്നു.

വ തിനഞ്ച് വർഷത്തെ പൗരോഹിത്യ ജീവിതത്തിനുശേഷം 1950 ലാണ് ഫാ. സെബാസ്റ്റ്യൻ വയലിൽ മെത്രാനായി അഭിഷേകം ചെയ്യപ്പെടുന്നത്. പിന്നീട് 18 വർഷത്തിനുശേഷമാണ് എം. എസ്സ്. റ്റി. സമൂഹത്തിന്റെ ഉത്ഭവം. സീറോമലബാർ സഭയുടെ പ്രേഷിതസമൂഹമാണ് സെന്റ് തോമസ് മിഷനറി സൊസൈറ്റി. MST എന്ന നാമത്തിൽ അറിയപ്പെടുന്ന ഈ പ്രേഷിതമുന്നണിയുടെ സമ്പൂർണ്ണനാമം, Missonary society of st. Thomas the Apolstle എന്നാണ്.

സീറോമലബാർ സഭയിലെ സുവിശേഷ പ്രചോദിതരായ രൂപതാവൈദികരുടെ സ്വപ്നമായിരുന്നു സ്വന്തമായി ഒരു മിഷനറിസമൂഹം. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സുവിശേഷപ്രഘോഷണാനുശാസനമനുസരിച്ച് സെന്റ് തോമസ് മിഷനറി സൊസൈറ്റിക്കു രൂപം നല്കാൻ സീറോമലബാർ ഹയരാർക്കി മുന്നോട്ടുവന്നു. പാലാ രൂപതയിൽ നിന്ന് ധാരാളം വൈദികരുണ്ടായിരുന്നതിനാൽ പാലാ രൂപതയുടെ പ്രഥമ മെത്രാൻ ഭാഗ്യസ്മരണാർഹനായ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിനെയാണ് സീറോമലബാർ മെത്രാൻ സമിതി മിഷനറി സൊസൈറ്റിക്കു രൂപം നല്കുന്നതിനായുള്ള ഉത്തരവാദിത്വം ഏല്പിച്ചത്.

1960 ൽ തന്റെ ആദ്യത്തെ 'ആദ്‌ലിമിന' വിസീത്തയ്ക്ക് റോമിലെത്തിയപ്പോൾ വയലിൽ പിതാവ് ഒരു മിഷനറി സൊസൈറ്റിയുടെ സ്ഥാപനത്തിന് അനുവാദം അപേക്ഷിച്ചു. 1963 ഫെബ്രുവരി 20 ന് പൗരസ്ത്യ തിരുസംഘം പുതിയ പ്രേഷിതസമൂഹത്തിന്റെ ഭരണഘടന തയ്യാറാക്കാൻ ബിഷപ്പ് വയലിനെ ചുമതലപ്പെടുത്തി. 1966 ഏപ്രിലിൽ ഭരണഘടന പൗരസ്ത്യ സംഘത്തിനു സമർപ്പിച്ചു. പോൾ ആറാമൻ മാർപാപ്പയുടെ അനുഗ്രഹത്തോടെ 1968 ഫെബ്രുവരി 22 ന് വി. അൽഫോൻസാമ്മയാൽ അനുഗൃഹീതമായ ഭരണങ്ങാനത്ത്, മേലമ്പാറയിൽ സെന്റ് തോമസ് മിഷനറി സൊസൈറ്റി ഔദ്യോഗികമായി ഉത്ഘാടനം ചെയ്യപ്പെട്ടു. അതേവർഷം ജൂലൈ 16–ാം തീയതി 16 വൈദികർ വാഗ്ദാനം നടത്തി മിഷനറി സൊസൈറ്റിയിലെ അംഗത്വം സ്വീകരിച്ചു. അങ്ങനെ എം. എസ്. റ്റി. സ്ഥാപിതമായി.

## മിഷൻ പ്രവർത്തനം

ഈ സമൂഹത്തിന്റെ രൂപീകരണത്തിന്റെ തന്നെ പ്രധാനകാരണം മിഷൻപ്രവർത്തനമായിരുന്നു. അതുകൊണ്ടുതന്നെ സൊസൈറ്റിയുടെ സ്ഥാപന ദിവസം മധ്യപ്രദേശിലെ ഉജ്ജയ്ൻ മിഷൻ പ്രേഷിതപ്രവർത്തനത്തിനായി സൊസൈറ്റിക്കു ലഭിച്ചു. 1978 ൽ കർണ്ണാടകയിലെ മാണ്ഡ്യമിഷനും (2010ൽ രൂപതയായി ഉയർത്തപ്പെട്ടു). 1990 ൽ മഹാരാഷ്ട്രയിലെ കല്യാൺ രൂപതയുടെ ഭാഗമായ നാലു ജില്ലകൾ ഉൾ

www.malankaralibrary.com



പ്പെട്ട സാംഗ്ലി മിഷനും രൂപവത്കൃതമായി. 1977ൽ ഉജ്ജയ്ൻ, രൂപതയായി ഉയർത്തപ്പെട്ടപ്പോൾ അതിന്റെ മെത്രാനായി സൊസൈറ്റിയുടെ ആദ്യത്തെ ഡയറക്ടർ ജനറലായിരുന്ന മോൺ. ജോൺ പെരുമറ്റം നിയമിതനായി.

MST സ്ഥാപിതമായതുതന്നെ രൂപതാവൈദികർക്ക് സംഘാതമായി പ്രേഷിതപ്രവർത്തനത്തിന് അവസരം ഉണ്ടാക്കിക്കൊടുക്കുന്നതിനായിരുന്നല്ലോ. രൂപതാവൈദികരുടെ ജീവിതരീതി സ്വന്തമാക്കിയിരുന്ന അംഗങ്ങൾ കൂട്ടായപ്രവർത്തനത്തിനും പരസ്പര സഹകരണത്തിനും പ്രാധാന്യം കൊടുത്തു. ജനതകളുടെ സുവിശേഷവത്കരണം (Ad Gentes Mission) മുഖ്യമായികണ്ട് സഭയുടെ അപ്പസ്തോലിക ദൗത്യനിർവ്വഹണത്തിന് പ്രഥമമായ സ്ഥാനം എന്നും എം.എസ്.ടി. നല്കിക്കൊണ്ടിരിക്കുന്നു.

## സഭയോടൊത്ത്

സഭയോടൊത്ത് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക എം. എസ്. റ്റി.യുടെ പ്രവർത്തനശൈലിയാണ്. അതിനുദാഹരണമാണ് 1968-ൽ പ്രേഷിതരംഗമായി എം. എസ്. ടി. ക്കുലഭിച്ച ഉജ്ജയ്ൻ രൂപതയിൽ എം. എസ്. റ്റി. അംഗങ്ങൾ രൂപതാദ്ധ്യക്ഷനോടു സഹകരിച്ചുകൊണ്ട് തങ്ങളുടെ കഴിവും ആരോഗ്യവും എല്ലാം ആ രൂപതയുടെ വികസനത്തിനായി ഉപയോഗിച്ചത്. ഇന്ന് ഉജ്ജയ്നിൽ എം. എസ്. റ്റിക്ക് സ്വന്തമായുള്ളത് റൂഹാലയ മേജർ സെമിനാരിയും റീജിയണൽ ഹൗസും മാത്രമാണ്.

2010 ഏപ്രിലിൽ രൂപതയായി ഉയർത്തപ്പെട്ട മാണ്ഡ്യയിൽ എം. എസ്. റ്റി.സമൂഹം ആരംഭിച്ച 11 മിഷൻ കേന്ദ്രങ്ങൾ രൂപതയ്ക്കായി വിട്ടുകൊടുത്തത് എം.എസ്.റ്റി. ക്ക് സീറോമലബാർ സഭയോടുള്ള പ്രേഷിതപ്രതിബദ്ധത കൊണ്ടു തന്നെയാണ്.


സഭയോടൊത്തു ചിന്തിക്കുകയും സഭയുടെ പൈതൃകത്തോട് നൂറുശതമാനം വിശ്വസ്തത പുലർത്തുകയും ചെയ്യുന്ന പ്രേഷിതസമൂഹമാണ് എം. എസ്.റ്റി. ഇതിന്റെ അംഗങ്ങൾക്ക് ഈ ശൈലി അവരുടെ ആദ്ധ്യാത്മികതയുടെ ഭാഗം തന്നെയാണ് (MST ഭരണഘടന, C-4).

## പ്രവാസിമിഷൻ

എം. എസ്. റ്റി. സമൂഹം സീറോമലബാർ സഭയിലെ പ്രവാസികത്തോലിക്കരുടെ വിശ്വാസജീവിതത്തിലും മുന്നണിയിൽത്തന്നെ ഉണ്ടായിരുന്നു. കല്ല്യാൺ രൂപതയുടെ ആരംഭത്തിലും, വളർച്ചയിലും സൂററ്റ്, സിൽവാസ, ഡൽഹി എന്നീ പ്രദേശങ്ങളിലും എം. എസ്.റ്റി., സീറോ മലബാർ സഭയുടെ പ്രേഷിതചൈതന്യത്തോടെ നിർണ്ണായക സേവനം നടത്തി.

മാതൃസഭയിൽ പ്രേഷിതചൈതന്യം ഉയർത്തുന്നതിനും വളർത്തുന്നതിനും ഉപകരിക്കുന്ന സുവിശേഷപ്രഘോഷണരീതികൾ കേരളത്തിലെ ഇടവകകളിലും സ്കൂൾ കോളേജ് തലങ്ങളിലും വ്യാപിപ്പിക്കുന്നതും എം.എസ്.റ്റി. സീറോമലബാർ സഭയുടെ പ്രേഷിത മുന്നണിയായി പ്രവർത്തിക്കുന്നതുകൊണ്ടാണ്.

സീറോമലബാർ സഭയിലെ രൂപതാവൈദികരുടെ കൂട്ടായ പ്രേഷിതമുന്നണിയായി രൂപമെടുത്ത എം. എസ്. റ്റിയുടെ വിളിതന്നെ സഭാത്മകമാണ്. ക്രിസ്തുവിനെ ശ്രവിക്കാത്തവരുടെ ഇടയിലേയ്ക്ക് (Ad Gentes Mission) സ്വന്തം നാടും വീടും , ഭാഷയും സംസ്ക്കാരവും വിട്ട് (Ad Exteros) ജീവിതാവസാനം വരെ (Advitam) സീറോമലബാർ സഭയുടെ പ്രതിനിധിയായി, അവളുടെ പ്രേഷിതവിളിയുടെ ഉത്തരവാദിത്വം തീക്ഷണതയോടെ നിറവേറ്റുന്നതിൽ എം.എസ്.റ്റി. എന്നും സഭയോടൊത്തുണ്ട്. ■



**ഡോ. ആന്റണി പെരുമാനൂർ.**
കാനൻ നിയമത്തിൽ ഡോക്ടറേറ്റ്. ഇപ്പോൾ എം.എസ്.റ്റിയുടെ സെക്രട്ടറി ജനറൽ

www.malankaralibrary.com



# 10 ക്രിസ്തു സിനിമകൾ

(Stylized Jesus Films)

യേശു കഥയ്ക്കും ക്രിസ്തു രൂപത്തിനും ആധുനിക ഭാഷ്യം ചമയ്ക്കാനുള്ള ശ്രമങ്ങൾ അനവധി ഉണ്ടായിട്ടുണ്ട്. സ്റ്റൈലൈസ്ഡ് ജീസസ് സിനിമകൾ (Stylized Jesus Films) എന്നാണവ അറിയപ്പെടുക. ഈ ഗണത്തിലെ പ്രധാനപ്പെട്ട 10 സിനിമകളിൽ അവസാനത്തെ 5 സിനിമകൾ ഈ ലക്കത്തിൽ. തിരഞ്ഞെടുപ്പ് നടത്തിയത് ഡോ. ജേക്കബ് ശ്രാമ്പിക്കൽ

## 6 ദ് മിറക്കിൾ മേക്കർ (2000)

സംവിധാനം: ഡെറക്ക് ഹെയിസ്, സ്റ്റനിസ്ലാവ് സൊക്കലോവ് | അഭിനേതാക്കൾ: റാൾഫ് ഫിയെൻ, മൈക്കൾ ബ്രയൺ,ജൂലിക്രിസ്റ്റി, വില്യം ഹർട്ട് | തിരക്കഥ: മുറൈ വാറ്റ്സ് | ദൈർഘ്യം: 90 മിനിറ്റ്

സ്വന്തം മകളുടെ സൗഖ്യത്തിനായി കേഴുന്ന അപ്പന്റെയും അമ്മയുടെയും കണ്ണുകളിലൂടെയാണ് കഥയുടെ ഭൂരിഭാഗവും അവതരിപ്പിക്കപ്പെടുന്നത്. സിനഗോഗ് അധികാരിയായ ജയ്റോസും ഭാര്യയുമാണ് മാതാപിതാക്കൾ. അവരുടെ മകളാണ് താമാർ. ഇവൾ മാതാപിതാക്കളിൽ ഓരാളോടൊപ്പം യേശുവിന്റെ പരസ്യ ജീവിതത്തിന്റെ പലഘട്ടങ്ങളിലും അവനെ കണ്ടുമുട്ടുന്നുണ്ട്. തുടക്കത്തിൽ യേശു തന്റെ പണിശാല വിട്ടുവരുമ്പോൾ അവർ അവനെ കാണുന്നു. പിന്നീട് മലയിലെ പ്രസംഗത്തിലും, തളർവാതക്കാരനെ സുഖപ്പെടുത്തുമ്പോഴും, കുരിശു വഹിച്ചുകൊണ്ടു പോകുമ്പോഴും അവർ യേശുവിനെ കണ്ടുമുട്ടുന്നു. യേശുവിന്റെ ജീവിതത്തിന്റെയും ആത്മത്യാഗത്തിന്റെയും അർത്ഥം അങ്ങനെയാണ് വെളിവാക്കപ്പെടുന്നത്.

ഒരു ടി.വി സീരിയലിന്റെ പിൻഗാമിയായിട്ടാണ് ഈ സിനിമ രൂപം കൊണ്ടത്. യേശുവിന്റെ മനുഷ്യത്വവും ദൈവികതയും തമ്മിലുള്ള ബാലൻസ് പരിപാലിക്കുന്നതിലാണ് പല സിനിമകളും പരാജയപ്പെടുന്നത്. കിങ് ഓഫ് കിങ്സ് (1927) പോലുള്ള ആദ്യകാല


www.malankaralibrary.com

സിനിമകൾ അവന്റെ ദൈവികതക്ക് പ്രാധാന്യം കൊടുത്തപ്പോൾ, യേശുവിന്റെ 'അന്ത്യപ്രലോഭനം' (1988) പോലുള്ള സിനിമകൾ അവന്റെ മാനുഷികതക്ക് അമിത പ്രാധാന്യം നൽകി. രണ്ടിനും ഒരേപോലെ പ്രാധാന്യം നൽകാനുള്ള പരിശ്രമം വിജയിച്ചതാണ് മിറക്കിൾ മേക്കർ എന്നു പറയാം.

കാർട്ടൂണുകളും, പാവകളും ഈ ചിത്രത്തിൽ ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്. കൂടാതെ യഹൂദ റോമാ ചരിത്ര പശ്ചാത്തലത്തിലാണ് കഥയുടെ ചുരുൾ അഴിയുന്നത്. കഥയുടെ തുടക്കത്തിൽ തന്നെ പീലാത്തോസും അയാളുടെ സൈന്യാധിപനും തമ്മിലുള്ള ഒരു ചർച്ചയുണ്ട്– അവർ അടിച്ചമർത്തിയ യഹൂദ വിപ്ലവത്തെക്കുറിച്ച്.

യേശുവിന്റെ ഉത്ഥാനത്തിന് ശേഷമുള്ള സംഭവങ്ങൾ അവതരിപ്പിക്കുന്നതാണ് ഈ സിനിമയുടെ മറ്റൊരു പ്രത്യേകത. മറ്റേതൊരു സിനിമയും അവതരിപ്പിക്കുന്നതിനേക്കാൾ കൂടുതൽ ഉത്ഥാനാന്തര സംഭവങ്ങൾ ഈ സിനിമ അവതരിപ്പിക്കുന്നുണ്ട്. മഗ്ദലേന മറിയം ശൂന്യമായ കല്ലറ കാണുന്നതും, അവൾ യേശുവിനെ കണ്ടുമുട്ടുന്നതും സെഹിയോൻ മാളികയിൽ യേശു ശിഷ്യർക്ക് പ്രത്യക്ഷപ്പെടുന്നതും, എമ്മാവൂസിലെ ശിഷ്യന്മാർ യേശുവിനെ തിരിച്ചറിയുന്നതും, യേശുവിന്റെ സ്വർഗ്ഗാരോഹണവുമൊക്കെ ഇതിൽ ചിത്രീകരിക്കപ്പെടുന്നുണ്ട്. സുവിശേഷ കഥയോട് ക്രിയാത്മകമായി വിശ്വസ്തത പുലർത്തുന്ന സിനിമയാണിത്.

## 7 ജീസസ് ക്രൈസ്റ്റ് സൂപ്പർ സ്റ്റാർ (1923)

സംവിധാനം: നോർമൻ ജേവിസൺ | അഭിനേതാക്കൾ: റ്റെഡ് നീലി, കാൾ ആൻഡേഴ്സൺ, യൂവോൺ എല്ലിമൻ, ബാറി ഡെന്നൺ | ദൈർഘ്യം: 108 മിനിറ്റ്

ഇതേ പേരിലുള്ള റോക്ക്–ഓപ്പരായുടെ സിനിമാവിഷ്കരണമാണിത്. യേശുവിനെ അവതരിപ്പിച്ച റ്റെഡ് നീലിയ്ക്കും, യൂദാസിനെ അവതരിപ്പിച്ച കാൾ ആൻഡേഴ്സണും ഓസ്ക്കാർ നേടി കൊടുത്ത സിനിമയാണിത്.

കുരിശുമരണത്തിനു മുമ്പുള്ള ഒരാഴ്ചയാണ് ഈ സിനിമയുടെ ഇതിവൃത്തം. ആ ഒരാഴ്ചയിൽ നടക്കുന്ന സംഭവങ്ങളാണ് അവതരിപ്പിക്കപ്പെടുന്നത്. യേശുവും യൂദാസും തമ്മിലുള്ള സംഘർഷത്തിലൂടെയാണ് കഥ വളരുന്നത്.

ഇതൊരു സംഗീത സിനിമയാണെന്നത് ഇതിന്റെ വലിയ പ്രത്യേകതയാണ്. ഇതിലെ ഏറ്റവും



www.malankaralibrary.com

ശ്രദ്ധേയമായ ചില പാട്ടുകളാണ്: "I dont know how to love him", "Hosana", Try it and see" എന്നിവ.

ഈ സിനിമയുടെ തുടക്കവും ഒടുക്കവും ശ്രദ്ധേയമാണ്. ഒരുകൂട്ടം അഭിനേതാക്കൾ ജീസസ് ക്രൈസ്റ്റ് സൂപ്പർസ്റ്റാർ എന്ന സിനിമ അഭിനയിക്കാൻ ഇസ്രായേലിൽ എത്തുന്നതോടെയാണ് സിനിമ തുടങ്ങുന്നത്. യേശുവായി അഭിനയിക്കുന്ന റ്റെഡ് നീലി ആധുനിക വേഷത്തിലാണ്. മറ്റുള്ളവർ ബസ്സിൽ നിന്നും കുരിശിറക്കുന്നത് അയാൾ നോക്കിക്കൊണ്ടു നിൽക്കുന്നു. നമ്മൾ പിന്നീട് കാണുന്നത് അയാൾ മഗ്ദലേനയായി അഭിനയിക്കുന്ന യുവോൺ എലിമനുമായി നടന്നു നീങ്ങുന്നതാണ്. അവളുടെ കൈയിലൊരു വെള്ളക്കുപ്പായമുണ്ട്. ഇതാണ് പിന്നീട് സിനിമയിലുടനീളം യേശു ധരിക്കുന്ന കുപ്പായം.

സിനിമയുടെ അവസാനവും പുതുമ നിറഞ്ഞതാണ്. സിനിമാ സംഘം തങ്ങളുടെ ബസ്സിൽ തിരിച്ചു കയറുന്നതാണ് രംഗം. യേശുവിനെ അവതരിപ്പിച്ച റ്റെഡ് നീലി മാത്രം അക്കൂട്ടത്തിലില്ല. യൂദാസ് ബസ്സിൽ കയറുമ്പോൾ പുറകോട്ടു തിരിഞ്ഞു നോക്കുന്നു. കാണുന്നത് വിശാലമായ ചക്രവാളമാണ്. ബസ്സ് മടക്കയാത്ര ആരംഭിക്കുമ്പോഴാണ് അവസാന സീൻ. ഒരു അറബി ആട്ടിടയൻ തന്റെ ആടുകളെയും മേയിച്ചുകൊണ്ട് നടന്നുപോകുന്നു.

യൂദാസും യേശുവും തമ്മിലുള്ള സംഘർഷമാണ് ഏറ്റവും പ്രധാനപ്പെട്ടതെങ്കിലും മറ്റു ചില സംഘർഷങ്ങളും ഈ സിനിമയിലുണ്ട്. പ്രധാന പുരോഹിതനായ കയ്യാഫാസും യേശുവും തമ്മിലുള്ള സംഘർഷം, ശിഷ്യനായ സൈമണെന്ന സെലട്ടും യേശുവും തമ്മിലുള്ള സംഘർഷം, യേശുവും ദേവാലയ അധികാരികളും തമ്മിലുള്ള സംഘർഷം എന്നിവ.

> അവളുടെ കൈയിലൊരു വെള്ളക്കുപ്പായമുണ്ട്. ഇതാണ് പിന്നീട് സിനിമയിലുടനീളം യേശു ധരിക്കുന്ന കുപ്പായം.

## 8 ലൈഫ് ഓഫ് ബ്രയൺ (1979)

സംവിധാനം: ടെറി ജോൺസ് | രചന: ഗ്രഹാം ചംപ്മാൻ, ജോൺ ക്ലീസ് | അഭിനേതാക്കൾ: കെന്നത്ത കോളി, ഗ്രഹാം ചാപ്മൻ, ഗവൻ ടെയിലർ | ദൈർഘ്യം: 94 മിനിറ്റ്

ക്രിസ്താബ്ദം 33 ലെ പാലസ്തീനയാണ് ഈ സിനിമയുടെ പശ്ചാത്തലം. സാമൂഹ്യസംഘർഷങ്ങളും ദാരിദ്ര്യവും കൊണ്ട് പ്രശ്നസങ്കീർണമായിരുന്നു പാലസ്തീന. അതു

www.malankaralibrary.com

കൊണ്ടുതന്നെ രക്ഷകരായി അനേകം മിശിഹാമാരും രംഗപ്രവേശം ചെയ്തു. അവർക്കൊക്കെ അനുയായി കളുമുണ്ടായിരുന്നു. ഈ പശ്ചാത്തലത്തിലാണ് ബ്രയൺ കോഹന്റെ ജനനം. അപ്രതീക്ഷിതവും യുക്തിരഹിതവുമായ ചില സംഭവങ്ങളാൽ ബ്രയൺ ശ്രദ്ധാകേന്ദ്രമായി മാറുന്നു. അയാളുടെ ജീവിത ത്തിലെ പല സംഭവങ്ങൾക്കും ക്രിസ്തുവിന്റെ ജീവിതവുമായി സമാനതകൾ ഉള്ളതാണ്.

ബ്രയൺ ജനിക്കുന്നതുതന്നെ ഒരു കാലിത്തൊഴു ത്തിലാണ്. അതും യേശു ജനിച്ച കാലിത്തൊഴുത്തിന് അടുത്തു തന്നെ. ഇത് പൂജരാജാക്കന്മാരെപ്പോലും ചിന്താക്കുഴപ്പത്തിലാക്കുന്നുണ്ട്.

ബ്രയൺ ആദർശശാലിയായ ചെറുപ്പക്കാരനാ യാണ് വളർന്നു വരുന്നത്. അതുകൊണ്ടുതന്നെ റോമാനാധിപത്യത്തിന് അയാൾ എതിരാണ്. യേശുവിന്റെ മലയിലെ പ്രസംഗം കേട്ടുകൊണ്ടിരിക്കു മ്പോൾ ബ്രയൺ യൂദിത്ത് എന്ന വനിതാ വിപ്ലവകാ രിയുമായി അടുപ്പത്തിലാകുന്നു. അത് അയാളെ യുദയായിലെ ജനകീയ പ്രക്ഷോഭ മുന്നണിയിൽ എത്തിച്ചു. ആ സംഘത്തിന്റെ നേതാവ് റെജ് ആയിരുന്നു.

അവിടെ ബ്രയണിനു കിട്ടിയ ആദ്യജോലി റോമാക്കാർക്ക് എതിരായി ചുവരെഴുത്ത് നടത്താനാ യിരുന്നു. ഇത് കണ്ടുപിടിച്ച സൈന്യാധിപൻ അതിനു ശിക്ഷയായി ബ്രയണിനെക്കൊണ്ട് നൂറുപ്രാവശ്യം റോമാസ്തവം എഴുതിപ്പിച്ചു. ഉദ്ദേശിക്കാതെയാ ണെങ്കിലും ഒരു ജനകീയ മുന്നേറ്റത്തിന് ബ്രയൺ കാരണക്കാരനാകുന്നു. ജനം അവന്റെ ചുറ്റും തടിച്ചു കൂടാൻ തുടങ്ങുന്നു. ഏറ്റവും ചെറിയ അസാധാരണ കൃത്യം പോലും അത്ഭുതമായി ജനം വ്യഖാനിക്കാൻ തുടങ്ങുന്നു. ജനക്കൂട്ടത്തിൽ നിന്നും മുങ്ങിയ ബ്രയൺ രാത്രി യൂദിത്തിന്റെ കൂടെ ചിലവഴിക്കുന്നു.

പിന്നീടവൻ തിരിച്ചറിയുന്നത് ജനങ്ങൾ തന്നെ മിശിഹായായി സ്വീകരിക്കുന്നുവെന്ന വസ്തുതയാണ്.



ജനക്കൂട്ടത്തിന്റെ തെറ്റിദ്ധാരണ മാറ്റാൻ ശ്രമിക്കുന്ന ബ്രയൺ പരാജയപ്പെടുന്നു. അവന്റെ മൊഴികളെല്ലാം തിരുവചനങ്ങളായി ജനം സ്വീകരിക്കുന്നു.

റോമാക്കാർ ബ്രയണിനെ പിടിക്കുകയും ബന്ധി ക്കുകയും വിചാരണ ചെയ്യുകയും ചെയ്യുന്നു. അവ സാനം സകലരാലും പരിത്യജിക്കപ്പെട്ടവനായിട്ടാണ് ബ്രയൺ കുരിശിൽ മരിക്കുന്നത്.

ഇതൊരു കോമഡി സിനിമയായിരുന്നു. വളരെ യധികം വിമർശനവും പ്രതിഷേധവും നേരിടേണ്ടി വന്നെങ്കിലും ഈ സിനിമ സാമ്പത്തികമായി വൻ വിജയമായിത്തീർന്നു.

## 9 ദ് മെസിയാ (2008)

സംവിധാനം: നാദർ തലേബ്സദേ | അഭിനേതാക്കൾ: അഹമ്മദ് സുലൈമാനി നിയാ
ഭാഷ: പേർഷ്യൻ (ഇംഗ്ലീഷ് സബ്റ്റൈറ്റിൽ) | ദൈർഘ്യം: 2 മണിക്കൂർ

മെൽ ഗിബ്സന്റെ പാഷൻ ഓഫ് ക്രൈസ്റ്റി നുള്ള (2004) ഇസ്ലാമിക മറുപടിയാണ് ഈ സിനിമ. അപ്പോക്രിഫൽ സുവിശേഷങ്ങളിൽ ഒന്നായ ബർണബാസിന്റെ സുവിശേഷവും ഖുറാനു


www.malankaralibrary.com

മാണ് ഇതിന് ആധാരമായി നിൽക്കുന്നത്. ചുരുക്കത്തിൽ യേശുവിനെ ഇസ്ലാമിന്റെ കണ്ണുകളിലൂടെ കാണാനുള്ള ശ്രമമാണിതെന്ന് പറയാം.

ചില ഭാഗങ്ങൾ ക്രൈസ്തവ പാരമ്പര്യവുമായി ഒത്തുപോകുന്നവയാണ്. ഉദാഹരണത്തിന് യേശുവിന്റെ കന്യകാജനനം. എന്നാൽ യേശുവിന്റെ കുരിശുമരണത്തിന്റെ നിഷേധം ക്രൈസ്തവർക്കാർക്കും സ്വീകാര്യമാവില്ല.

പ്രവാചകനായ മുഹമ്മദിനെ യേശു വാഗ്ദാനം ചെയ്യുന്ന പരിശുദ്ധാത്മാവായി (പാറക്കലേത്താ) ചിത്രീകരിക്കാനുള്ള ശ്രമം ഈ സിനിമയിലുണ്ട്. അതനുസരിച്ച് യേശു വാഗ്ദാനം ചെയ്യുന്ന അന്ത്യപ്രവാചകനാണ് മുഹമ്മദ്. ഇസ്ലാമിന്റെ പ്രചാരതന്ത്രം (Propaganda) ആയി മാത്രമേ ഇതിനെ കാണാനാവൂ.

കുരിശുമരണത്തിനു മുൻപുതന്നെ ദൈവം യേശുവിനെ രക്ഷിക്കുന്നതായിട്ടാണ് ചിത്രീകരിക്കുന്നത്. പീഡാനുഭവമില്ലാത്ത യേശു ചരിതമാണ് ഇറാനിയൻ മിശിഹായെന്ന് പറയാം. യേശുവിന്റെ സ്ഥാനത്ത് യൂദാസ് കുരുശിൽ മരിക്കുന്നതായാണ് ഈ ചിത്രം അവതരിപ്പിക്കുന്നത്.

യേശുവിനെ ദൈവപുത്രനായിട്ടല്ല, മറിച്ച് വെറുമൊരു പ്രവാചകനായിട്ടാണ് അവതരിപ്പിക്കുന്നത്. ഇതും പരമ്പരാഗത ഇസ്ലാമിക കാഴ്ചപ്പാട് തന്നെയാണ്.

അവസാന സീനിൽ യേശുവിന്റെ സ്വർഗ്ഗാരോഹണമാണ് ചിത്രീകരിക്കുന്നത്. ഈ കാര്യത്തിൽ ക്രൈസ്തവ പാരമ്പര്യവും ഇസ്ലാമും കൈകോർക്കുന്നു. അങ്ങനെ യോജിപ്പിന്റെ ഒരു ബിന്ദുവിലാണ് ഈ സിനിമ അവസാനിക്കുന്നത്.

## 10 അൾട്രാ ക്രൈസ്റ്റ് (2003)

സംവിധാനം: കെറി ഡഗ്ലസ് ഡൈ | രചന: കെറി ഡഗ്ലസ്, ജോർഡൺ ഹോഫ്മൻ | അഭിനേതാക്കൾ: ജോനാഥൻ ഗ്രീൻ, സീലിയ മൊണ്ട് ഗോമെറി | ദൈർഘ്യം: 90 മിനിറ്റ്.

യേശുവിന്റെ രണ്ടാമത്തെ വരവാണ് ഈ സിനിമയുടെ ഇതിവൃത്തം. വീണ്ടും വരുമെന്ന കാര്യം യേശുവിന്റെ പ്രവചന വിഷയമായിരുന്നു. 2000 വർഷങ്ങൾക്കു ശേഷം അവൻ തന്റെ വാഗ്ദാനം പൂർത്തിയാക്കിക്കൊണ്ട് വീണ്ടും ഭൂമിയിലേക്ക് വരുന്നതാണ് കഥ. യേശു വരുന്നത് ന്യൂയോർ

www.malankaralibrary.com

ക്ക് സിറ്റിയിലാണ്. രണ്ടായിരം വർഷങ്ങൾകൊണ്ടു കാര്യങ്ങളെല്ലാം മാറി മറഞ്ഞിരിന്നുവെന്ന സത്യം അവൻ തിരിച്ചറിയുന്നു. അവന്റെ സന്ദേശങ്ങൾക്ക് ഇന്ന് ആരും വില കല്പിക്കാതെയായിരിക്കുന്നു. അങ്ങനെ ആധുനിക ലോകവുമായി എങ്ങനെ സംവേദിക്കണമെന്നറിയാതെ നിൽക്കുമ്പോഴാണ് മോളിയെന്ന സുന്ദരിയായ തയ്യൽക്കാരിയെ യേശു കണ്ടുമുട്ടുന്നത്. താമസിക്കാൻ ഒരു അപ്പാർട്ട്മെന്റ് കണ്ടുപിടിക്കാൻ അവൾ യേശുവിനെ സഹായിക്കുന്നു. തന്റെ അപ്പാർട്ട്മെന്റ് പങ്കിടുന്നവർ സ്വവർഗ്ഗ ദമ്പതികളാണെന്ന് യേശു തിരിച്ചറിയുന്നു. അവരുടെ സ്നേഹത്തെ യേശു അംഗീകരിക്കുന്നു.

ആധുനികലോകത്തിന്റെ ശ്രദ്ധയും ബഹുമാനവും എങ്ങനെ പിടിച്ചു പറ്റാം എന്നതായിരുന്നു അവന്റെ ചിന്ത. മോളി യേശുവിനുവേണ്ടി പുതിയൊരു വസ്ത്രം നിർമ്മിക്കുന്നു. ആധുനിക ശൈലിക്ക് ഇണങ്ങിയ കുപ്പായം. ആ വസ്ത്രവുമിട്ടു സ്വയം അൾട്രാ ക്രൈസ്റ്റായി പ്രഖ്യപിച്ചുകൊണ്ടാണ് യേശു മാൽഹട്ടന്റെ തെരുവുകളിലൂടെ നടക്കുന്നത്. അതിലൂടെ ആധുനിക പാപികളുടെ ശ്രദ്ധ പിടിച്ചുപറ്റാനാണ് യേശു ശ്രമിക്കുന്നത്.

നിർഭാഗ്യമെന്നു പറയട്ടെ യേശുവിന്റെ വേറിട്ട രീതികൾ ദൈവത്തെ പ്രീതിപ്പെടുത്തുന്നില്ല. പഴയ പ്രഭാഷണങ്ങളിലേക്ക് പിന്തിരിയാനാണ് ദൈവം അവനോട് ആവശ്യപ്പെടുന്നത്. ഇതിൽ നിരാശനായെങ്കിലും യേശു പിതാവുമായി ഒരു ഉടമ്പടിയിലെത്തുന്നു. മൂന്നു ദിവസത്തിനകം ലോകത്തിലെ യുവാക്കളിൽ പകുതിപ്പേരെ മാനസ്സാന്തരപ്പെടുത്തിയാൽ അൾട്രാ ക്രൈസ്റ്റായി തുടരാൻ അനുവദിക്കണം. തന്റെ സന്ദേശം യുവാക്കളിൽ എത്തിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗമായി യേശു കണ്ടെത്തുന്നത് ഒരു സംഗീതപരിപാടി (Concert) പ്രക്ഷേപണം ചെയ്യുകയാണ്. സെൻട്രൽ പാർക്കായിരുന്നു വേദി. പരിപാടിയുടെ വിഷയം സ്നേഹത്തിന്റെയും ലൈംഗീകതയുടെയും സൗഖ്യദായക ശക്തിയായിരുന്നു. സാത്താൻ സെൻട്രൽ പാർക്ക് കമ്മീഷണറുടെ വേഷത്തിൽ വരുന്നു. ചരിത്രത്തിലെ നാല് വിഖ്യാത പാപികളെ സാത്താൻ കൂട്ടു പിടിക്കുന്നു. ഹിറ്റ്ലർ, വ്ളാഡ്, നിക്സൺ, ജിം മോറിസൺ എന്നിവരാണ് പാപികൾ. ഇവരുടെ സഹായത്തോടെ സാത്താൻ അൾട്രാ ക്രൈസ്റ്റിന്റെ ദൗത്യം പരാജയപ്പെടുത്തുന്നു. ■



www.malankaralibrary.com



# ഗജഗുണനേതൃത്വം

ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
*മോറൽ തിയോളജി പ്രൊഫസർ, മംഗലപ്പുഴ*

നേതൃത്വത്തിന് മാതൃക ആരാണ്? ആന! ആനയുടെ നേതൃഗുണങ്ങളെല്ലാം സുവിശേഷം വ്യക്തമാക്കുന്ന ശുശ്രൂഷ ശൈലിയുടെ നിഴൽ രൂപമാണ്.


കാട്ടിലെ രാജാവ് സിംഹമാണ്, കഥകളിലെല്ലാം. എന്നാൽ സകല മൃഗജാതികളുടേയും നേതാവാകാൻ യോഗ്യൻ ആനയാണത്രെ. മനുഷ്യരുടെ ഇടയിലെ നേതാക്കന്മാർക്കുവേണ്ട ഗുണങ്ങൾ പലതും ആനയ്ക്കുണ്ട്. നലംതികഞ്ഞ നേതൃത്വത്തിന്റെ ഉദാഹരണമായി മാനേജുമെന്റ് ക്ലാസ്സുകളിലേക്കുപോലും ചിലപ്പോൾ ആനകൾ കയറിവരാറുണ്ട്. കുടുംബങ്ങളുടെയും ഇടവകകളുടെയും സഭയുടെയും സ്ഥാപനങ്ങളുടെയും രാഷ്ട്രീയ, സാമൂഹിക പ്രസ്ഥാനങ്ങളുടെയും തലപ്പത്തിരിക്കുന്നവർ ആനയെ ഗുരുസ്ഥാനത്തു നിറുത്തുന്നതിൽ തെറ്റില്ല. പദവികൊണ്ടു തങ്ങൾക്ക് ആനവലിപ്പമുണ്ടെന്ന് ചിന്തിക്കുന്ന നേതാക്കന്മാരും നേതൃത്വം വഹിക്കുന്നത് ആനപ്പുറത്തിരിക്കുന്നതുപോലെയാണെന്ന് കരുതുന്ന അണികളും ഉള്ളിടത്തോളം ആന നേതൃഗുണങ്ങളുടെ തലയെടുപ്പുള്ള ദൃഷ്ടാന്തമാണ്. ആനയുടെ നേതൃഗുണങ്ങളെല്ലാം സുവിശേഷം വ്യക്തമാക്കുന്ന ശുശ്രൂഷാശൈലിയുടെ നിഴൽരൂപമാണെന്നത് വേറൊരു കാര്യം.

രാജ്യത്തിന്റെ തലവന്മാരും പാർട്ടിസെക്രട്ടറിമാരും മന്ത്രിമാരും സഭാതലവന്മാരും കമ്പനി മേധാവികളും മാത്രമല്ല നേതാക്കന്മാർ. സ്വന്തം പലചരക്കുകടയിലെ ജോലിക്കാരെ മേയിക്കുന്ന മുതലാളിയും പള്ളിവികാരിയും കന്യാസ്ത്രീമഠത്തിലെ സുപ്പീരിയറും മക്കളും മരുമക്കളുമടങ്ങുന്ന കുടുംബത്തിന്റെ നാഥനും നേതാക്കളാണ്. അവരെല്ലാം വല്ലപ്പോഴുമെങ്കിലും വായിക്കേണ്ട നേതൃത്വത്തിന്റെ ഒന്നാം പാഠമാണ് കാട്ടിലെ ആന.

## അതിജീവനകല

500 ലക്ഷം വർഷങ്ങൾ ഭൂമിയിൽ നിലനിന്ന ജീവിവർഗ്ഗമാണ് ആന. വരണ്ട ആഫ്രിക്കൻ നാടുതുടങ്ങി ഓസ്ട്രേലിയ ഒഴികെ എല്ലാ ഭൂഖണ്ഡങ്ങളിലും ആനകൾ ജീവിക്കുന്നു. ആനയുടെ അതിജീവന സാമർത്ഥ്യമാണ് ഇതിന് കാരണം. മരുഭൂമിയിൽ ആനകളുടെ കാൽ നീണ്ടുമെലിഞ്ഞു; അങ്ങനെ അവർ മണൽക്കാടുകൾ താണ്ടി; കാട്ടിൽ ആന കൊഴുത്തുരുണ്ടു നടന്നു. വേനൽക്കാലത്ത് ആനകൾ ഇണ ചേരുകയില്ല; കുഞ്ഞുങ്ങൾ വറുതിയിൽ ചത്തുപോകാതിരിക്കാനാണത്. വരണ്ട കാലത്ത് ചെറുഗണങ്ങളായി തിരിഞ്ഞ് ആനകൾ കാട്ടിൽ കറങ്ങും. അല്ലെങ്കിൽ എല്ലാവർക്കും തീറ്റ കിട്ടില്ല. ഇങ്ങനെ പലവിധ കാലാവസ്ഥാഭേദങ്ങളെ അതിജീവിക്കാൻ ആന എന്ന വർഗ്ഗത്തിനായി.

www.malankaralibrary.com



നാമംപോലും ചരിത്രഭിത്തികളിൽനിന്ന് മായിച്ചു കളയും. അവരുടെ സമൂഹങ്ങളാകട്ടെ മുരടിച്ച മരം പോലെ നിൽക്കും; പൂക്കുകയില്ല; ഉടനെ ഒടിഞ്ഞു വീഴുകയുമില്ല. തന്റെ നേതൃത്വശുശ്രൂഷയ്ക്കു കൊടുത്ത ബലിഷ്ഠമായ അടിക്കുറിപ്പെന്നോണം സ്നാപക യോഹന്നാൻ പറഞ്ഞു: അവൻ വളരുകയും ഞാൻ കുറയുകയും വേണം.

## സഹകരണവും സേവനവും

ശുദ്ധ വെജിറ്റേറിയനാണ് ആന. അതുകൊണ്ട് ആന പിടിച്ച് വായിലിടും എന്ന് മറ്റു ജീവികൾ പേടിക്കേണ്ട. ഭീമൻ ശരീരവുമായിപ്പോകുമ്പോൾ ആരെയും ചവിട്ടിയരക്കാതെ ആന നോക്കുമത്രെ. കാട്ടിൽ വെള്ളക്കുഴികൾ തുരന്നും തുറന്നും കൊടുക്കുന്നത് ആനയാണ്. ചെറുജീവികൾക്കു വേണ്ടി അടിക്കാടുകൾ തെളിച്ചുകൊടുക്കുന്നതും കരിവീരന്മാരാണ്. കാട്ടിലെ പ്രധാന വളമിടീലുകാരനും വിത്തുവിതക്കാരനും ആനയാണ്. വഴിവെട്ടുകാരനും അവൻ തന്നെ.

മറ്റുള്ളവരുടെ ചിലവിൽ മദിച്ചുനടക്കുന്നവനല്ല നേതാവ്; അതുകൊണ്ട് നല്ല നേതാവ് ആർക്കും ഭീഷണിയല്ല. നിശ്ചിതലക്ഷ്യങ്ങൾ നേടുന്നയാൾ എന്ന അർത്ഥം മാത്രമല്ല നേതാവിനുള്ളത്. പട്ടാളത്തലവനേയും പൊലീസ് മേധാവിയേയും നേതാവെന്ന് വിളിക്കാൻ പ്രയാസമാണ്. കാരണം അധികാര ദണ്ഡിന്റെ ബലത്തിൽ കാര്യങ്ങൾ നടപ്പാക്കുന്നതല്ല ഉത്തമ നേതൃത്വം. പരസ്പര ധാരണയുടെ അടിസ്ഥാനത്തിലും അണികളുടെ അംഗീകാരത്തോ ടെയും ലക്ഷ്യങ്ങൾ നേടുന്നവരാണ് ജനകീയ നേതാക്കൾ. അത്തരക്കാർക്ക് ശുശ്രൂഷകരാകാതെ തരമില്ല. നിങ്ങളിൽ വലിയവൻ എല്ലാവരുടേയും ശുശ്രൂഷകനാകണം എന്നതാണ് ഈശോയുടെ ഏറ്റവും വലിയ നേതൃത്വപാഠം.

> മറ്റുള്ളവരുടെ ചിലവിൽ മദിച്ചുനടക്കുന്നവനല്ല നേതാവ്; അതുകൊണ്ട് നല്ല നേതാവ് ആർക്കും ഭീഷണിയല്ല.

തങ്ങളുടെ വർഗ്ഗത്തിന്റെ അതിജീവനം ലക്ഷ്യം വയ്ക്കുന്നതുകൊണ്ടാണ് ആനക്ക് നേതൃത്വമികവുള്ളത്. വർഗ്ഗത്തിനാണ് പ്രാധാന്യം, താനെന്ന വ്യക്തിക്കല്ല. പൊതുനന്മ ലക്ഷ്യമാക്കി നയങ്ങൾ രൂപീകരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നയാളാണ് യോഗ്യനായ നേതാവ്. ക്ഷുദ്രനേതാക്കന്മാർ സ്വന്തം പദവിയും പത്രാസും പണവും ഉറപ്പാക്കാൻ ശ്രമിച്ചു കൊണ്ടിരിക്കും. തന്നെക്കാൾ മിടുക്കനായിരിക്കണം തന്റെ പിൻഗാമി എന്നേ പൊതുനന്മ ലക്ഷ്യമാക്കുന്ന നേതാവ് ചിന്തിക്കൂ. അവനവനെ സമൂഹത്തിന്റെ കേന്ദ്രമാക്കുന്ന നേതാവ് തനിക്കുശേഷം പ്രളയം വന്നാലും തെറ്റില്ല എന്നു കരുതും. അത്തരം നേതാക്കന്മാർ തങ്ങളുടെ സ്ഥാനമുറപ്പിക്കാൻ സ്വയം പരസ്യം കൊടുത്തു കൊണ്ടിരിക്കും. മാധ്യമങ്ങൾ ഘോഷിക്കുന്നതാണ് നേതൃത്വത്തിന്റെ മാറ്റ് എന്നവർ തെറ്റിദ്ധരിക്കും. കാലം അതിന്റെ കരുണയില്ലാത്ത കരങ്ങൾകൊണ്ട് അത്തരം വ്യാജനേതാക്കന്മാരുടെ



www.malankaralibrary.com

## ആദരണീയമായ മഹത്വം

ഭീമൻ ശരീരമുണ്ട് ആനക്ക്. ആഫ്രിക്കൻ ആനയ്ക്ക് 11–12 അടി പൊക്കമുണ്ട്; 6 ടൺവരെ തൂക്കവും. ആനയുടെ നടപ്പിനുമുണ്ട് ഒരു ശേല്. വേണ്ടിവന്നാൽ മണിക്കൂറിൽ 40 കിലോമീറ്റർ വേഗതയിൽ ഓടാനും സാധിക്കും. കാലുകളിലെ നഖങ്ങളിലൂന്നി ദീർഘനേരം നടക്കാനും ആനക്ക് കഴിവുണ്ട്.

സ്വയം ആർജ്ജിച്ചെടുത്ത മഹത്വമുള്ളയാളാണ് നേതാവ്. നെറ്റിപ്പട്ടംപോലുള്ള കൃത്രിമ ചമയംകൊണ്ട് ഉണ്ടാക്കുന്നതല്ല നേതാവിന്റെ മഹത്വവും വിലയും. പത്രമാധ്യമങ്ങൾ നിറംചേർത്ത് അവതരിപ്പിക്കുന്ന ചിത്രമല്ല നേതാവിന്റെ തനിസ്വരൂപം. വിവിധതരം ഇടപാടുകാർ, അനുയായികൾ, പരിചയക്കാർ, അടുക്കള ജോലിക്കാർ, ഡ്രൈവർമാർ എന്നിവരാണ് നേതാവിന്റെ ശരിമഹത്വത്തിന്റെ സാക്ഷികൾ. ഈശോയുടെ വ്യക്തിമഹത്വം കണ്ടറിഞ്ഞ ജനം പറഞ്ഞു, ഇതര നേതാക്കന്മാരെപ്പോലെയല്ല, അധികാരമുള്ളവനെപ്പോലെയാണ് അവൻ സംസാരിക്കുന്നത്.

## അനുകമ്പ

ആനക്കൂട്ടത്തിന്റെ കേന്ദ്രം മാതൃനേതാവാണ്; മുമ്പേ നടക്കുന്ന കൊമ്പനല്ല. കുഞ്ഞുങ്ങളെ നോക്കുന്നതും ശത്രുവിനെ എതിരിടുന്നതും പിടിയാനകളാണ്. ബന്ധങ്ങളാണ് ആനകളുടെ പ്രകൃതത്തിൽ പ്രധാനം. ആനകൾ പരസ്പര സമ്പർക്കം നിലനിർത്തും. ഒരാന ചരിഞ്ഞാൽ മൃതദേഹത്തിനു ചുറ്റും മറ്റാനകൾ വട്ടംചുറ്റി നിൽക്കും; ശവംതീനി മൃഗങ്ങളെ ഓടിക്കാൻ വേണ്ടിയാണത്. ആനയുടെ അസ്ഥികൂടം കണ്ടാലും മണംപിടിച്ച് അവ അടുത്തുകൂടും. ചില ആനകൾ എല്ലിൻ കഷ്ണങ്ങൾ എടുത്തുകൊണ്ടുപോകുന്നതും കാണാം.

ബന്ധങ്ങളുടെ സ്ത്രൈണഗുണമുള്ളവരാണ് മികച്ച നേതാക്കൾ. രാഷ്ട്രീയ നേതാക്കന്മാർക്കിത് നന്നായിട്ടറിയാം. ബന്ധങ്ങൾ നിലനിർത്താൻ അവർ ജനസമ്പർക്കയാത്ര നടത്തിക്കൊണ്ടിരിക്കും. നല്ല ബന്ധങ്ങൾ നിലനിർത്താൻ പറ്റാത്തവർ അപകടകാരികളായ നേതാക്കളാകാം. അവർ ആജ്ഞാപിച്ചുകൊണ്ടിരിക്കും. വാഗ്‌വിലാസത്തോടെ സംസാരിക്കുന്നവർ മാത്രമല്ല, ആർദ്രതയോടെ കേൾക്കുന്നവർകൂടിയാണ് മികച്ച നേതാക്കൾ. ഇടയനില്ലാത്ത ആടുകളെപ്പൊലെ ചിതറിക്കഴിഞ്ഞ ജനത്തോട് ഈശോയെന്ന നേതാവിന് തോന്നിയ ആദ്യവികാരമാണ് അനുകമ്പ.

> ബന്ധങ്ങളാണ് ആനകളുടെ പ്രകൃതത്തിൽ പ്രധാനം. ആനകൾ പരസ്പര സമ്പർക്കം നിലനിർത്തും.

## നിരന്തര സമ്പർക്കം

വിവരങ്ങളും വികാരങ്ങളും കൈമാറാൻ

www.malankaralibrary.com

ആനകൾക്ക് വിരുതുണ്ട്. പതിനായിരത്തിൽപ്പരം പേശികളുള്ള തുമ്പിക്കൈകൊണ്ട് ആനകൾ സന്ദേശമയക്കുന്നു; മണം പിടിക്കുന്നു; കളിക്കുന്നു; കുളിക്കുന്നു, തലോടുന്നു.... 12 മൈൽ അകലെയുള്ള വെള്ളംപോലും ആനകൾ മണത്തറിയുന്നു. പലതരം സ്വരങ്ങൾകൊണ്ടവർ വികാരങ്ങൾ പ്രകടിപ്പിക്കുന്നു. കമ്പനസ്വരംകൊണ്ട് സന്തോഷം; തൊണ്ടയിലെ കുറുകൽകൊണ്ട് വേദന; മോങ്ങുന്ന സ്വരംകൊണ്ട് ഏകാന്തത; ചൂളമടിച്ച് രോഷ പ്രകടനം; കൂട്ടത്തിൽ നടക്കുമ്പോൾ ഒരുതരം മൂളിപ്പാട്ട്. മനുഷ്യരുടെ കാതുകൾക്ക് വഴങ്ങാത്ത ഇൻഫ്രാ ശബ്ദവീചികൾ കൊണ്ട് ദൂരെയുള്ള മറ്റാനകളുമായി ആനകൾ സംവദിക്കാറുണ്ട്.

കൂടെയുള്ളവരോട് ആശയങ്ങളും അതിലുപരി വികാരങ്ങളും വിനിമയം ചെയ്യാത്തയാൾ നല്ല നേതാവാകുകയില്ല. എന്തൊരു ചൂടായിരുന്നു ഇന്നലെ എന്ന വാടിത്തളർന്ന ഒരു അഭിപ്രായപ്രകടനം മഠത്തിലെ നേതൃവൈഭവമുള്ള മദർ അംഗങ്ങൾക്കു മുന്നിൽ നടത്തുകയില്ല; പകരം, ചൂടുകാരണം നിങ്ങൾക്ക് ശരിക്കുറങ്ങാൻ പറ്റിയോ എന്ന് ചോദിക്കും. മറ്റുള്ളവരോട് ബന്ധം നിലനിർത്താൻ ആശയ സമ്പർക്കം മാത്രം പോര, വികാരപ്പൊരുത്തവും സൃഷ്ടിക്കണം. എനിക്ക് നിങ്ങളാരോടും പ്രത്യേക സ്നേഹവുമുണ്ടായിരിക്കുകയില്ല; ആരോടും വെറുപ്പും ഉണ്ടായിരിക്കുകയില്ല എന്ന നയപ്രഖ്യാപനത്തോടെ ഇടവകയിൽ സേവനം തുടങ്ങുന്ന പുതിയ വികാരിയച്ചൻ ഇടവകയുടെ നേതാവാകാനുള്ള സാധ്യത സ്വയം റദ്ദുചെയ്തു കഴിഞ്ഞു. ആരോടും അനുഭാവമില്ലാത്തൊരാൾക്ക് നേതാവാകാൻ കഴിയുകയില്ല. കല്യാണവീടുകളിലും മരണവീടുകളിലും ഈശോ എത്തിയത് മനുഷ്യരുടെ വികാരങ്ങൾ പങ്കിടുന്ന നേതാവായാണ്.

## ബുദ്ധിയുള്ള പെരുമാറ്റം

ആന ഏറ്റവും ബുദ്ധിയുള്ള ജീവികളിൽപ്പെടുന്നു. കരയിലെ സസ്തനികളിൽ ഏറ്റവും വലിയ തലച്ചോർ ആനക്കാണ്. ശരീരഭാരം-തലച്ചോർ അനുപാതത്തിൽ മനുഷ്യർക്ക് തൊട്ടുതാഴെയാണ് ആന. കാര്യഗ്രഹണശേഷിയുണ്ട് ആനക്ക്. കരണ്ടുവേലിയിൽനിന്ന് ഒരാനക്ക് ഷോക്കടിച്ചാൽ പിന്നാലെ വരുന്നവർ പോയി തൊടുകയില്ല; കണ്ടു പഠിക്കും; കൊണ്ടുപഠിച്ചേ അടങ്ങൂ എന്നില്ല. ആനക്കുഞ്ഞുങ്ങളുടെ നീണ്ടകാല ശൈശവമാണ് ആനക്ക് ബുദ്ധി വളരാൻ കാരണമത്രെ.

നല്ല നേതാവ് അതീവ ബുദ്ധിശാലിയാകേണ്ടതില്ല. എല്ലാ അറിവുകളും നേതാവിനാവശ്യമില്ല. പക്ഷേ നേതൃപദവിയെ സാർത്ഥകമാക്കുന്ന വെളിവ് ഇല്ലാതെ പറ്റുകയില്ല. ഉദാഹരണത്തിന്, ഒരു തീരുമാനം ആരെയെല്ലാം ഏതെല്ലാം തരത്തിൽ ബാധിക്കും എന്ന തിരിച്ചറിവ്. ആദ്യം കേട്ടതായിരിക്കണമെന്നില്ല സത്യം എന്ന ബോധം, അവസാനം പറയേണ്ടത് ആദ്യം പറയാതിരിക്കാനുള്ള വകതിരിവ്, ഒരു കാര്യം ഏൽപ്പിക്കാൻ പറ്റിയ ആളാരാണ് എന്ന ധാരണ, പ്രശ്നങ്ങൾ വഷളാക്കാതിരിക്കാനുള്ള ബുദ്ധി, അധികാരത്തിന്റെ വാളുവീശൽ ഒടുവിലേയ്ക്ക് മാറ്റിവയ്ക്കാനുള്ള തെളിച്ചം, മറ്റുള്ളവരോട് ആലോചിക്കാനുള്ള മനസ്സ്, തന്റെ അനുയായികൾക്കും ബുദ്ധിയുണ്ട് എന്ന തിരിച്ചറിവ്, സർവ്വോപരി, നീതി നടപ്പാക്കപ്പെടണം എന്ന നിർബന്ധം ഇതൊക്കെ ബുദ്ധിയുറച്ച നേതാക്കന്മാരുടെ ലക്ഷണങ്ങളാണ്. എടുത്തുചാട്ടക്കാരും അല്പവിശ്വാസികളും തീവ്രവാദികളും നെഞ്ചിൽ ചാരുന്ന അടുപ്പക്കാരും ഒറ്റുകാരനും അടങ്ങുന്ന പന്ത്രണ്ടു പേരെ മൂന്നു കൊല്ലം ഒന്നിച്ചുകൊണ്ടുനടന്ന ഈശോയുടെ വിരുതിലുണ്ട് നേതൃത്വബുദ്ധിയുടെ പാഠങ്ങൾ.

> കൂടെയുള്ളവരോട് ആശയങ്ങളും വികാരങ്ങളും വിനിമയം ചെയ്യാത്തയാൾ നല്ല നേതാവാകുകയില്ല.



**ഡോ. മാത്യു ഇല്ലത്തുപറമ്പിൽ**

അറിയപ്പെടുന്ന മോറൽ തിയോളജിയൻ. ആലുവ മംഗലപ്പുഴ സെമിനാരിയിലെ പ്രൊഫസർ. വിവിധ സെമിനാരികളിലും പഠിപ്പിക്കുന്നു.

www.malankaralibrary.com



# രൂപതാ ഭരണത്തിൽ ഒഴിവു വരുമ്പോൾ

ഡോ. ജോസ് ചിറമേൽ
*കാനൻ നിയമ വിദഗ്ധൻ, സീറോ-മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ ട്രൈബ്യൂണലിന്റെ വൈസ് പ്രസിഡന്റ്*

സഭാനിയമങ്ങളെ (കാനൻനിയമം) സംബന്ധിച്ചുള്ള സംശയനിവാരണത്തിനായിട്ടുള്ള പംക്തിയാണിത്. ചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കുന്നത് കാനൻ നിയമപണ്ഡിതനായ ഡോ. ജോസ് ചിറമേൽ ആണ്. നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും കാരുണികന്റെ വിലാസത്തിൽ അയയ്ക്കുക.

**● ഒരു രൂപതാധ്യക്ഷന് എഴുപത്തിയഞ്ച് വയസ്സ് പൂർത്തിയായപ്പോൾ സമർപ്പിച്ച രാജിക്കത്ത് പരി. പിതാവ് സ്വീകരിക്കുകയും രൂപതാഭരണത്തിൽ നിന്ന് അദ്ദേഹത്തെ ഒഴിവാക്കുകയും ചെയ്തു. ഇപ്പോൾ രൂപതാഭരണം നിർവ്വഹിക്കുന്നത് അഡ്മിനിസ്ട്രേറ്റർ ആണ്. രൂപതയുടെ താത്കാലിക ചുമതല വഹിക്കുന്ന ഇദ്ദേഹത്തിന് രൂപതയിൽ ഒഴിവുവരുന്ന ഇടവകകളിൽ പുതുതായി വികാരിമാരെ നിയമിക്കാനോ അവരെ സ്ഥലം മാറ്റാനോ കഴിയുമോ? ഇടവകകളിൽ മൂന്ന് വർഷം എന്ന നിലയിൽ സേവനകാലാവധി പൂർത്തിയാക്കിയ വൈദികർക്ക് എന്ത് സംഭവിക്കുന്നു? സ്വയമേവ അവർ ഇടവക ഭരണത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടുവോ? കാലാവധി പൂർത്തിയായശേഷവും ഇടവക ഭരണത്തിൽ തുടരണമെങ്കിൽ രൂപതാ അഡ്മിനിസ്ട്രേറ്ററുടെ സ്ഥിരീകരണം ആവശ്യമാണോ?**

ഫാ. തോമസ് മാത്യു, മധ്യപ്രദേശ്

## രൂപതാസിംഹാസനങ്ങളിൽ ഒഴിവു വരുമ്പോൾ

രൂപതാസിംഹാസനങ്ങളിൽ ഒഴിവുവരുന്നത് സഭാനിയമപ്രകാരം താഴെ വിവരിക്കുന്ന സാഹചര്യങ്ങളിലായിരിക്കും:

1. രൂപതാ മെത്രാന്റെ മരണം; 2. രൂപതാ മെത്രാന്റെ രാജി; 3. രൂപതാ മെത്രാന്റെ സ്ഥലംമാറ്റം; 4 രൂപതാ മെത്രാന്റെ ഔദ്യോഗികസ്ഥാനം എടുത്തുമാറ്റൽ (CCEO.c. 219; CIC.c. 416).

ഇപ്രകാരം ഒഴിവുവരുന്നത് പൗരസ്ത്യ കത്തോലിക്കാസഭകളിൽപ്പെട്ട പാത്രിയർക്കൽ – മേജർ ആർക്കി എപ്പിസ്കോപ്പൽ സഭകളിലെ നിശ്ചയിക്കപ്പെട്ട അതിർത്തിക്കുള്ളിലെ രൂപതകളിലാണെങ്കിൽ, രൂപതാഭരണാധികാരം പ്രസ്തുത സഭയുടെ തലവനായ പാത്രിയർക്കീസിനോ മേജർ ആർച്ച് ബിഷപ്പിനോ ലഭിക്കുന്നു. ഉടൻതന്നെ അദ്ദേഹം രൂപതാസിംഹാസനം ഒഴിവു വന്ന വിവരം പരിശുദ്ധ സിംഹാസനത്തെ അറിയിക്കു


www.malankaralibrary.com

കയും ഒരു മാസത്തിനകം, ഒഴിവുവന്ന രൂപതയുടെ താത്കാലിക ചുമതല നിർവ്വഹിക്കുന്നതിന് ഒരു അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയും ചെയ്യും. സാധാരണഗതിയിൽ ഒഴിവു വന്ന രൂപതയിലെ ആലോചനാസംഘത്തെ (Body of Consultors) വിളിച്ചുകൂട്ടി അഡ്മിനിസ്ട്രേറ്ററായി ഒരാളെ തെരഞ്ഞെടുക്കാൻ ആവശ്യപ്പെടുകയാണ് പതിവ്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ആളെ പാത്രിയർക്കീസ് നിയമിക്കും. പാത്രിയർക്കൽ അഥവാ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയിൽ കൂരിയാ മെത്രാന്മാരുണ്ടെങ്കിൽ അവരുമായോ ഇല്ലെങ്കിൽ സ്ഥിരം സിനഡുമായോ (permanent synod) ആലോചിച്ചാണ് അഡ്മിനിസ്ട്രേറ്ററെ നിയമിക്കേണ്ടത്. ഒരു മാസത്തിനകം പാത്രിയർക്കീസ് അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നില്ലെങ്കിൽ പരിശുദ്ധ സിംഹാസനത്തിന് മാത്രമായിരിക്കും പിന്നീട് നിയമിക്കുവാനുള്ള അധികാരം.

## രൂപതാഭരണത്തിന്റെ ചുമതല

രൂപതയ്ക്ക് പുതിയ മെത്രാൻ ഉണ്ടാകുന്നതുവരെ അഡ്മിനിസ്ട്രേറ്റർക്കായിരിക്കും രൂപതാഭരണത്തിന്റെ ചുമതല. അഡ്മിനിസ്ട്രേറ്ററായി നിയമിക്കപ്പെടുന്നയാൾ പാത്രിയർക്കീസിന്റെ മുമ്പാകെ വിശ്വാസം ഏറ്റുപറഞ്ഞും, രൂപതയുടെ ആലോചനാസംഘത്തെ തന്റെ നിയമനപത്രിക കാണിച്ചതിനുശേഷവുമാണ് സ്ഥാനം ഏറ്റെടുക്കേണ്ടത്.

## ലത്തീൻ നിയമമനുസരിച്ച്

രൂപതാ സിംഹാസനം ഒഴിവുവരുമ്പോൾ ലത്തീൻ നിയമമനുസരിച്ച് രൂപതാഭരണത്തിന്റെ ഉടനെയുള്ള ചുമതല രൂപതയിൽ സഹായമെത്രാനുണ്ടെങ്കിൽ അദ്ദേഹത്തിനായിരിക്കും; ഇല്ലാത്തപക്ഷം രൂപതയുടെ ആലോചനാസംഘത്തിനായിരിക്കും (CIC .c. 419) രൂപതാ സിംഹാസനം ഒഴിവുവന്ന വിവരം പരിശുദ്ധ സിംഹാസനത്തെ അറിയിക്കേണ്ട ചുമതല ഇവർക്കായിരിക്കും (CIC. c. 422). തുടർന്ന് രൂപതയുടെ ആലോചനാസംഘം യോഗം ചേർന്ന് രൂപതയുടെ ഇടക്കാല ചുമതല നിർവ്വഹിക്കുന്നതിനുള്ള അഡ്മിനിസ്ട്രേറ്ററെ തെരഞ്ഞെടുക്കും. പുതിയ മെത്രാൻ ഉണ്ടാകുന്നതുവരെ അഡ്മിനിസ്ട്രേറ്റർക്കായിരിക്കും രൂപതാഭരണത്തിന്റെ ചുമതല. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ പരിശുദ്ധ സിംഹാസനം നേരിട്ട് അഡ്മിനിസ്ട്രേറ്റർമാരെ നിയമിക്കാറുണ്ട് (CCEO.c. 234). 1984 – ൽ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ എറണാകുളം അതിരൂപതയുടെ അധ്യക്ഷസ്ഥാനം രാജിവച്ചപ്പോൾ അന്നത്തെ സഹായമെത്രാനായ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിയെ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ചതും ഇപ്പോൾ കോട്ടപ്പുറം രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി വരാപ്പുഴ അതിരൂപതാധ്യക്ഷനെ നിയമിച്ചതും പരിശുദ്ധ സിംഹാസനമാണ്. ഇപ്രകാരം പരിശുദ്ധ സിംഹാസനം നേരിട്ട്

www.malankaralibrary.com



നിയമിക്കുമ്പോൾ അവർ അപ്പസ്റ്റോലിക് അഡ്മിനിസ്ട്രേറ്റർ എന്നറിയപ്പെടും.

## സഹായമെത്രാനുണ്ടെങ്കിൽ

ഏതെങ്കിലും രൂപതയിൽ പിൻതുടർച്ചാവകാശമുള്ള സഹായമെത്രാൻ (Co-adjutor) ഉണ്ടെങ്കിൽ രൂപതാഭരണം നിയമത്താൽ തന്നെ ഉടൻ അദ്ദേഹത്തിന് ലഭിക്കും. എങ്കിലും ഔദ്യോഗിക സ്ഥാനാരോഹണത്തോടെ മാത്രമേ അദ്ദേഹത്തിന് രൂപതാമെത്രാന്റെ പൂർണ്ണാധികാരങ്ങൾ ലഭിക്കുകയുള്ളൂ. അതുവരെ അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ തന്നെയാണ് അദ്ദേഹവും രൂപതാഭരണം നടത്തേണ്ടത്.

## അഡ്മിനിസ്ട്രേറ്റർമാരുടെ അധികാരങ്ങളും അവകാശങ്ങളും

ലത്തീൻ നിയമസംഹിതയിലെ 422 –ാം കാനോനയനുസരിച്ചും പൗരസ്ത്യനിയമസംഹിതയിലെ 229–ാം കാനോനയനുസരിച്ചും രൂപതയുടെ താത്ക്കാലിക ചുമതല വഹിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് രൂപതാമെത്രാന്റെ എല്ലാ അധികാരങ്ങളും അവകാശങ്ങളും നിയമാനുസൃതം ഉണ്ടായിരിക്കും. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ അവരുടെ അധികാരാവകാശങ്ങളിൽ നിയമത്താൽ ത്തന്നെയുള്ള ചില നിയന്ത്രണങ്ങൾ കാണാവു ന്നതാണ്. കൂടാതെ, ചില കാര്യങ്ങൾ അവയുടെ സ്വഭാവം കൊണ്ടുതന്നെ മെത്രാനുമാത്രം ചെയ്യാവുന്നവയുമാണ്. ഉദാഹരണമായി, തിരുപ്പട്ടം കൊടുക്കൽ. പൗരസ്ത്യ നിയമപ്രകാരം അഡ്മിനിസ്ട്രേറ്റർ ആകുന്നയാൾ മെത്രാൻ അല്ലെങ്കിൽ സിനഡിൽ (Synod of Bishops) പൂർണ്ണ അംഗത്വം ലഭിക്കുകയില്ല. കാരണം പാത്രിയാർക്കൽ സഭയുടെയോ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെയോ മെത്രാന്മാരുടെ സിനഡിൽ മെത്രാന്മാർക്ക് മാത്രമേ അംഗത്വം ഉണ്ടായിരിക്കുകയുള്ളൂ (CCEO .c.102/1). രൂപതായോഗമോ (രൂപതാസിനഡ്) പാസ്റ്ററൽ കൗൺസിലോ വിളിച്ചുകൂട്ടുവാൻ അഡ്മിനിസ്ട്രേറ്റർക്കു അധികാരമില്ല (CCEO.c.237/2; CCEO.c.274/2; CIC.c.468; 2; CIC.c.513/2).

## അഡ്മിനിസ്ട്രേറ്റർ ഭരണം: താത്കാലിക സംവിധാനം

രൂപതാസിംഹാസനം ഒഴിവുവരുന്ന സാഹചര്യത്തിൽ അഡ്മിനിസ്ട്രേറ്ററുടെ ഭരണം ഒരു താത്ക്കാലിക സംവിധാനമായതിനാൽ രൂപതാഭരണത്തിൽ കാതലായ മാറ്റങ്ങൾ വരുത്തുവാൻ അദ്ദേഹത്തിന് പാടുള്ളതല്ല. എന്നാൽ ഒരു വർഷത്തിൽ കൂടുതൽ രൂപതാസിംഹാസനം ഒഴിവായികിടക്കുകയാണെങ്കിൽ അഡ്മിനിസ്ട്രേറ്റർക്ക് രൂപതയിൽ ഒഴിവുവരുന്ന ഇടവകകളിൽ വികാരിമാരെ നിയമിക്കാവുന്നതാണ് (CCEO.c. 286; CIC.c. 525). ഇതിൽ നിന്നും രൂപതാസിംഹാസനം ഒഴിവായികിടക്കുന്ന ഒരു വർഷത്തിനുള്ളിൽ വികാരിമാരെ പുതുതായി നിയമിക്കാനോ അവരെ സ്ഥലം മാറ്റാനോ പാടുള്ളതല്ലെന്ന് വ്യക്തമാണല്ലോ. ലത്തീൻ സഭയ്ക്കുവേണ്ടി 1917–ൽ പുറത്തിറക്കിയ നിയമസംഹിതയിലും ഇപ്രകാരം തന്നെയാണ് നിഷ്ക്കർഷിച്ചിരിക്കുന്നത് (CIC- 1917,c. 455/2,3). ചുരുക്കത്തിൽ, മേൽ പ്രസ്താവിച്ച സാഹചര്യത്തിന് വിധേയമായി ഇടവക വികാരിമാരെ നിയമിക്കാനും സ്ഥലം മാറ്റുവാനുമുള്ള അവകാശം രൂപതാമെത്രാനുള്ളതാണ് (CCEO.c. 284/1, CIC.cc. 523,538).

## നിയന്ത്രണം എന്തുകൊണ്ട്?

രൂപതയുടെ താത്ക്കാലിക ഭരണ ചുമതല നിർവ്വഹിക്കുന്ന അഡ്മിനിസ്ട്രേറ്ററുടെ അധികാരാവകാ

www.malankaralibrary.com

ശങ്ങളിൽ സഭാനിയമം ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത് എന്തുകൊണ്ടാണെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. രണ്ടു കാരണങ്ങൾ കാണാവുന്നതാണ്. ഒന്ന്, ദൈവശാസ്ത്രപരം (Theological); രണ്ട്, നീതിപരിപാലനപരം (Juridical).

## ദൈവശാസ്ത്രപരം

തന്റെ കീഴിൽ ഏല്പിക്കപ്പെട്ടിരിക്കുന്ന രൂപതയിലെ ദൈവജനത്തിന്റെ അജപാലനാവശ്യങ്ങൾ സ്ഥിരമായി നിറവേറ്റുക എന്നത് രൂപതാമെത്രാന്റെ ചുമതലയാണ്. അഡ്മിനിസ്ട്രേറ്റർ രൂപതയുടെ ഭരണചുമതല വഹിക്കുന്നത് ചുരുങ്ങിയ കാലം മാത്രമാണ്. അതുകൊണ്ടുതന്നെ കൂടുതൽ കാലത്തേയ്ക്ക് അജപാലന ചുമതല വൈദികരെ ഏല്പിക്കേണ്ടത് മെത്രാൻ തന്നെയായിരിക്കണം. മാത്രവുമല്ല, ഇത് മെത്രാന്റെ അധികാരത്തിൽ പെടുന്ന കാര്യവുമാണ്.

## നീതിപരിപാലനപരം

അജപാലനദൗത്യ നിർവ്വഹണത്തിന് നിയോഗിക്കപ്പെടുന്ന വികാരിമാർക്ക് ആത്മാക്കളുടെ ക്ഷേമം (care of the souls) ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥിരത (stability) തങ്ങൾ സേവനം ചെയ്യുന്ന ഇടവകകളിൽ ഉണ്ടായിരിക്കണം. അതുകൊണ്ട് ഇടവകകളിൽ വികാരിമാരെ നിയമിക്കുമ്പോൾ ഒരു നിശ്ചിതകാലത്തേയ്ക്ക് എന്നു പറഞ്ഞു നിയമിക്കാൻ സഭാനിയമം അനുവദിക്കുന്നില്ല (CIC.c.522; CCEO.c. 284/3). എന്നാൽ ലത്തീൻ സഭയിൽ മെത്രാന്മാരുടെ കോൺഫ്രൻസ് ഏതെങ്കിലും പ്രദേശത്ത് ഇക്കാര്യത്തിൽ നിയമാനുസൃതം ഭേദഗതി വരുത്തിയിട്ടുണ്ടെങ്കിൽ ആ പ്രദേശത്തെ രൂപതകളിൽ ഒരു നിശ്ചിത കാലത്തേയ്ക്ക് ഇടവകകളിൽ വികാരിമാരെ നിയമിക്കാവുന്നതാണ് (CIC.c.455). 1917ലെ ലത്തീൻ നിയമസംഹിതയും ഇടവകകളിൽ വികാരിമാർക്ക് ആത്മാക്കളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ സ്ഥിരത ഉണ്ടായിരിക്കണമെന്ന് നിഷ്ക്കർഷിച്ചിരുന്നു.

എന്നിരുന്നാലും ചില അത്യാവശ്യ സന്ദർഭങ്ങളിൽ സഭാനിയമത്തിന് വിധേയമായിത്തന്നെ വികാരിമാരെ ഏതവസരത്തിലും സ്ഥലം മാറ്റാൻ മെത്രാന് കഴിയും. തന്മൂലം എല്ലാ വികാരിമാർക്കും ഇടവകകളിൽ ഒരേപോലുള്ള സ്ഥിരത (Stability) ഉണ്ടാകണമെന്നില്ല. കൂടാതെ, പണ്ട് ലത്തീൻ സഭയിൽ ചില വികാരിമാരെ അവർ സേവനം ചെയ്യുന്ന ഇടവകയിൽ കൂടുതൽ കാലത്തേയ്ക്ക് സ്ഥിരതയുള്ളവരെന്നും (enjoying greater stability) മറ്റുള്ളവരെ കുറച്ചുകാലത്തേയ്ക്കു മാത്രം സ്ഥിരതയുള്ളവരുമായി (with less stability) നിയമിക്കുന്ന പതിവുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അത്തരം വ്യത്യാസങ്ങൾ ഇല്ല. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ മെത്രാന്മാരെ സംബന്ധിക്കുന്ന ഡിക്രിയിലെ 31-ാം ഖണ്ഡികയിൽ മേല്പറഞ്ഞ തരത്തിലുള്ള തരംതിരിവ് ഒഴിവാക്കണമെന്നാവശ്യപ്പെട്ടിരുന്നു. തന്മൂലം 1983-ലെ ലത്തീൻ നിയമസംഹിത ഈ തരംതിരിവ് ഒഴിവാക്കിയിരിക്കുകയാണ്.

> ഒരു വർഷത്തിൽ കൂടുതൽ രൂപതാ സിംഹാസനം ഒഴിവായിക്കിടക്കുകയാണെങ്കിൽ അഡ്മിനിസ്ട്രേറ്റർക്ക് ഒഴിവു വരുന്ന ഇടവകകളിൽ വികാരിമാരെ നിയമിക്കാവുന്നതാണ്

## പൗരസ്ത്യ നിയമസംഹിത

പൗരസ്ത്യ നിയമസംഹിത വ്യത്യസ്തമായ രീതിയിലാണ് ഇക്കാര്യത്തെ സമീപിക്കുന്നത്. പൗരസ്ത്യ നിയമവും ഇടവക വികാരിക്ക് തന്റെ ഉദ്യോഗത്തിൽ സ്ഥിരത ഉണ്ടായിരിക്കണമെന്ന് നിഷ്ക്കർഷിക്കുന്നുണ്ട്. അതുകൊണ്ട് ഒരു കാലപരിധിവച്ച് വികാരിമാരെ ഇടവകകളിൽ നിയമിക്കാൻ പാടുള്ളതല്ല. എന്നാൽ ഈ വ്യവസ്ഥയ്ക്ക് അപവാദമായ ചില സാഹചര്യങ്ങൾ പൗരസ്ത്യ നിയമം വിഭാവനം ചെയ്യുന്നുണ്ട്. അവ താഴെ പറയുന്നവയാണ്:-

1. സന്യാസസഭയിലേയോ സന്യസ്തരെപ്പോലെ കൂട്ടായ ജീവിതം നയിക്കുന്ന സമൂഹത്തിലെയോ ഒരംഗത്തിന്റെ കാര്യമാണെങ്കിൽ, 2. നിശ്ചിതകാലത്തേയ്ക്ക് നിയമിക്കപ്പെടുന്നതിന് രേഖാമൂലം സമ്മതിച്ചിട്ടുള്ളപ്പോൾ, 3. പ്രത്യേക സ്ഥിതിവിശേഷമുള്ളപ്പോൾ; അപ്പോൾ രൂപതാ ആലോചനാസംഘത്തിന്റെ സമ്മതവും കിട്ടിയിരിക്കണം, 4. സ്വന്തം സ്വയാധികാരസഭയുടെ (sui juris Churches) പ്രത്യേക നിയമം അനുവദിച്ചിരിക്കണം.

www.malankaralibrary.com



പൗരസ്ത്യ നിയമത്തിലെ മേല്പറഞ്ഞ വ്യവസ്ഥയനുസരിച്ച് സമർപ്പിത സമൂഹത്തിലെ വൈദികന്റെ കാര്യത്തിൽ കാലപരിധി വച്ചുള്ള നിയമനം പാടില്ല എന്ന പൊതുതത്വം ബാധകമല്ല. നിയമിക്കപ്പെടുന്ന വൈദികൻ ഇത്തരമൊരു കാലപരിധിക്ക് സമ്മതിക്കുമ്പോഴും അപ്രകാരം ചെയ്യാവുന്നതാണ്. പ്രത്യേക സാഹചര്യത്തിൽ രൂപതാ ആലോചനാ സംഘത്തിന്റെ സമ്മതത്തോടെയും ഒരു നിശ്ചിത കാലത്തേയ്ക്ക് വികാരിയെ നിയമിക്കാൻ കഴിയും. കൂടാതെ, സ്വയാധികാരസഭയുടെ പ്രത്യേക നിയമത്തിൽ ഇപ്രകാരമൊരു നിശ്ചിതകാലത്തേയ്ക്ക് വികാരിമാരെ നിയമിക്കുവാൻ അനുവാദമുണ്ടെങ്കിലും അപ്രകാരം ചെയ്യാവുന്നതാണ്.

## വികാരിമാരുടെ നിയമനവും സ്ഥലം മാറ്റവും

രൂപതയുടെ താത്ക്കാലിക ചുമതല വഹിക്കുന്ന അഡ്മിനിസ്ട്രേറ്റർ അദ്ദേഹത്തിന്റെ താത്പര്യ പ്രകാരം വികാരിമാരെ നിയമിച്ചാൽ, അത് രൂപതാ ഭരണം ഏറ്റെടുക്കാൻ പോകുന്ന മെത്രാന്റെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റമായി വ്യാഖ്യാനിക്കപ്പെട്ടേക്കാം. തന്മൂലം അഡ്മിനിസ്ട്രേറ്റർ, വികാരിമാരുടെ നിയമനവും സ്ഥലംമാറ്റവും നടത്തുന്നതിനെ സഭാനിയമം നിയന്ത്രിച്ചിരിക്കുകയാണ്. എന്നാൽ ഒഴിവുവരുന്ന ഇടവകകളിൽ ഒരു താത്ക്കാലിക സംവിധാനമെന്ന നിലയിൽ ഒരു വൈദികനെ അഡ്മിനിസ്ട്രേറ്റർ ആയി നിയമിക്കാൻ അദ്ദേഹത്തിന് സാധിക്കും. ഒരു വർഷത്തിലേറെക്കാലം അഡ്മിനിസ്ട്രേറ്ററായി തുടരുകയാണെങ്കിൽ മാത്രമേ വികാരിമാരെ നിയമിക്കാനും സ്ഥലം മാറ്റുവാനും നിയമം അദ്ദേഹത്തെ അനുവദിക്കുകയുള്ളൂ (CIC.c. 525; CCEO.c. 286). എന്നാൽ രൂപതാ സിംഹാസനം ഒഴിവായി ഒരുവർഷം തികയുന്നതിനു മുമ്പ് അഡ്മിനിസ്ട്രേറ്റർ വികാരിമാരെ നിയമിച്ചാലും സ്ഥലംമാറ്റം കൊടുത്താലും പ്രസ്തുത നടപടികൾ അസാധുവായിരിക്കുമെന്ന് നിയമത്തിൽ പറയുന്നില്ല. മറിച്ച് അവ ശരിയായ നടപടിയായിരിക്കില്ല എന്നു മാത്രം.

മുകളിൽ പ്രസ്താവിച്ച ദൈവശാസ്ത്രപരവും നീതിപരിപാലനപരവുമായ കാരണങ്ങളുടെ വെളിച്ചത്തിൽ, രൂപതയുടെ താത്ക്കാലിക ചുമതല വഹിക്കുന്ന അഡ്മിനിസ്ട്രേറ്റർ പുതിയ മെത്രാൻ സ്ഥാനം ഏറ്റെടുക്കുന്നതുവരെ വികാരിമാരെ നിയമിക്കുന്നതിൽ നിന്നും സ്ഥലം മാറ്റുന്നതിൽ നിന്നും ഒഴിഞ്ഞു നില്ക്കേണ്ടതാണ്. ഒരു നിശ്ചിത കാലത്തേയ്ക്ക് നിയമിപ്പിക്കപ്പെട്ട വികാരിമാർക്ക് കാലാവധി കഴിഞ്ഞാലും അവരുടെ ഉദ്യോഗം ഇല്ലാതാകുന്നില്ല. കാരണം, സഭാനിയമപ്രകാരം നിശ്ചിതകാലാവധി പൂർത്തിയാകുകയോ നിയമത്തിൽ നിശ്ചയിച്ചിരിക്കുന്ന പ്രായം തികയുകയോ ചെയ്ത ഒരാളുടെ ഉദ്യോഗം നഷ്ടപ്പെടൽ പ്രാബല്യത്തിൽ വരുന്നതു ബന്ധപ്പെട്ട സഭാധികാരി രേഖാമൂലം അക്കാര്യം അയാളെ അറിയിക്കുന്ന നിമിഷം മുതലായിരിക്കും (CIC.c. 186; CCEO.c. 965/3). ഇതനുസരിച്ച് ഏതെങ്കിലും ഒരു ഇടവകയിലെ നിശ്ചയിക്കപ്പെട്ട കാലാവധി പൂർത്തിയായാൽപ്പോലും സ്ഥാനം ഏൽക്കുന്ന മെത്രാൻ മാറ്റം സംബന്ധിച്ച് തീരുമാനം എടുക്കുന്നതുവരെ അക്കാര്യത്തിൽ അഡ്മിനിസ്ട്രേറ്റർ ഇടപെടേണ്ടതില്ല. പുതിയ മെത്രാന്റെ നിയമനം ഒരു വർഷത്തിൽ കൂടുതൽ നീളുകയും രൂപതയിലെ പ്രത്യേക സാഹചര്യം മൂലം പെട്ടെന്നൊരു നിയമനം അനിവാര്യമാകുകയും ചെയ്യുമ്പോൾ അഡ്മിനിസ്ട്രേറ്റർക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്. ആത്മാക്കളുടെ രക്ഷയെ ബാധിക്കുന്ന ഇത്തരം കാര്യങ്ങളിൽ നിയമം തടസ്സമാകുവാൻ പാടില്ലല്ലോ (CIC.c. 151) ■





**ഡോ. ജോസ് ചിറമേൽ**

റോമിലെ പൊന്റിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കാനൻ നിയമത്തിൽ 1990ൽ ഡോക്ടറേറ്റ്. ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും 1992–ൽ പോസ്റ്റ്–ഡോക്ടറൽ ഡിപ്ലോമ. വിവിധ സെമിനാരികളിൽ കാനൻ നിയമത്തിന്റെ പ്രൊഫസർ.

www.malankaralibrary.com

# നേർമൊഴി



''സീറ്റില്ലാതെയും കേരള രാഷ്ട്രീയത്തിൽ നിൽക്കാൻ കഴിയും.''

**കെ.എം. മാണി.** കേരള കോൺഗ്രസ് നേതാവ്. തന്റെ തൊടുപുഴ പ്രസംഗത്തെക്കുറിച്ച് പറഞ്ഞത്.

“ഒരു ദിവസം ഉറക്കമൊഴിഞ്ഞാൽ പിന്നെ എന്നെക്കൊണ്ട് ഒന്നിനും കൊള്ളില്ല.”

**എ. കെ ആന്റണി.** ഉമ്മൻചാണ്ടിയുടെ കർമനിരതയുമായി സ്വയം താരതമ്യം ചെയ്ത് പറഞ്ഞത്.

“സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അയാൾ ചിന്തിക്കുകയും ചെയ്യുന്നു.”

**ദിമിത്രി മെഡ്‌വെഡേവ.** റഷ്യൻ പ്രസിഡന്റ്. ഒബാമയെക്കുറിച്ച് പറഞ്ഞത്.

“പ്രൊഫണലിസത്തിന്റെ മലയാളപദം ഏതെന്ന് സുഹൃത്തിനോടു ചോദിച്ചു. കുറച്ചൊന്നു ആലോചിച്ചിട്ട് അയാൾ പറഞ്ഞു മലയാളത്തിൽ അങ്ങനൊരു വാക്ക് ഉണ്ടാവാനിടയില്ല. കാരണം മലയാളിക്ക് അത്തരമൊരു ശീലമില്ല.”

**ആർ.വി.ജി. മേനോൻ.** മുൻ ഡയറക്ടർ, ANERT

“കേരളം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയാണ്. ലോകത്തിലെല്ലാം വിദ്യാസമ്പന്നർ സമൂഹത്തിന്റെ ആസ്തിയായിരിക്കുമ്പോൾ കേരളത്തിൽ മാത്രം അവർ ബാധ്യതയായി മാറുന്നു.”

**ഡോ. ബി. ഇക്ബാൽ.** മുൻ വൈസ് ചാൻസലർ. കേരള സർവ്വകലാശാല.

“ഞങ്ങൾ അയാൾക്ക് ആദ്യം ചെറിയ ഗുളിക കൊടുത്തുനോക്കും. പറ്റിയില്ലെങ്കിൽ അല്പം കൂടി ഡോസ് കൂട്ടും. അതുകൊണ്ടും കുറഞ്ഞില്ലെങ്കിൽ കുത്തിവെയ്പ് നടത്തും.”

**ലാലുപ്രസാദ് യാദവ്.** ബി.ജെ.പി. നേതാവ് ഗാഡ്ക്കരിയുടെ പരാമർശത്തെക്കുറിച്ച് പ്രതികരിച്ചത്.

“മന്ത്രി എളമരവും മാർക്സിസ്റ്റ് പാർട്ടിയും സംസാരിക്കുന്നത് മുൻ അമേരിക്കൻ പ്രസിഡന്റ് ഇറാഖിൽ സംസാരിച്ച അതേ ഭാഷയാണ്.”

**എം.പി. വീരേന്ദ്രകുമാർ.** കിനാലൂർ പോലീസ് മർദ്ദനത്തെക്കുറിച്ച് പ്രതികരിച്ചത്.

“സഹകരണവും അതിക്രമിച്ചു കീഴടക്കലും തമ്മിൽ ഒരു നേരിയ വ്യത്യാസമുണ്ട്.”

**ഹമീദ് കർസായി.** അഫ്ഗാൻ പ്രസിഡന്റ്. ഒബാമയുടെ അഫ്ഗാൻ സന്ദർശനശേഷം പറഞ്ഞത്.

“ഈ സർക്കാരിൽ ചിലർക്കെങ്കിലും അറിയാം ഒസാമ ബിൻലാദൻ എവിടെയാണെന്ന്”

**ഹിലരി ക്ലിന്റൺ.** യു.എസ്. സ്റ്റേറ്റ് സെക്രട്ടറി പാക്കിസ്ഥാൻ സർക്കാരിലെ ചിലരുടെ അൽഖ്വൈദ ബന്ധത്തെക്കുറിച്ച് പറഞ്ഞത്.

“ദൈവം ഏകാന്തവാസിയല്ല, മറിച്ച് കൂട്ടായ്മയാണ്. അതിനാൽ ദൈവഛായയിലുള്ള മനുഷ്യനും സ്നേഹത്തിന്റെ കൂട്ടായ്മയിലാണ് ആത്മനിർവൃതി കണ്ടെത്തുന്നത്”



**ബനഡിക് 16–ാമൻ മാർപ്പാപ്പ.**

www.malankaralibrary.com



# ഭീതിപടർത്തുന്ന ഐക്യം

മനുഷ്യപുത്രൻ

കേരളത്തിലെ കോൺഗ്രസുകാർ ഒരേസ്വരത്തിൽ സംസാരിക്കുന്നത് വളരെ അപൂർവ്വമാണ്. അതിന് അടിസ്ഥാന കാരണം ഗ്രൂപ്പുകൾ തന്നെയാണ്. ഇത് കോൺഗ്രസ് സംസ്ക്കാരത്തിന്റെ ഭാഗമാണെന്നാണ് നേതാക്കൾ ഉളുപ്പില്ലാതെ സമ്മതിക്കുന്നത്. എന്നാൽ എല്ലാ ഗ്രൂപ്പുകാരും ഒറ്റക്കെട്ടായി സംസാരിച്ച അപൂർവ്വ മുഹൂർത്തത്തിനാണ് കേരളസമൂഹം കഴിഞ്ഞ മാസം സാക്ഷികളായത്. എന്തിനാണെന്നല്ലേ?

കേരളകോൺഗ്രസുകളുടെ ലയനത്തെ എതിർക്കാൻ. ചെന്നിത്തലയും ഉമ്മൻ ചാണ്ടിയും മുതൽ കോൺഗ്രസിലെ ഞാഞ്ഞൂൽ നേതാക്കന്മാർവരെ എതിർപ്പിന്റെ സീൽക്കാരവുമായി രംഗത്തെത്തിയെന്നതാണ് രസകരം. ചില ഞാഞ്ഞൂലുകളുടെ സീൽക്കാരം ഇനിയും നിലച്ചിട്ടില്ല.

ഇവിടെ സാധാരണക്കാരന് ഒരു സംശയം തോന്നുന്നു. പത്ത് വോട്ട് കൂടുതൽ കിട്ടുമ്പോൾ ആരും സന്തോഷിക്കുകയല്ലേ ചെയ്യുന്നത്? പിന്നെന്തിനാണ് കോൺഗ്രസുകാരെല്ലാം ഇത്ര ബേജാറാവുന്നത്? അപ്പോഴാണ് ജോസഫിനെതിരെ അഴിമതിയും ആരോപണവുമൊക്കെ അവർ നിരത്തുന്നത്. ലയനത്തെ എതിർക്കുന്നവരുടെ നിരയിലേയ്ക്ക് നോക്കുമ്പോഴാണ് ഈ ആരോപണങ്ങളുടെ അപഹാസ്യത വെളിവാകുന്നത്. സാക്ഷാൽ കുഞ്ഞാലിക്കുട്ടി മുതൽ വെള്ളാപ്പള്ളി നടേശൻ വരെയുള്ളവരെ എതിർപ്പുകാരുടെയിടയിൽ നമുക്കു കാണാനാവും.

അപ്പോൾ ഒരു കാര്യം വ്യക്തം; കോൺഗ്രസ്സുകാർക്കു മാത്രമല്ല എതിർപ്പുള്ളത്. ലയനം കോൺഗ്രസുകാരെ കൂടാതെ മറ്റു പലരിലും ഭീതി പടർത്തിയിരിക്കുന്നു. എന്നാൽ എതിർപ്പ് പറയാത്തത് ചങ്ങനാശ്ശേരിയിലെ നായർ നേതാക്കൾ മാത്രമേയുള്ളൂ. പഴയ നായർ ക്രൈസ്തവ സൗഹാർദ്ദമാണോ അതിനു കാരണം എന്നറിയില്ല. എന്തായാലും കോൺഗ്രസുകാരെയും മുസ്ലീമിനെയും ഈഴവനെയുമൊക്കെ അസ്വസ്ഥരാക്കുന്നതാണ് ഈ കേ.കോൺഗ്രസുകളുടെ ലയനനീക്കം.

സാമാന്യബോധമുള്ളവർക്കൊക്കെ ഒരു കാര്യം അനുമാനിക്കാവുന്നതേയുള്ളൂ. ഇവരാരും ഭയപ്പെടുന്നത് മാണിസാറിനെയോ ജോസഫിനെയോ അല്ല. കാരണം അവരെ രണ്ടുപേരെയും കൂടെനിർത്തി ഭരണവും സമരവും നടത്തിയവരാണിവരൊക്കെ.

പിന്നെ ആരെയാണ് ഇവർ ഭയക്കുന്നത്? മലയാളികളുടെയെല്ലാം മനസ്സിൽ നിറഞ്ഞുനിന്നിട്ടും ആരും പറയാത്തൊരു സത്യമുണ്ട്. എല്ലാവരും ഭയക്കുന്നത് ക്രൈസ്തവ വോട്ട് ബാങ്കിന്റെ ഏകീകരണത്തെയാണ്. ഭിന്നിച്ചുപോയിരുന്ന ക്രൈസ്തവവോട്ടുകൾ ഒന്നിക്കും; തമ്മിലടിച്ചു നഷ്ടപ്പെട്ടിരുന്ന അസംബ്ലിസീറ്റുകളുടെ എണ്ണം ഇനിയിപ്പോൾ കൂടും. അതിലൂടെ ക്രൈസ്തവ സമുദായത്തിന്റെയും മതമേഖലയുടെയും സ്വാധീനം വർദ്ധിക്കും. ഒറ്റവാക്കിൽ 'വർഗ്ഗീയതയാണ്' കേരളകോൺഗ്രസുകളുടെ ലയനത്തെ എതിർക്കാൻ സകലരെയും പ്രേരിപ്പിക്കുന്നത്; വെറും വർഗീയത. മലയാളികളുടെ ജന്മസിദ്ധമായ കപടത കൊണ്ട് ആരുമിത് തുറന്നു സമ്മതിക്കുന്നില്ലെന്നു മാത്രം.

ഇതിന് എന്താണൊരു പ്രതിവിധി? മറ്റു സമുദായങ്ങളുടെ ഭീതിയകറ്റുക എന്നതാണ് ശരിയായ മാർഗ്ഗം. അതിന് എന്തു ചെയ്യണം? ക്രൈസ്തവസമുദായത്തിന്റെ യോജിപ്പുകൊണ്ട് മറ്റു മതസ്ഥർക്ക് നഷ്ടം വരില്ലെന്ന് അവരെ ബോധ്യപ്പെടുത്തണം. അതിലുപരി, ഐക്യംകൊണ്ട് മറ്റു മതസ്ഥർക്കും നേട്ടം ഉണ്ടാകുമെന്ന് അവർക്ക് കാട്ടിക്കൊടുക്കണം.

പരസ്പര ചർച്ചയുടെയും ഒരുമിച്ചു കൂടലിന്റെയും വാതിലുകൾ മറ്റുമതസ്ഥർക്കായി തുറന്നിടുകയാണ് ഇതിനായി ക്രൈസ്തവർ ആദ്യം ചെയ്യേണ്ടത്. അത്തരം അവസരങ്ങൾ വളർത്തിക്കൊണ്ടുവരണം. പോരാ മറ്റുമതസ്ഥർ തുറന്നിടുന്ന വേദികളിലേയ്ക്ക് നിർഭയം കടന്നു ചെല്ലണം. ഇതിന് ഏറ്റവും നല്ല മാതൃക കാട്ടിയത് മലങ്കര കാതോലിക്കാ ബാവ ക്ലീമിസ് പിതാവാണ്. മെയ് 8–ാം തീയതി മാതാ അമൃതാനന്ദമയിയുമായി അദ്ദേഹം കോട്ടയത്ത് വേദി പങ്കിട്ടു. അവർ നടത്തുന്ന ഉപവി പ്രവർത്തികളെ അഭിനന്ദിച്ചു; പിന്തുണച്ചു, അതും ഒരു ക്രിസ്തുശിഷ്യനെന്ന നിലയിൽ. ■

www.malankaralibrary.com

May 2010 / Karunikan Monthly RNI No. KERMAL/2007/19623 Postal Reg. No. KL/ALY/0010/2010-12
Licence No. KL/CR/ALY/WPP-02/2010-12 Licensed to Post Without Prepayment

## കാരുണികൻ

# വരിക്കാരാകൂ... സമ്മാനം നേടൂ!




## വരിസംഖ്യ

| | | |
|---|---|---|
| 1 വർഷം | : | Rs. 250/- |
| 5 വർഷം | : | Rs. 1000/- |
| ആജീവനാന്തം | : | Rs. 5000/- |

- അഞ്ച് വർഷത്തെ വരിക്കാർക്ക് **500 രൂപയുടെ പുസ്തകം** സമ്മാനം
- ആജീവനാന്ത വരിക്കാർക്ക് ആദ്യവർഷം **500 രൂപയുടെ പുസ്തകവും**; എല്ലാ വർഷം **100 രൂപയുടെ പുസ്തകവും** സമ്മാനം

* Postage Extra

## ലഭ്യമായ പുസ്തകങ്ങൾ

| പുസ്തകം | വില |
|---|---|
| Human Face of Divine Compassion | 150/- |
| Priest as a Man | 130/- |
| Christ Centered Priest | 130/- |
| Dew Drops | 70/- |
| Communication Can Renew the Church | 250/- |
| ബൈബിൾ തിരുവചനത്തിലേക്ക് പത്ത് ചുവടുകൾ | 70/- |
| ബൈബിൾ വ്യാഖ്യാനത്തിന് സഭയുടെ മാർഗ്ഗരേഖ | 70/- |

| പുസ്തകം | വില |
|---|---|
| നൂറുമേനി - പാർട്ട് 1 | 80/- |
| നൂറുമേനി - പാർട്ട് 2 | 80/- |
| മാതൃതീർത്ഥങ്ങളിൽ | 120/- |
| കുടുംബജീവിതം പ്രാഥമിക പാഠങ്ങൾ | 60/- |
| സഭാനിയമ സമീക്ഷ | 80/- |
| ഇത് എന്റെ ശരീരം | 60/- |
| നസ്രായന്റെ കൂടെ | 90/- |
| പുരോഹിതൻ | 80/- |

Printed and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O. Kochi-682015, Ernakulam Dt.
Printed at St.Joseph's Orphanage Press, Changanacherry, Kerala - 686 101, Editor: Fr. Jacob Naluparayil